ISSN 2582-2764



# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നം. 03/2020 | ജൂൺ 2020 | തിരുവനന്തപുരം | പേജ് 26 | വില 10 രൂപ

» 05 മാണിസാർ എനിക്കൊരു പാഠപുസ്തകമായിരുന്നു

» 06 പി.സി. യുടെ ക്രമപ്രശ്നത്തിന് എ.കെ. ബാലന്റെ മറുപടി

» 08 കൊറോണ പ്രതിരോധത്തിന് പഴുതടച്ച നടപടികൾ

ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

## അതിജീവിക്കും .... ഈ മഹാമാരിയേയും

**പി.ശ്രീരാമകൃഷ്ണൻ**, സ്പീക്കർ



'ഇതേതിരുൾക്കുഴി മേലുരുളട്ടെ, വിടില്ല ഞാനീ രശ്മികളെ' മലയാളത്തിന്റെ പ്രിയകവി ഇടശ്ശേരി ഗോവിന്ദൻ നായരുടെ വരികളാണിത്. വീഴ്ചകളിൽ നിന്നും തകർച്ചകളിൽ നിന്നും പുതിയ പാഠങ്ങളുൾക്കൊണ്ട് ഉയിർത്തെഴുന്നേൽക്കുക എന്നതാണ് മനുഷ്യനെ മുന്നോട്ട് നയിക്കുന്നതിൽ പ്രധാനമെന്ന് പറയാം. ലോകമാകെ കൊറോണ പടർന്ന ഭീതിദമായ സാഹചര്യത്തിലും മനുഷ്യനെ നയിക്കുന്നത് ഇരുളിൽ ബാക്കി നിൽക്കുന്ന, പ്രതീക്ഷയുടെ പ്രകാശരശ്മികളാണ്. ആ ചെറുവെട്ടത്തിൽ മനുഷ്യൻ നേടിയ പുതിയ അനുഭവങ്ങളും പുതിയ പാഠങ്ങളും എളുതല്ല.

രോഗത്തെക്കുറിച്ചുള്ള ജാഗ്രതയും ആരോഗ്യത്തിലും ശുചിത്വത്തിലുമുള്ള ശ്രദ്ധയും തന്നെയാണ് ഏറ്റവും പ്രധാനം. മാസ്ക് ധരിക്കുന്നവരെയോ മൂക്കും വായും മൂടികെട്ടുന്നവരെയോ വിചിത്രമായി കണ്ടിരുന്ന നമ്മളിന്ന് അത് ഏറ്റവും നല്ല സുരക്ഷാമാർഗ്ഗമായി കാണുന്നു. രോഗങ്ങളെക്കുറിച്ചുള്ള അനാവശ്യ ആശങ്കകൾ മാറ്റി, അത്യാവശ്യത്തിന് മാത്രമേ ആശുപത്രികളെ ആശ്രയിച്ചുള്ളൂ. കൈകൾ കഴുകുന്നതിൽ ശ്രദ്ധാലുക്കളായി. പൊതുസ്ഥലങ്ങളിൽ തുപ്പുന്നതിലും മൂത്രമൊഴിക്കുന്നതിലും ഒരു അപാകതയും കാണാതിരുന്നവർ ഇന്ന് അത് സ്വയം തിരുത്താനും മറ്റുള്ളവരെ ബോധവത്കരിക്കാനും തുടങ്ങിയിട്ടുണ്ട്. വ്യക്തിശുചിത്വവും സാമൂഹിക അകലവും ദൈനംദിനജീവിതത്തിന്റെ മുഖമുദ്രകളായിക്കഴിഞ്ഞു.

ലോക്ക്ഡൗൺ കാലം കൊണ്ടുവന്നത് അറുതിയുടേയും ആശങ്കയുടേയും നാളുകൾ മാത്രമായിരുന്നില്ല. തിരക്കിട്ട് ഓടിയിരുന്ന മനുഷ്യരിൽ നിന്ന് തന്നെയും തന്റെ ജീവിതപരിസരങ്ങളേയും കുറിച്ച് ആഴത്തിൽ ചിന്തിക്കാൻ, തന്റെ തന്നെ കഴിവുകളെ തെളിച്ചെടുക്കാൻ ഉള്ള അവസരമായി ഈ കൊറോണക്കാലം മാറി. ക്രിയാത്മകമായ ഇത്തരം ഇടപെടലുകൾ സമൂഹത്തിലാകെ പ്രസരിച്ചതാണ് കൊറോണപ്രതിരോധത്തിന്റെ ഒരു 'കേരള മോഡൽ" സാധ്യമാക്കിയത്. സന്നദ്ധപ്രവർത്തകരായി കേരളഗവൺമെന്റിനെ പിന്തുണയ്ക്കാൻ പതിനായിരങ്ങൾ തയ്യാറായത് ഭാവിയുടെ ശുഭസൂചകം തന്നെയാണ്. കമ്മ്യൂണിറ്റി കിച്ചണുകൾ വഴിയും അല്ലാതെയും സംഘടിതമായും ഒറ്റയ്ക്കും ഓരോരുത്തരും അവരാൽ കഴിയും വിധം സഹായഹസ്തവുമായി ഉണർന്നിരുന്നു. സഹോദരൻ അയ്യപ്പനെക്കുറിച്ച് ശ്രീനാരായണഗുരു പറഞ്ഞതുപോലെ പ്രവൃത്തിയിൽ ദൈവമുണ്ടെന്ന് പറയാവുന്ന വിധം ആചാരാനുഷ്ഠാനങ്ങളേക്കാൾ സഹാനുഭൂതിയിലും സഹായസന്നദ്ധതയിലും ദൈവികത കണ്ടെത്തുകയായിരുന്നു നമ്മൾ. മാനവസേവനമാണ് മാധവസേവനം എന്നാണല്ലോ വിവേകാനന്ദസ്വാമിജിയും പറഞ്ഞത്. ജാതിമതദേശാദികൾക്ക് അതീതമായ മാനവികതയാലാണ് നമ്മൾ ഈ ദുരിതകാലത്തെ അതിജീവിക്കുന്നത്.

ഭക്ഷ്യധാന്യങ്ങളുടേയും പച്ചക്കറികളുടേയും കാര്യത്തിൽ സ്വാശ്രയത്വം കൈവരിക്കേണ്ടതുണ്ട് എന്ന് ഓരോ കുടുംബത്തിനും തോന്നിയ കാലമായിക്കൂടി ഇത് മാറി. ഓരോരുത്തരും അവരവരുടെ വീട്ടുപരിസരങ്ങളിൽ ആവുന്ന കൃഷികൾ ചെയ്യാൻ സന്നദ്ധരായി എന്നതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. തരിശുഭൂമികൾ കൃഷിയിടങ്ങളായി മാറ്റിയ യുവാക്കൾ നാളെയുടെ ഊർജ്ജമാണ്. കപ്പയും മാങ്ങയും ചക്കയും ചക്കക്കുരുവും ചീരയും മുരിങ്ങയിലയും എന്നുവേണ്ട കേരളീയരുടെ തനതുഭക്ഷണവിഭവങ്ങളെല്ലാം തീൻമേശകളിലേക്ക് തിരികെയെത്തി. ജങ്ക് ഫുഡുകൾക്കു പിന്നാലെ പോയിരുന്നവർ സ്വന്തം തൊടിയിലെ പ്രകൃതിവിഭവങ്ങളിലേക്ക് തിരിയുകയും കേരളത്തിന്റെ കാർഷികസംസ്കൃതിയെ പുതിയമട്ടിൽ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു.

ലോക്ക്ഡൗൺ കാലത്തെ പ്രകൃതിയേയും പരിസ്ഥിതിയേയും കുറിച്ചും ഏറെ ചർച്ചകളുണ്ടായി. കൊറോണവ്യാപനത്തെ തുടർന്ന്, ചൈനയിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം വുഹാൻസിറ്റിയുടെ വായുമലിനീകരണത്തിൽ വന്ന മാറ്റത്തിന്റെ ഒരു മാപ്പ് യൂറോപ്യൻ സ്പേസ് ഏജൻസിയും നാസയും പ്രസിദ്ധീകരിച്ചിരുന്നു. വാഹനങ്ങളും ഫാക്ടറികളും പുറന്തള്ളുന്ന നൈട്രജൻ ഡൈയോക്സൈഡിൽ വന്ന ഗണ്യമായ കുറവ് അതിൽ കാണാം. ഡൽഹിയുടെ അന്തരീക്ഷത്തിലെ കാർബണിന്റെ അളവിലും കുറവുണ്ടായതായി

(...ശേഷം പേജ് 2)




'നിസ്സംഗരായിരിക്കാനുള്ള നേരമല്ലിത്. ലോകം മുഴുവൻ ദുരിതമനുഭവിക്കുന്ന ഈ സമയത്ത് നാം ഒന്നിച്ചുനില്ക്കണം. അഹമെന്ന ചിന്തയ്ക്കുള്ള സമയവും അല്ലിത്. കാരണം, നാമെല്ലാം പങ്കുവയ്ക്കുന്നത് ഒരേ വെല്ലുവിളിയാണ്. ഉദാസീനത, അഹംഭാവം, വിഭാഗീയത, മറവി എന്നിവ ഇത്തരുണത്തിൽ നാം കേൾക്കാനാഗ്രഹിക്കുന്ന വാക്കുകളല്ല. ഇവ എന്നന്നേയ്ക്കുമായി നിരോധിക്കാൻ നാം ആഗ്രഹിക്കുന്നു'.

**ഫ്രാൻസിസ് മാർപാപ്പ**

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സഭാദ്ധ്യക്ഷൻമാർ

കോവിഡ് 19 നെതിരെ വിവിധ സംസ്ഥാനങ്ങൾ നടപ്പിലാക്കി വരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി നിയമസഭാ സ്പീക്കർമാരുടെ കോൺഫറൻസ് ലോക്സഭാ സ്പീക്കർ വിളിച്ചു ചേർത്തു. വീഡിയോ കോൺഫറൻസിലൂടെയാണ് ഓം ബിർള നിയമസഭാ സ്പീക്കർമാരുമായി സംസാരിച്ചത്. കേരള നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷണൻ മലപ്പുറം ജില്ലാ കളക്ടറേറ്റിൽ നിന്നും യോഗത്തിൽ പങ്കെടുത്തു. രോഗവ്യാപനം തിരിച്ചറിയുന്നതിനും തടയുന്നതിനും ശക്തമായ പ്രതിരോധനടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും, സാമൂഹ്യ വ്യാപനം തടയാനും അസുഖം ബാധിച്ചവരെ ചികിത്സിച്ച് സുഖപ്പെടുത്താനും കഴിഞ്ഞതാണ് കേരളത്തിൽ ഇത്രവേഗം കോവിഡ് നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞതെന്നും സ്പീക്കർ വ്യക്തമാക്കി. കോവിഡ് പ്രതിരോധത്തിനായി ബൃഹത്തായ ഒരു സാമ്പത്തിക പാക്കേജ് സർക്കാർ ആവിഷ്ക്കരിച്ചതായും, ആദ്യഘട്ടത്തിൽ 20,000 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിരിക്കുന്നതെന്നും ക്ഷേമ പെൻഷൻകാർക്ക് 8000 രൂപ വീതം വിതരണം ചെയ്തതായും പെൻഷൻ ലഭിക്കാത്തവർക്കും സഹായം നൽകുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. ആവശ്യമുള്ളവർക്കെല്ലാം ഭക്ഷണം സൗജന്യമായി വീട്ടിൽ എത്തിച്ചുകൊടുക്കുന്ന അതിവിപുലമായ ഒരു പദ്ധതിയും സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വരുന്നുണ്ടെന്നും, പുറം സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് ജോലിചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും അവർക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളുടെ കിറ്റ് കൃത്യമായി നൽകിവരുന്നുണ്ടെന്നും സ്പീക്കർ പറഞ്ഞു. 'അന്യദേശ തൊഴിലാളികൾ' എന്ന പ്രയോഗത്തിന് പകരം 'അതിഥി തൊഴിലാളികൾ' എന്ന പരിഗണന നൽകിയാണ് അവർക്കുള്ള ഭക്ഷ്യവസ്തുക്കളും പാർപ്പിടവും സർക്കാർ ഉറപ്പു വരുത്തുന്നതെന്നും സ്പീക്കർ ചൂണ്ടിക്കാട്ടി.

ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചും സൗജന്യ ഭക്ഷണ വിതരണത്തിൽ പങ്കെടുത്തും കേരള നിയമസഭാ സെക്രട്ടേറിയറ്റും ഈ വലിയ സംരംഭത്തിൽ ഭാഗഭാക്കായതായും സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ വിശദീകരിച്ചു. കൊറോണ ക്കെതിരായ പോരാട്ടത്തിൽ ലോകശ്രദ്ധ നേടാൻ കഴിഞ്ഞത് കേരളത്തിലെ ജനങ്ങളുടെ ഐക്യവും കൂട്ടായ്മയും കൂടി കൊണ്ടാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



(...തുടർച്ച പേജ് 1)

റിപ്പോർട്ടുകൾ വന്നിരുന്നു. മത്സ്യബന്ധനത്തിന്റെ തോത് കുറഞ്ഞപ്പോൾ മത്സ്യവിഭവങ്ങളും വർദ്ധിച്ചു. വനനശീകരണം കുറഞ്ഞു. മയിലുകൾ വീട്ടുവളപ്പിലും റോഡുകളിലും വിരുന്നെത്തിയ ചിത്രങ്ങൾ സൂചിപ്പിക്കുന്നത് പ്രകൃതി അതിന്റെ സ്വാഭാവികയിടങ്ങളെ അന്വേഷിക്കുന്നുവെന്നതാണ്. തുടർന്നും പരിസ്ഥിതിസൗഹാർദ്ദപരമായി തന്നെ നമുക്ക് തുടരാൻ കഴിയണം.

കേവലമായ തിരിച്ചുപോക്കുകളല്ല ഇവിടെ സംഭവിക്കുന്നത്. തൊഴിൽ മേഖലകളിലും തൊഴിലിടങ്ങളിലും പ്രതിസന്ധി രൂക്ഷമായ കാലം കൂടിയാണ് ഇത്. ഈ പ്രതിസന്ധിയെ പലരും പലമട്ടിൽ തരണം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി സാങ്കേതികമായി ഏറെ മുന്നേറാനുള്ള ശ്രമത്തിലാണ് നമ്മളോരോരുത്തരും. കോവിഡ് ഭീതി നീളുമെന്ന വാർത്തകൾ നമ്മളോരോരുത്തരേയും സാങ്കേതികമായി മുന്നേറാൻ പ്രേരിപ്പിച്ചിരിക്കുന്നു. ഓൺലൈനായും ഇന്റർനെറ്റിന്റെ സഹായത്തോടെയും പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്.

വിവാഹാദി ആഘോഷങ്ങളിൽ വന്ന മാറ്റവും നിസ്സാരമല്ല. ഇത്രനാളും നമ്മൾ കൊണ്ടുനടന്ന പല ധാരണകളും പൊളിച്ചെഴുതിക്കൊണ്ട് വളരെ ലളിതമായി, ഒരു പുതിയ ജീവിതസന്ധിയിലേക്ക് കടക്കുന്ന മുഹൂർത്തമായി വിവാഹം മാറി. ജീവിതക്രമങ്ങളിലേയും കാഴ്ചപ്പാടുകളിലേയും ഇത്തരം മാറ്റങ്ങളെല്ലാം വരുംകാലങ്ങളിൽ നമ്മുടെ സാമ്പത്തികവിനിമയങ്ങളിലും സാമൂഹികജീവിതത്തിലും വലിയ മാറ്റങ്ങളുണ്ടാക്കുമെന്ന് പ്രതീക്ഷിക്കാം.

ഏത് പ്രതിസന്ധിയേയും തരണം ചെയ്യുമെന്ന ആത്മവിശ്വാസത്തിലാണ് തിരികെയെത്തുന്ന പ്രവാസികളെ സ്വീകരിക്കാൻ നമ്മൾ തയ്യാറെടുക്കുന്നതും. ജീവിതത്തിന്റെ വലിയൊരു കാലം അവർ ചെലവഴിച്ചത് നമ്മുടെ നാടിന്റെ സാമ്പത്തികോന്നമനത്തിനും വേണ്ടിയാണ്. അതിനാൽ മാറുന്ന സാഹചര്യങ്ങളെ എങ്ങനെ അനുകൂലമാക്കാമെന്ന് കൂട്ടായി ആലോചിച്ച് പ്രാവർത്തികമാക്കേണ്ടതുണ്ട്.

ഏത് മഹാവിപത്തിനേയും നേരിടാൻ പോന്ന കരുത്ത് മനുഷ്യമനസ്സിനുണ്ടെന്നിരിക്കെ അനുഗുണമായ മാറ്റങ്ങളിലൂടെ നമ്മൾ അതിജീവിക്കുക തന്നെ ചെയ്യുമല്ലോ!


## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

### എലത്തൂർ നിയോജക മണ്ഡലം വികസനക്കുതിപ്പിൽ; അക്ഷര വെളിച്ചമായി വൈക്കം മുഹമ്മദ് ബഷീർ ഗ്രന്ഥാലയം

**എ.കെ.ശശീന്ദ്രൻ**, എലത്തൂർ



എലത്തൂർ നിയോജക മണ്ഡലം വികസനക്കുതിപ്പിലാണ്. മണ്ഡലത്തിലെ സാംസ്കാരിക മേഖലയിലെ തിലകക്കുറിയായി മാറിയിരിക്കുകയാണ് മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ നാമധേയത്തിലുള്ള ഈന്താട് വൈക്കം മുഹമ്മദ് ബഷീർ ഗ്രന്ഥാലയം. ഗ്രന്ഥാലയത്തിന് സ്വന്തമായൊരു കെട്ടിടം എന്ന വർഷങ്ങളായുള്ള സ്വപ്നം സാക്ഷാത്കരിച്ചിരിക്കുകയാണ്. എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുള്ള 35 ലക്ഷം രൂപ വിനിയോഗിച്ച് പണിത ആധുനിക സൗകര്യങ്ങളോടെയുള്ള ഇരുനില കെട്ടിടത്തിന്റെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി കെ.ടി.ജലീൽ നിർവ്വഹിച്ചു. ഗ്രന്ഥാലയങ്ങൾ നാടിന്റെ പൊതു ഇടങ്ങളാണെന്ന് കെ.ടി. ജലീൽ പറഞ്ഞു. അറിവ് ആയുധമാണെന്ന തിരിച്ചറിവുള്ള വായനാതൽപ്പരരായ ഒരു കൂട്ടം ആളുകളിൽ നിന്നാണ് ഗ്രന്ഥാലയം എന്ന ആശയം പിറന്നത്. ലൈബ്രറി യുണ്ടാക്കിയാൽ എല്ലാവർക്കും എല്ലാ പുസ്തകങ്ങളും വായിക്കാമെന്ന ചിന്തയാണ് ഗ്രന്ഥശാലയുടെ രൂപീകരണത്തിലേക്ക് എത്തിയത്. പ്രദേശത്തെ എല്ലാ വീടുകളും കേന്ദ്രീകരിച്ച് പുസ്തക ശേഖരണം നടത്തി 2005ൽ വാടക കെട്ടിടത്തിലാണ് ഗ്രന്ഥാലയത്തിന് തുടക്കമിട്ടത്. സമൂഹത്തിന്റെ വിവിധ



മേഖലകളിലുള്ള നൂറുകണക്കിന് ആളുകളാണ് ഈ ഗ്രന്ഥാലയത്തിന്റെ വായനാപരിസരം. 15 വർഷം പിന്നിട്ടപ്പോഴാണ് സ്വന്തമായൊരു കെട്ടിടമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നത്. ഈന്താട് എ.എൽ.പി. സ്കൂൾ, നടുവല്ലൂർ എ.എം.എൽ.പി. സ്കൂൾ(നെല്ലിക്കുന്ന് സ്കൂൾ), പാവണ്ടൂർ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ നിന്നായി 250 ഓളം വിദ്യാർത്ഥികളും 110 മുതിർന്നവരും ഗ്രന്ഥശാലയിൽ അംഗങ്ങളായുണ്ട്. വിവിധ സാഹിത്യ ശാഖകളിലെ പുസ്തകങ്ങളും റഫറൻസ് ബുക്കുകളുമടക്കം ആയിരക്കണക്കിന് ഗ്രന്ഥങ്ങൾ ഇവിടെയുണ്ട്. പ്രഭാഷണങ്ങൾ, ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ എന്നിവ ഗ്രന്ഥാലയത്തെ സജീവമാക്കുന്നു. അറിവിലൂടെ ഒരു ഗ്രാമത്തെ സാംസ്ക്കാരിക വെളിച്ചത്തിലേക്ക് നയിക്കാനുള്ള വഴികാട്ടിയാവുകയാണ് ഈ ഗ്രന്ഥാലയം. പുതിയ കെട്ടിടത്തിലേക്ക് മാറിയതോടെ ഗ്രന്ഥശാലയുടെ പ്രവർത്തനം കൂടുതൽ സജീവമാകുകയാണ്.

### പാവപ്പെട്ടവർക്ക് മരുന്നുവിതരണം

**അനിൽ അക്കര**, വടക്കാഞ്ചേരി

നിയോജകമണ്ഡലത്തിലെ പാവപ്പെട്ടവർക്കുള്ള മരുന്ന് വിതരണം ആദ്യഘട്ടം പൂർത്തിയായി. വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലുമായി അയ്യായിരത്തോളമാളുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. കുറിപ്പടികളിൽ ഭൂരിഭാഗം പേർക്കും മുഴുവൻ മരുന്നുകളും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇനിമുതൽ പഞ്ചായത്ത്, നഗരസഭ എന്നിവിടങ്ങളിൽ മരുന്ന് വിതരണം നടത്തുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതനുസരിച്ചും മരുന്ന് ലഭ്യമാകാത്ത ഹാർട്ട്, കിഡ്നി, ലിവർ, കാൻസർ എന്നീ അസുഖങ്ങളുള്ള വളരെ പാവപ്പെട്ടവർക്ക് ജനപ്രതിനിധികളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർന്നും മരുന്ന് നൽകുന്നതാണ്. വിതരണത്തിനാവശ്യമായ മരുന്നുകളും സഹായവും നൽകിയ മുഴുവൻ സംഘടനകൾക്കും വ്യക്തികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

### പ്രവാസി ഹെൽപ് ഡെസ്ക്

**കെ.എസ്.ശബരീനാഥൻ**, അരുവിക്കര

പ്രവാസി സഹോദരങ്ങളിൽ വലിയൊരു വിഭാഗം ആളുകൾ പ്രയാസങ്ങളിൽ കഴിയുകയാണ്. അവർ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങൾ നിശ്ചലമായ അവസ്ഥയിലാണുള്ളത്. ഈ സാഹചര്യത്തിലാണ് ആറ്റിങ്ങൽ ലോക്സഭയിൽ നിന്നും ഗൾഫിലെ വിവിധ രാജ്യങ്ങളിൽ കഴിയുന്ന പ്രവാസി സുഹൃത്തുക്കൾക്കായി അടൂർ പ്രകാശ് 'ആറ്റിങ്ങൽ കെയർ' പദ്ധതി ആരംഭിച്ചത്. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ സന്നദ്ധ സംഘടനകൾ വഴിയും നോർക്ക വഴിയും ഇപ്പോൾ പരിഹാരം കാണുന്നുണ്ട്. ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളിൽ പലരും ഇപ്പോൾ നോർക്കയിലൂടെ തിരികെ വരാൻ അപേക്ഷകൾ നൽകിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കൂടുതൽ ഏകീകരിച്ച പ്രവർത്തനങ്ങൾ നടത്തുവാനായി വിവിധ രാജ്യങ്ങളിലെ അരുവിക്കര നിയോജകമണ്ഡലത്തിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരുടെ സഹകരണത്തോടെ അരുവിക്കര പ്രവാസി ഹെൽപ് ഡെസ്ക് പ്രവർത്തനമാരംഭിച്ചു. എംബസ്സി, നോർക്ക തുടങ്ങിയ ഔദ്യോഗിക സംവിധാനങ്ങളോടൊപ്പം ഗൾഫ് രാജ്യങ്ങളിലെ മുഖ്യധാരാ പ്രവാസി സംഘടനകളായ ഒ.ഐ.സി.സി, ഇൻകാസ്, കെ.എം.സി.സി. മറ്റു മലയാളി സമാജങ്ങൾ തുടങ്ങിയവയുടെ സഹകരണവും സഹായവും ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങളാണ് സജ്ജീകരിച്ചത്.



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# തിരിച്ചുപോക്കിന് കരുതൽ

**ഡോ. എം.കെ. മുനീർ**, കോഴിക്കോട് സൗത്ത്




സ്വന്തം വീടണയാൻ കാലങ്ങളായി ആഗ്രഹിച്ച കാത്തിരിക്കുന്ന അതിഥി തൊഴിലാളികൾക്ക് സ്വന്തം നാട്ടിലേക്ക് യാത്രയയപ്പ്. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നൽകിയ യാത്രയയപ്പിൽ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ എന്നിവർ പങ്കെടുത്തിരുന്നു. 25 ബോഗികളുള്ള തീവണ്ടിയിൽ അവർ ജാർഖണ്ഡിലേക്ക് യാത്ര തിരിച്ചു. നാടണയാൻ കഴിയുന്ന അവരുടെ മുഖത്തെ സന്തോഷം അതിരുകളില്ലാത്തതായിരുന്നു. പലർക്കും റമദാൻ വ്രതം ഉണ്ടായിരുന്നു. ട്രെയിനിലിരുന്ന് നോമ്പ് തുറക്കാനുള്ള ഭക്ഷണങ്ങൾ അവർക്ക് നൽകി. മറ്റുള്ളവർക്ക് 36 മണിക്കൂർ യാത്രയ്ക്കുള്ളിൽ കഴിക്കാനാവശ്യമായ ഭക്ഷണവും കൊടുത്തു. അതത് സംസ്ഥാനങ്ങളിലെ ഗവൺമെന്റുകൾ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി സാധ്യമാക്കിയ അതിഥി തൊഴിലാളികളുടെ തിരിച്ചുപോക്കിന് നാം നൽകിയ കരുതലിന്റെ യാത്രയയപ്പായിരുന്നു അത്. അപ്പോഴും മറ്റൊരു വേദന മനസ്സിനെ പിടിച്ചുലച്ചു. അതുപോലെ കേരളത്തിലേക്ക് വരാൻ കാത്തിരിക്കുന്ന മലയാളികൾ വിവിധ സംസ്ഥാനങ്ങളിലുണ്ട്. ഒപ്പം തന്നെ ലോക രാഷ്ട്രങ്ങളിലുള്ള നമ്മുടെ പ്രവാസി സഹോദരങ്ങളും അവരുടെ യാത്രക്കായി കാത്തിരിക്കുകയാണ്. ഇതത്രയും യാഥാർത്ഥ്യമായാൽ മാത്രമേ നമ്മുടെ ആശ്വാസം പൂർണ്ണമാവൂ.




# പാലാ ജനറൽ ആശുപത്രി നവീകരണത്തിന്റെ പാതയിൽ

**മാണി സി കാപ്പൻ**, പാലാ

പാലാ ജനറൽ ആശുപത്രിയിൽ കൂടുതൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തി നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആരോഗ്യ വകുപ്പ് അനുവദിച്ച പത്ത് ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സെൻട്രലൈസ്ഡ് എസി റൂം, ഫയർ ആന്റ് സേഫ്റ്റി റൂം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 45 ലക്ഷം രൂപ അനുവദിച്ചു.

ആശുപത്രിയുടെ പുതിയ കെട്ടിടത്തിലേക്കുള്ള റോഡിന് വീതി ഇല്ലാതിരുന്നത് ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആരോഗ്യമന്ത്രി കെ. കെ. ശൈലജ ടീച്ചറുമായി നടത്തിയ ചർച്ചയെത്തുടർന്ന ആശുപത്രിയുടെ ഉടമസ്ഥതയിലുള്ള 2.75 സെന്റ് സ്ഥലം റോഡ് നിർമ്മാണത്തിന് വിട്ടുനൽകാൻ അനുമതി ലഭ്യമാക്കി. ഇവിടെ റോഡ് വീതികൂട്ടി ടാർ ചെയ്യുന്നതിനും സംരക്ഷണഭിത്തി കെട്ടി നവീകരി ക്കുന്നതിനുമായി 25 ലക്ഷം രൂപ ഉൾപ്പെടെ 65 ലക്ഷം രൂപയാണ് നവീകരണപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ളത്.

പുതിയ കെട്ടിടത്തിൽ നിർമ്മിക്കുന്ന ലിഫ്റ്റുകളിൽ ഒന്നിന്റെ നിർമ്മാണം പൂർത്തിയായി. രണ്ടാമത്തെ ലിഫ്റ്റിന്റെ പണികൾ അവസാന ഘട്ടത്തിലാണ്. മീനച്ചിൽ താലൂക്കിലെ സാധാരണക്കാരുടെ ആശ്രയമായ പാലാ ജനറൽ ആശുപത്രിയിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ കൂടുതൽ ആളുകൾക്കു പ്രയോജനപ്പെടും.

# വെല്ലുവിളി ഭയാനകം : പക്ഷേ നാം അതിജീവിക്കും

**എം.സ്വരാജ്**, തൃപ്പൂണിത്തുറ

കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ ഓരോ ദിവസവും അപ്രതീക്ഷിതമായി പങ്കാളികളാവുന്നവരും യാദൃശ്ചികാനുഭവങ്ങളും പകർന്നു നൽകുന്ന അതിജീവന വഴിയിലെ ഐക്യത്തിന്റെ മഹാസന്ദേശം ഒട്ടൊന്നുമല്ല കരുത്തു പകരുന്നത്. തൃപ്പൂണിത്തുറ നഗരസഭാ ചെയർപേഴ്സൺ ആയുർവേദ ആശുപത്രിയിൽ സജ്ജമാക്കിയ കൊറോണ കെയർസെന്ററിൽ കുറച്ച് ഹാന്റ് സാനിറ്റൈസർ ആവശ്യമുണ്ടെന്ന് സൂചിപ്പിച്ചപ്പോൾ തന്നെ തികച്ചും യാദൃശ്ചികമായി ഫോണിൽ ഒരു സന്ദേശമെത്തി. എടത്തലയിലെ വൈശാലി ഫാർമ ലിമിറ്റഡിന്റെ എം.ഡി. ഡോ.എ.ഡി.കൃഷ്ണന്റെ സന്ദേശമാണ്. അവിടെ തയ്യാറാക്കിയ ഹാന്റ് സാനിറ്റൈസർ തരാൻ തയ്യാറാണെന്നായിരുന്നു സന്ദേശം. അദ്ദേഹം സൗജന്യമായി നൽകിയ 100 ബോട്ടിൽ ഹാന്റ് സാനിറ്റൈസർ തൃപ്പൂണിത്തുറ നഗരസഭയിലും, ഏരൂർ പി.എച്ച്.സി.യിലും അത്യാവശ്യമുള്ള മറ്റിടങ്ങളിലും നൽകാൻ കഴിഞ്ഞു. ഏരൂർ പി.എച്ച്.സി.യിൽ ചെന്നപ്പോഴാണ് അവിടെ കുറച്ച് മാസ്കും കയ്യുറകളും ആവശ്യമുണ്ടെന്ന് പറയുന്നത്. പ്രളയകാലത്ത് രൂപംകൊണ്ട തൃപ്പൂണിത്തുറയിലെ ഊർജ്ജസ്വലരായ വളണ്ടിയർമാരുടെ കൂട്ടായ്മയായ വാളണ്ടിയർ സർവീസ് ഗ്രൂപ്പ് കൊറോണ പ്രതിരോധത്തിലും സജീവമാണ്. ആയിരക്കണക്കിന് മാസ്കുകൾ തയ്യാറാക്കി താലൂക്കാശുപത്രിയിലടക്കം അവർ ഇതിനോടകം നൽകിക്കഴിഞ്ഞു. കയ്യുറകൾക്ക് ക്ഷാമമുണ്ടായപ്പോൾ മരടിൽ നിന്നും ഡോക്ടർ ജൂലിയൻ വിളിക്കുന്നു. കയ്യുറകൾ ആവശ്യമുണ്ടോ എന്നാണ് അദ്ദേഹം ചോദിക്കുന്നത്. 500 കയ്യുറകളാണ് അദ്ദേഹം സംഘടിപ്പിച്ചു നൽകിയത്.

മുഖ്യമന്ത്രിയുടെ കമ്മ്യൂണിറ്റി കിച്ചൻ പ്രഖ്യാപനം വന്നയുടൻ മരട് മർക്കറ്റിലെ പച്ചക്കറി വ്യാപാരി സഫീദ് വിളിച്ചു. ആവശ്യമായ പച്ചക്കറി നൽകാൻ സന്നദ്ധത അറിയിച്ചു. കുമ്പളത്ത് കമ്മ്യൂണിറ്റി കിച്ചൻ തുടങ്ങിയപ്പോൾ പച്ചക്കറി വ്യാപാരികളുടെ സഹായവും ഉപയോഗപ്പെടുത്തി. എഡ്രാക്കിന്റെ ഭാരവാഹി കൂടിയായ വർഗീസ് ,കമ്മ്യൂണിറ്റി കിച്ചൻ തുടങ്ങാൻ ആവശ്യമായ സൗകര്യങ്ങളും തൊഴിലാളികളെയും വിട്ടുനൽകാമെന്ന് അറിയിക്കുകയുണ്ടായി. തൃപ്പൂണിത്തുറയിൽ കൃഷ്ണയ്യർ സ്വാമിയുടെ അക്ഷയ കാറ്ററിംഗ് അടുത്ത ദിവസം മുതൽ കമ്മ്യൂണിറ്റി കിച്ചനായി മാറി. ഉദയംപേരൂരിൽ വിനോദ് ചന്ദ്രനും മനോജും ചേർന്നു നടത്തുന്ന വിജയലക്ഷ്മി കാറ്ററിംഗും കമ്മ്യൂണിറ്റി കിച്ചനായി. കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യാനും നമ്മുടെ നാടൊരുങ്ങിക്കഴിഞ്ഞു. നെട്ടൂർ സ്വദേശിയായ കെ.പി.ഷൺമുഖൻ അദ്ദേഹത്തിന് ലഭിച്ച രണ്ടു മാസത്തെ ക്ഷേമ പെൻഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊടുക്കാനായി എൽപ്പിച്ചു. ഇങ്ങനെയൊക്കെയാണ് നാടിനു വേണ്ടി മനുഷ്യരെല്ലാം ഒത്തു പിടിക്കുന്നത്. മറ്റു പലരും ഈ ചുരുങ്ങിയ ദിവസങ്ങൾക്കിടയിൽ തങ്ങളാലാവുംവിധം വൈറസ് പ്രതിരോധ പ്രവർത്തനങ്ങളെ സഹായിക്കാനായി മുന്നിട്ടിറങ്ങിയിട്ടുണ്ട്. നാടിനെ വിഴുങ്ങാൻ മഹാമാരിയെത്തുമ്പോൾ അതിജീവന പോരാട്ടങ്ങൾക്ക് ഒറ്റയ്ക്കും കൂട്ടായും കരുത്തു പകരുന്ന മനുഷ്യർ. ഇരുട്ടു പരക്കുന്ന നേരങ്ങളിൽ തെളിയുന്ന മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടങ്ങൾ. പ്രതീക്ഷയറ്റുപോകുന്ന നിമിഷങ്ങളിൽ പ്രത്യാശയുടെ ഒരു വഴിതെളിയും, ഏതു മഹാമാരിയുടെയും മുകളിൽ നാം വിജയപതാക പാറിക്കും. നമ്മൾ ജയിക്കും. നമുക്കൊരുമിച്ചു നിൽക്കാം.

# സർക്കാർ ആശുപത്രികൾക്കായി എം.എൽ.എ. ഫണ്ടിൽ നിന്നും 13 ലക്ഷം രൂപ

**പി.കെ.ബഷീർ**, ഏറനാട്

ഏറനാട് മണ്ഡലത്തിലെ സർക്കാർ ആശുപത്രികൾക്കായി എം.എൽ.എ ഫണ്ടിൽ നിന്നും 13 ലക്ഷം രൂപ അനുവദിച്ചു. കൊറോണപ്രതിരോധത്തിന്റെ ഭാഗമായി വിവിധ പഞ്ചായത്തുകളിൽ വിളിച്ചുചേർത്ത യോഗങ്ങളിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടതനുസരിച്ചാണ് തുക അനുവദിച്ചത്. അരീക്കോട് താലൂക്ക് ആശുപത്രിക്ക് 4.57 ലക്ഷം , എടവണ്ണ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന് 6.30 ലക്ഷം, ചാലിയാർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് 2.18 ലക്ഷം എന്നിങ്ങനെ തുക അനുവദിച്ചു. ഓക്സിജൻ സിലിണ്ടർ, പേഷ്യന്റ് ട്രോളി, വീൽ ചെയർ, എക്സാമിനേഷൻ ടേബിൾ, സർജിക്കൽ മാസ്ക്, ഡോക്ടേഴ്സ് ടേബിൾ തുടങ്ങിയവയും കട്ടിൽ, കിടക്ക, തലയണ തുടങ്ങിയ അവശ്യവസ്തുക്കളും വാങ്ങുന്നതിന് പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് തുക അനുവദിച്ചിട്ടുള്ളത്. മണ്ഡലത്തിലെ വിവിധ ആശുപത്രികളിലേയ്ക്ക് മാസ്ക് വിതരണം ചെയ്തിരുന്നു. കോവിഡ് പ്രതിരോധം മുന്നിൽക്കണ്ട് കൂടുതൽ സൗകര്യങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലടക്കം നടത്തുന്നതിനുള്ള മുന്നൊരുക്കവും നടത്തി.

## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ



# പ്രളയം: ഭാരതപ്പുഴയോരത്തെ പ്രതിരോധ പരിശ്രമങ്ങൾ

**പി. ശ്രീരാമകൃഷ്ണൻ**, പൊന്നാനി

ഭാരതപ്പുഴ അറബിക്കടലിൽ ഒഴുകിച്ചേരുന്ന പൊന്നാനി മുതൽ കുറ്റിപ്പുറം വരെ നീളുന്ന സ്ഥലത്ത് കഴിഞ്ഞ രണ്ട് പ്രളയത്തിലുമായി അടിഞ്ഞുകൂടിയ അധികമുള്ള മണൽ നീക്കം ചെയ്ത് പുഴയുടെ സംഭരണശേഷിയും ഒഴുക്കും വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ ചർച്ച ചെയ്യുന്നതിന് വീഡിയോ കോൺഫറൻസിലൂടെ യോഗം വിളിച്ചുചേർത്തു. ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി കെ.ടി. ജലീൽ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. എ. ഉദയകുമാർ, ചീഫ് എഞ്ചിനീ യർ, ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ, പി.എസ്. ഗണേഷ്, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ (മെക്കാനിക്കൽ), രാജു എസ്. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ (മെക്കാനിക്കൽ) എന്നിവർ നിയമസഭയിലെ വീഡിയോ കോൺഫറൻസ് ഹാളിലും കെ.ടി.ജലീൽ അദ്ദേഹത്തിന്റെ ആഫീസിൽനിന്നും മറ്റ് ഉദ്യോഗസ്ഥർ അതത് സ്ഥലങ്ങളിൽനിന്നും വീഡിയോ കോൺഫറൻസിൽ പങ്കാളികളായി.

പുഴയുടെ മലപ്പുറം ജില്ലയിലെ അതിർത്തി മുതൽ പൊന്നാനി അഴിമുഖം വരെയുള്ള ഭാഗത്താണ് കൂടുതൽ മണൽ അടിഞ്ഞുകൂടിയിട്ടുള്ളത് എന്ന് യോഗം വിലയിരുത്തി. അതുപോലെ പുഴയിൽ മണ്ണ് അടിഞ്ഞ് ചെറു ദ്വീപുകൾ രൂപപ്പെടുന്നതായും, അതിൽ വൃക്ഷങ്ങൾ വളർന്ന് ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നതായും കണ്ടെത്തി. കർമ്മ റോഡിന് കുറുകെ മഴവെള്ളം പുഴയിലേക്ക് ഒഴുകിപോകുന്നതിന് സ്ഥാപിച്ച പൈപ്പിലൂടെ പുഴ നിറയുമ്പോൾ ജലം താഴ്ന്ന പ്രദേശങ്ങളിലെത്തി പ്രദേശം മുങ്ങുന്ന കാര്യവും ചർച്ച ചെയ്തു. കൂടുതലുള്ള മണൽ വാരി മാറ്റുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനുമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥർ 2020 മേയ് 26 ന് സംയുക്തമായി കുറ്റിപ്പുറം മുതൽ അഴിമുഖം വരെ സന്ദർശിക്കുന്നതിനും, കർമ്മ റോഡിന്റെ പൈപ്പിന് ആവശ്യമായ തരത്തിൽ ഷട്ടർ/അടപ്പ് സ്ഥാപിക്കുന്നത് പരിശോധിക്കുന്നതിനും തീരുമാനിച്ചു. ശേഷം അന്നുതന്നെ യോഗം ചേർന്ന് അടിയന്തര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ധാരണയായി.

# പേരക്കുട്ടി മുതൽ മുത്തച്ഛൻ വരെ

**മുരളി പെരുനെല്ലി**, മണലൂർ

പേരക്കുട്ടി മുതൽ മുത്തച്ഛൻ വരെ മുഴുവൻ കുടുംബാംഗങ്ങളും ചേർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകിയത് അര ലക്ഷത്തോളം രൂപ. തൃശ്ശൂർ തെക്കേ മഠം മാനേജരും, ബ്രഹ്മസ്വം മഠം വേദ ഗവേഷണകേന്ദ്രം ചെയർമാനുമായ വടക്കുമ്പാട്ട് നാരായണൻ നമ്പൂതിരിയുടെ കുടുംബാംഗങ്ങളാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയത്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ലക്ഷക്കണക്കിന് ജനങ്ങൾക്ക് തൊഴിൽ എടുക്കാനാവാത്ത സാഹചര്യത്തിനൊപ്പം, സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മോശമാകുകയും ചെയ്തതോടെ, ദുരിതമനുഭവിക്കുന്നവർക്ക് സാന്ത്വനമേകാനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിനുള്ള അഭ്യർത്ഥന പുറത്തുവന്നതോടെയാണ് നാരായണൻ മാഷും കുടുംബവും സംഭാവന നൽകാൻ മുന്നോട്ടുവന്നത്.

## മതുകര മാടക്കാക്കൽ പാലം

മതുകര മാടക്കാക്കൽ പാലത്തിന്റെ പ്രധാന വാർപ്പ് പൂർത്തിയായി. മാർച്ച് ആദ്യവാരം കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ തറക്കല്ലിട്ട പാലത്തിന്റെ നിർമ്മാണം ലോക്ഡൗണിനെ തുടർന്ന് അതിഥി തൊഴിലാളികൾ തിരിച്ചു പോയതിനാൽ നിർത്തി വെക്കേണ്ടിവന്നു. ചെമ്മീൻചാലിലേയും പ്രധാനകനാലിലേയും വെള്ളം കെട്ടി നിറുത്തിയാണ് പണിയാരംഭിച്ചത്. പണിപൂർത്തിയായില്ലെങ്കിൽ മഴ ശക്തമായാൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടക്കുന്ന എസ്.സി. കോളനി ഉൾപ്പെടുന്ന മതുക്കര തുരുത്ത് ഒറ്റപ്പെട്ട് അവർക്കുള്ള ഏകയാത്രാമാർഗ്ഗം അടയുകയും പുറത്ത് കടക്കാൻ കഴിയാതെ വലിയ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുകയും ചെയ്യും. ആയതിനാൽ കളക്ടറുമായി ബന്ധപ്പെട്ട് അവശ്യസേവന വിഭാഗത്തിൽ ഉൾപ്പെടുത്തി നാട്ടിലെ തൊഴിലാളികളെ സംഘടിപ്പിച്ച് ലോക്ഡൗണിന്റെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് നിർമ്മാണം പുനരാരംഭിക്കുകയായിരുന്നു. ഇടയ്ക്ക് നിർമ്മാണ സാമഗ്രികൾക്ക് ക്ഷാമം നേരിട്ടുവെങ്കിലും കളക്ടർ ഇടപെട്ടതുമൂലം നിർമ്മാണസാമഗ്രികൾ കൃത്യസമയത്ത് തന്നെ ലഭിക്കുകയുണ്ടായി. വാർപ്പ് നടക്കുന്ന സമയത്ത് സ്ഥലത്തെത്തി പരിശോധന നടത്തി, പ്രവൃത്തികൾ നേരിട്ട് വിലയിരുത്തി. നബാർഡിന്റെ സഹായത്തോടെ 1.06 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന പാലം പൂർത്തിയാകുന്നതോടെ കർഷകരുടെയും മതുക്കരയടക്കമുള്ള പ്രദേശവാസികളുടേയും ചിരകാല സ്വപ്നം പൂവണിയുകയാണ്.



# കാരുണ്യം വറ്റാത്ത നന്മമനസ്സുകൾ

**വി. അബ്ദുറഹിമാൻ**, താനൂർ

കോവിഡിൽ വലയുന്ന നമുക്ക് ആശ്വാസം പകരുന്ന ചില പ്രവൃത്തികൾ ചുറ്റും നടക്കുന്നുണ്ട്. കാരുണ്യം വറ്റാത്ത നന്മ മനസ്സുകൾ നമുക്ക് ചുറ്റും മാനവികതയുടെ പ്രകാശം ചൊരിഞ്ഞ് സഹജീവികളോടുള്ള കരുണ ഉച്ചത്തിൽ വിളിച്ചു പറയുന്നു. അത്തരത്തിലൊരു പ്രവൃത്തിക്ക് ജനപ്രതിനിധി എന്ന നിലയിൽ ഭാഗഭാക്കാകാനായി. പറവണ്ണ സലഫി ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് അര ലക്ഷം രൂപയാണ് നൽകിയത്. വിഷുക്കൈനീട്ടവും, പെരുന്നാൾ ആഘോഷവും ലളിതമാക്കി പെരുന്നാൾ പുടവക്കായി കരുതിവെച്ച പണവും ഉൾപ്പെടുത്തിയാണ് കുരുന്നുകൾ അൻപതിനായിരം രൂപ ശേഖരിച്ചത്. കഴിഞ്ഞ പ്രളയകാലത്തും സഹജീവികൾക്ക് സഹായമെത്തിച്ചു നൽകിയ വിദ്യാലയമാണ് പറവണ്ണ സലഫി സ്കൂൾ. അന്ന് നിലമ്പൂർ, വയനാട് പ്രദേശത്തെ ഇരുന്നൂറോളം വിദ്യാർത്ഥികൾക്ക് ഒന്നര ലക്ഷം രൂപയുടെ പഠന കിറ്റുകളാണിവർ നൽകിയത്. വിദ്യാലയത്തിൽ നടന്ന ചടങ്ങിൽ വിദ്യാർത്ഥി പ്രതിനിധികളായ അഫ്രീന, സഫ്രീന എന്നിവരിൽ നിന്ന് ഫണ്ട് ഏറ്റുവാങ്ങി.


കാലപ്പഴക്കവും, അസൗകര്യങ്ങളും കാരണം വീർപ്പുമുട്ടുന്നവയാണ് താനൂർ മണ്ഡലത്തിലെ ആരോഗ്യ സബ്സെന്ററുകൾ പലതും. ആരോഗ്യമേഖല ഏറ്റവും ജാഗ്രതയോടെ ഇരിക്കേണ്ട ഇക്കാലത്ത് ഇവയുടെ കോട്ടങ്ങളെല്ലാം തീർക്കേണ്ടത് അനിവാര്യമാണ്. അതിനായി ആസ്തി വികസന ഫണ്ടിൽ നിന്നും രണ്ടു കോടി രൂപ അനുവദിച്ചു. താനൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും, താനൂർ നഗരസഭയിലെയും ആരോഗ്യസബ്സെന്ററുകളുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്കായാണ് തുക ചെലവഴിക്കുക. പകർച്ചവ്യാധികൾ തടയുന്നതിനും, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എളുപ്പം കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ആരോഗ്യമേഖലയുടെ അടിസ്ഥാന വികസനം അനിവാര്യമാണ്. അതിനായാണ് സബ് സെന്ററുകൾ നവീകരിക്കുക എന്ന തീരുമാനത്തിൽ എത്തിച്ചേർന്നത്. മണ്ഡലത്തിലെ മുഴുവൻ സബ്സെന്ററുകളും ഒരേ മാതൃകയിൽ നിർമ്മിക്കാനാണ് തീരുമാനം. കേന്ദ്ര ആരോഗ്യ മാനദണ്ഡമനുസരിച്ച് ഇതിനായി പ്രത്യേക മാതൃക നിർമ്മിക്കും. സബ് സെന്ററുകളുടെ വിശദാംശങ്ങൾ നൽകാൻ തദ്ദേശസ്വയംഭരണസ്ഥാപന അധ്യക്ഷന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.



'എന്റെ താനൂർ' പദ്ധതി വഴി താനൂർ നിയോജക മണ്ഡലത്തിലെ രോഗികൾക്കാവശ്യമായ ഡയാലിസിസ് കിറ്റുകളുടെ വിതരണം തുടരുന്നു. താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിരക്ഷ വിഭാഗത്തിലുള്ള കിഡ്നി രോഗികൾക്കായി ഡയാലിസിസ് കിറ്റുകൾ കൈമാറി മണ്ഡലത്തിലെ നിർദ്ധനരായ രോഗികൾക്കാണ് മരുന്നുകളെത്തിക്കുന്നത്. മെഡിക്കൽ ഓഫീസർ ഡോ.ഹാഷിം കിറ്റുകൾ ഏറ്റുവാങ്ങി. പരിരക്ഷ പ്രവർത്തക അജിത, ഹെൽത്ത് ഇൻസ്പെക്ടർ അബ്ദുൾ ലത്തീഫ് എന്നിവർ സന്നിഹിതരായിരുന്നു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ


പ്രതിപക്ഷ നേതാവിന്റെ പേജ്



# മാണിസാർ എനിക്കൊരു പാഠപുസ്തകമായിരുന്നു

**രമേശ് ചെന്നിത്തല,** പ്രതിപക്ഷ നേതാവ്

കെ.എം. മാണി സാർ എനിക്കെന്നും ഒരു അത്ഭുതമായിരുന്നു. 1986 ലെ കരുണാകരൻ മന്ത്രിസഭയിലും, 2014 ലെ ഉമ്മൻചാണ്ടി മന്ത്രിസഭയിലും ഞങ്ങൾ സഹപ്രവർത്തകരായിരുന്നു. കെ.എസ്.യു. കാലം മുതൽക്കെ എനിക്ക് അദ്ദേഹത്തെ അറിയാമായിരുന്നെങ്കിലും 1982 ൽ ആദ്യമായി നിയമസഭയിലെത്തിയശേഷമാണ് മാണി സാറുമായി ഏറെ അടുത്തത്. അന്നുമുതൽ രോഗാതുരനായി നമ്മളിൽ നിന്ന് വിട വാങ്ങുന്നതുവരെ അദ്ദേഹവുമായി ആത്മബന്ധം പുലർത്താൻ എനിക്ക് കഴിഞ്ഞിരുന്നു. ഒരു പ്രാദേശികകക്ഷിയുടെ സമുന്നതനായ നേതാവായിരിക്കുമ്പോഴും നമ്മെ അത്ഭുതപ്പെടുത്തുംവിധമുള്ള ദേശീയ, അന്തർദേശീയ കാഴ്ചപ്പാടുകൾ അദ്ദേഹം ഓരോ വിഷയത്തിലും പുലർത്തിപ്പോന്നിരുന്നു.



കെ.എം.മാണി

കേരളീയസമൂഹം വളരെക്കാലം ചർച്ച ചെയ്ത അധ്വാനവർഗ സിദ്ധാന്തം പോലുള്ള വിചാര ധാരകൾ മുന്നോട്ട് വച്ചതിലൂടെ താനൊരു രാഷ്ട്രീയക്കാരൻ മാത്രമല്ല മികച്ചൊരു ഭരണതന്ത്രജ്ഞൻ കൂടിയാണെന്ന് മാണി സാർ തെളിയിച്ചു. അദ്ദേഹം അഭിഭാഷകവൃത്തി വിട്ട് രാഷ്ട്രീയത്തിലേക്ക് വന്നില്ലായിരുന്നെങ്കിൽ ഇന്ത്യ കണ്ട മികച്ച അഭിഭാഷകരിൽ ഒരാളായി മാറുമായിരുന്നെന്ന് എനിക്കെപ്പോഴും തോന്നിയിട്ടുണ്ട്. രാഷ്ട്രീയത്തിലായാലും ഭരണരംഗത്തായാലും വിഷയങ്ങളെ ഇഴകീറി അപഗ്രഥിക്കുന്നതിലും വിശകലനം ചെയ്യുന്നതിലും മാണി സാർ അഗ്രഗണ്യനായിരുന്നു. അതുകൊണ്ടായിരിക്കണം അഭിഭാഷകനായിരുന്ന കാലത്ത് അദ്ദേഹം വാദിച്ച ഒരു കേസും തോറ്റിട്ടില്ലായിരുന്നുവെന്ന് പറയുന്നത്.

ഏത് രാഷ്ട്രീയ പ്രതിസന്ധിയേയും അതിജീവിക്കാൻ സ്വതസിദ്ധമായ ഒരു കഴിവ് മാണി സാറിനുണ്ടായിരുന്നു. ഞാൻ അത് പല തവണ അടുത്ത് നിന്നു കണ്ടിട്ടുണ്ട്. വിൻസ്റ്റൺ ചർച്ചിൽ പറയാറുണ്ട് ' kites rise highest against the wind, not with it'(കാറ്റിനെതിരെ പറക്കുമ്പോഴാണ് പട്ടം കൂടുതൽ ഉയരങ്ങളിലേക്ക് പോകുന്നത്, അല്ലാതെ കാറ്റിനൊപ്പം പറക്കുമ്പോഴല്ല) ഏത് രാഷ്ട്രീയ കൊടുങ്കാറ്റിനും എതിരെ ഉയർന്ന് പറക്കാനുള്ള മാണി സാറിന്റെ ആരെയും അത്ഭുതപ്പെടുത്തുന്ന കഴിവാണ് അദ്ദേഹത്തെ കേരള രാഷ്ട്രീയത്തിലെ അതുല്യ പ്രഭാവനായ നേതാവാക്കി മാറ്റിയത്.

എന്റെ കുടുംബത്തിന് ഒരു കാരണ വരെ പോലെയായിരുന്നു മാണി സാർ. എന്റെ വിവാഹത്തിനും എന്റെ മകന്റെ വിവാഹത്തിനുമെല്ലാം അദ്ദേഹം പങ്കെടു ത്തത് ഞങ്ങളുടെ കുടുംബത്തിലെ ഒരു മുതിർന്ന അംഗത്തെപ്പോലെയായിരുന്നു. എന്റെ വിവാഹശേഷം ഞാനും ഭാര്യയും തൊടുപുഴയിലെ വീട്ടിലേക്ക് പോകുമ്പോഴൊക്കെ പാലായിൽ മാണി സാറിന്റെ വീട്ടിലെത്തുമായിരുന്നു. എത്രയോ തവണ മാണി സാറിന്റെ ഭാര്യ കുട്ടിയമ്മച്ചേച്ചി ഞങ്ങൾക്ക് രണ്ടുപേർക്കും രുചികരമായ ആഹാരം വച്ചു വിളമ്പിയിരിക്കുന്നു. 1986ൽ ഞാനാദ്യം മന്ത്രിയായപ്പോൾ നന്തൻകോടുള്ള ഉഷസിലാണ് താമസിച്ചിരുന്നത്. അന്ന് എന്റെ തൊട്ടയൽപക്കത്ത് മാണി സാറാ യിരുന്നു താമസം. ഞങ്ങൾക്ക് സ്വന്തം വീട് പോലെയായിരുന്നു അദ്ദേഹത്തിന്റെ വസതിയും. ഞാൻ നാല് തവണ കോട്ടയത്ത് നിന്ന് ലോക്സഭയിലേയ്ക്ക് മൽസരിച്ചപ്പോഴും എന്റെ തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്തത് മാണി സാറായിരുന്നു. അത്രയേറെ പിന്തുണയാണ് അദ്ദേഹം എനിക്ക് അക്കാലങ്ങളിലെല്ലാം തന്നിട്ടുള്ളത്.

പൊതു പ്രവർത്തകർക്കും ഭരണകർത്താ ക്കൾക്കും എന്നും മാണി സാർ മികച്ചൊരു മാതൃകയായിരുന്നു. പാലായിൽ ചെന്നാൽ ഇരുപതു വയസുകാരനും എൺപത് വയസുകാരനും അദ്ദേഹത്തെ വിളിച്ചിരുന്നത് 'മാണി സാർ' എന്നാണ്. താൻ പ്രതിനിധാനം ചെയ്യുന്ന മനുഷ്യരുമായുള്ള ആത്മബന്ധമാണ് തന്റെ രാഷ്ട്രീയത്തെ മുന്നോട്ട് ചലിപ്പിക്കുന്നതെന്ന് മനസിലാക്കിയ നേതാവായിരുന്നു മാണി സാർ. അതുകൊണ്ടാണ് അദ്ദേഹത്തിന് ഒരിക്കൽ പോലും പാലായിൽ കാലിടറാതിരുന്നതും. ഏത് പൊതു പ്ര വർത്തകനും അദ്ദേഹം ഒരു പാഠപുസ്തകമായിരുന്നു. ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ച മന്ത്രി, ഏറ്റവും കൂടുതൽ തവണ മന്ത്രിയും എം.എൽ.എ. യും ആയ നേതാവ് എന്നീ വിശേഷണങ്ങൾ അദ്ദേഹത്തിന് ചാർത്തിക്കിട്ടുമ്പോഴും അദ്ദേഹം പറയാറുള്ളത് ഒന്നുമാത്രമായിരുന്നു. ജനങ്ങളിൽ നിന്ന് പഠിക്കുകയും, അവരെ ഉൾക്കൊള്ളുകയും ചെയ്യുമ്പോഴാണ് ഒരു നേതാവ് ജനകീയനാവുന്നത്. മാണി സാർ കേരളത്തിലെ എക്കാലത്തെയും ജനസമ്മതനായ നേതാക്കളിൽ ഒരാളായി തീർന്നതും അതുകൊണ്ടാണ്.

2015 ൽ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ ഞാൻ ആഭ്യന്തരമന്ത്രിയും മാണി സാർ ധനകാര്യമന്ത്രിയും ആയിരുന്ന സമയത്ത് അന്നത്തെ പ്രതിപക്ഷം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ ബജറ്റവതരണം തടസ പ്പെടുത്താൻ ശ്രമിച്ചത്. നിയമസഭ സംഘർഷ ഭൂമിയായി മാറുമ്പോഴും മാണി സാർ അക്ഷോഭ്യനായിരുന്നു. കൊടുങ്കാറ്റിന് മലയോട് എന്ത് ചെയ്യാനാവും എന്ന ഭാവത്തിലാണ് മാണി സർ നിന്നത്. അന്നത്തെ പ്രതിപക്ഷം അദ്ദേഹത്തെ ശാരീരികമായി ആക്രമിക്കാൻ പോലും മുതിർന്നു. പക്ഷെ അക്ഷോഭ്യനായി നിന്നുകൊണ്ട് തന്റെ കർത്തവ്യനിർവ്വഹണം കഴിഞ്ഞതിന് ശേഷമേ അദ്ദേഹം മടങ്ങിയുള്ളൂ. ഏത് വലിയ പ്ര തിസന്ധിയെയും തന്റെ ചെറു ചിരിയാൽ മാണി സാർ നിഷ്പ്രഭമാക്കുമായിരുന്നു. ചെറിയ ഒരു ഇടവേളയിൽ അദ്ദേഹം യു.ഡി.എഫിൽ നിന്ന് മാറി നിന്നെങ്കിലും ഇത് എന്റെ വീടാണെന്ന് പറഞ്ഞാണ് അദ്ദേഹം തിരിച്ചു വന്നത് എന്ന് ഞാനോർക്കുന്നു.

2006 ലെ ഇടതു ഭരണകാലത്ത് അന്നത്തെ വിദ്യാഭ്യാസ മന്ത്രി എം.എ.ബേബി തന്റെ സ്വാശ്രയ വിദ്യാഭ്യാസ ബിൽ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ അതിന്റെ തലനാരിഴ കീറി പരിശോധിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു; 'ഈ ബിൽ കോടതിയുടെ വരാന്തയിൽ പോലും നിൽക്കില്ല'. കൃത്യമായി അതുപോലെ സംഭവിച്ചു. എല്ലാ കോടതികളും ആ ബില്ലിനെ ചവറ്റ് കുട്ടയിലെറിയുന്ന സ്ഥിതി വിശേഷം പിന്നീട് എല്ലാവരും കണ്ടു.

പാലക്കാട് നടന്ന സി.പി.എമ്മിന്റെ പ്ലീനത്തിൽ മുഖ്യ പ്രഭാഷകനായി മാണി സാർ പോയപ്പോഴും അദ്ദേഹം സംസാരിച്ചത് തന്റെ അധ്വാനവർഗ സിദ്ധാന്തത്തെക്കുറിച്ചായിരുന്നു - കർഷകരെക്കുറിച്ചും ചെറുകിട കച്ചവടക്കാരെക്കുറിച്ചും തൊഴിലാളികളെക്കുറിച്ചുമായിരുന്നു. എന്നും അദ്ദേഹം സംസാരിച്ചതും നിലകൊണ്ടതും അവർക്കു വേണ്ടിയായിരുന്നു. മുതലാളിയും തൊഴിലാളിയും അല്ലാതെ മൂന്നാമതൊരു വർഗമുണ്ടെന്നും അവർ സ്വന്തം നിലയിൽ തങ്ങളുടെ ഭൂമിയിലും, സ്ഥാപനങ്ങളിലും അധ്വാനിച്ച് ജീവിക്കുന്ന വിഭാഗമാണെന്നുമുള്ള ഒരു പരിപ്രേക്ഷ്യം മാണി സാർ മുന്നോട്ടുവച്ചു. അവരെയാണ് അദ്ദേഹം അധ്വാനവർഗമെന്ന് വിളിച്ചത്. ഒരു പക്ഷെ വരും കാലങ്ങളിലായിരിക്കും മാണി സാർ മുന്നോട്ട് വച്ച ഈ ചിന്തയുടെ പ്രസക്തി ലോകം ചർച്ച ചെയ്യാൻ പോകുന്നത്.

മാണി സാർ ചരിത്രത്തിന്റെ ഭാഗമായിട്ട് ഒരു വർഷം പൂർത്തിയാവുകയാണ്. പല രാഷ്ട്രീയ പ്രതിസന്ധികളും നേരിടുമ്പോൾ അദ്ദേഹം കൂടെയുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ഓർക്കും. അദ്ദേഹത്തിന്റെ ഭൗതിക സാന്നിധ്യം ഇല്ലാതായെങ്കിലും ആത്മീയ സാന്നിധ്യം ഏത് പ്ര തിസന്ധിയിലും എനിക്ക് താങ്ങാണ് എന്ന് ഞാൻ തിരിച്ചറിയുന്നു. അദ്ദേഹത്തിന്റെ ഓർമകൾക്ക് മുന്നിൽ കോടി പ്രണാമങ്ങൾ .

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# പ്രവാസികൾക്കായി എം.എൽ.എ ഓഫീസിൽ ഹെൽപ് ഡെസ്ക്



രാജു എബ്രഹാം, റാന്നി

പ്രവാസികൾക്കായി എം.എൽ.എ. ഓഫീസിൽ ഹെൽപ് ഡെസ്ക് ആരംഭിച്ചു. വിദേശത്തുള്ള പ്രവാസികളുടെ പ്രശ്നങ്ങൾ അറിയുന്നതിനും പരിഹാരം കാണുന്നതിനും അവരെ സഹായിക്കുന്നതിനും ഉദ്ദേശിച്ചാണ് ഹെൽപ് ഡെസ്ക് ആരംഭിച്ചിരിക്കുന്നത്. പ്രത്യേകിച്ച് വിദേശത്ത് താമസിക്കുന്ന രോഗികൾക്ക് നാട്ടിൽ നിന്നും മരുന്ന് എത്തിച്ചു നൽകണമെങ്കിൽ അവരുടെ ബന്ധുക്കൾ മരുന്നും അതിന്റെ കുറിപ്പടിയും ബില്ലും, കൊണ്ടുവരുന്ന ആളിന്റെ ആധാർ കാർഡിന്റെ പകർപ്പുമായി എം.എൽ.എ. ഓഫീസിലെത്തി ഹെൽപ് ഡെസ്കുമായി ബന്ധപ്പെട്ടാൽ മതിയാകും. ഇത് അയച്ചു നൽകുന്നതിന്റെ ചെലവ് അവരവർ തന്നെ വഹിക്കേണ്ടതാണ്. 2020 ജനുവരി 1 ന് ശേഷം നാട്ടിലെത്തി തിരിച്ചു പോകാൻ കഴിയാതെവന്ന പ്രവാസികൾക്ക് സർക്കാർ നൽകുന്ന 5000 രൂപ ലഭിക്കുന്നതിനുവേണ്ട സഹായ സഹകരണങ്ങളും ഹെൽപ് ഡെസ്ക് വഴി നൽകും. കേരള പ്രവാസി സംഘം ഏരിയാ കമ്മിറ്റിയാണ് ഹെൽപ് ഡെസ്ക് നിയന്ത്രിക്കുന്നത്. രാവിലെ 10 മുതൽ പകൽ 1 വരെയാണ് ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം.

## ഇതാണ് ഉത്തമ മാതൃക

ഹോം ഡെലിവറി വ്യാപാരത്തിൽ കിട്ടിയ ലാഭം മുഴുവൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകാൻ തയ്യാറാണെന്നുപറഞ്ഞ് ഫോൺവിളി എത്തിയപ്പോൾ ആദ്യമൊന്ന് അമ്പരന്നെങ്കിലും ഇത് ഒരു ചടങ്ങായി നടത്തിയാൽ മറ്റുള്ളവർക്ക് ഒരു മാതൃകയാകും എന്ന് ഉറപ്പുള്ളതിനാൽ ഫണ്ട് ഏറ്റുവാങ്ങൽ ചടങ്ങിൽ പങ്കെടുക്കുവാൻ തീരുമാനിക്കുകയായിരുന്നു. റാന്നി ബ്ളോക്ക് പടി ആതിര ഹോട്ടൽ ഉടമ കെ.ആർ.പ്രകാശ് ഒരാഴ്ച മുമ്പാണ് ഹോം ഡെലിവറി ആരംഭിച്ചത്. ഹോട്ടലുകളെല്ലാം അടഞ്ഞുകിടന്ന സമയത്ത് ഹോം ഡെലിവറി നടത്തിയത് നാട്ടുകാർക്ക് ഏറെ ആശ്വാസമായി. നാട്ടിലെ മുക്കിലും മൂലയിലും നിന്നും വിളികൾ എത്തിയതോടെ കച്ചവടം ഉഷാറായി. ദീർഘനാൾ കട അടച്ചപ്പോൾ ഹോം ഡെലിവറി ആരംഭിക്കാൻ ഞാൻ പ്രകാശിനോട് ആവശ്യപ്പെട്ടു. ഇന്ന് രാവിലെ മാർ ക്രിസോസ്റ്റം പാലിയേറ്റീവ് കെയർ സെക്രട്ടറി പി.ആർ.പ്ര സാദിനെയും കൂട്ടിയാണ് ദുരിതാശ്വാസ ഫണ്ടിലേക്ക് പ്രകാശ് നൽകിയ പതിനായിരം രൂപ ഏറ്റുവാങ്ങാൻ എത്തിയത്. പ്രളയകാലത്തും എല്ലാ ദിവസവും കടയിൽ സൗജന്യമായി എല്ലാവർക്കും ഭക്ഷണം നൽകിയിരുന്നു കിട്ടിയ ലാഭം മുഴുവൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകി മാതൃക കാട്ടിയിരിക്കുകയാണ് ഈ ഹോട്ടലുടമ.

# സത്യം ബോദ്ധ്യപ്പെടുന്നതു വരെ കാത്തിരിക്കാൻ .....

# നിയമസഭാ ചരിത്രത്തിൽ വേറിട്ടൊരു തത്സമയ രാജി

പതിനൊന്നാം കേരള നിയമസഭയിലെ പതിനൊന്നാം സമ്മേളനത്തിൽ 2005 ഫെബ്രുവരി 9 ന് വനം വകുപ്പമന്ത്രി കെ.പി. വിശ്വനാഥൻ ചന്ദന മാഫിയയുമായി ബന്ധമുണ്ടെന്ന ഹൈക്കോടതിയുടെ പ്രതികൂല പരാമർശങ്ങളെത്തുടർന്ന് സഭയിൽ രാജി പ്രഖ്യാപിച്ചു. ഭരണഘടനയും നിയമവും അനുസരിച്ച് നീതി നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥനായ ഒരു മന്ത്രി സത്യപ്രതിജ്ഞാ ലംഘനം നടത്തിയതിനുശേഷം തൽസ്ഥാനത്ത് തുടരുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന ഹൈക്കോടതിയുടെ പരാമർശങ്ങളെത്തുടർന്നായിരുന്നു രാജി. ശൂന്യവേളയിൽ, മന്ത്രി വിശ്വനാഥൻ ഭരണഘടനയുടെയും സഭാ കീഴ്‌വഴക്കങ്ങളുടെയും ലംഘനമാണ് നടത്തിയതെന്നും ഇതു സംബന്ധിച്ച് ജനങ്ങളിൽ ഉളവായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യവുമായി പ്രതിപക്ഷാംഗങ്ങൾ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നേടിയതിനെത്തുടർന്നാണ് അദ്ദേഹം രാജി പ്രഖ്യാപിച്ചത്.

ചന്ദനകള്ളക്കടത്തു കേസ് പ്രതികളുടെ മുൻകൂർ ജാമ്യാപേക്ഷ നിരസിക്കവേയാണു ഹൈക്കോടതി പേരു പറയാതെ വനം മന്ത്രിക്കെതിരെ പരാമർശം നടത്തിയത്. സ്വകാര്യസ്ഥാപനമായ വാളയാർ റൂറൽ ഇൻഡസ്ട്രീസിലേക്കു കടത്തിയ ചന്ദനം മൂന്നാറിനടുത്തു പള്ളിവാസലിൽ പിടിയിലായതായിരുന്നു കേസിനാധാരമായ സംഭവം. അടുത്ത ദിവസം ഫാക്ടറിയിൽ നടത്തിയ റെയ്ഡിലും അനധികൃത ചന്ദനം പിടിച്ചെടുത്തു. ചില വനം ഉദ്യോഗസ്ഥരും ചന്ദനമാഫിയയുടെ സഹായത്തിനുണ്ടായിരുന്നു വെന്നായിരുന്നു കോടതിയുടെ നിഗമനം. റെയ്ഡ് നിയമവിരുദ്ധമാണെന്ന് പ്രതികൾ വാദിച്ചു. പ്രതികൾ മുൻകൂർ ജാമ്യത്തിനു നിരത്തിയ വാദങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു കോടതിയുടെ പരാമർശമെന്നും വിധി പരിശോധിച്ചപ്പോൾ വിശ്വനാഥൻ എന്തെങ്കിലും തെറ്റ് ചെയ്തതായി ബോദ്ധ്യപ്പെട്ടിട്ടില്ലെന്നും മന്ത്രിക്ക് പറയാനുള്ളത് കേൾക്കാതെയാണ് കോടതിയിൽ നിന്നും പരാമർശമുണ്ടായതെന്നും അടിയന്തരപ്രമേയത്തിന് ആദ്യം വിശദീകരണം നൽകിയ മുഖ്യമന്ത്രി പറഞ്ഞു.

കോടതിയുടെ പരാമർശങ്ങൾ നീക്കിക്കിട്ടാൻ സുപ്രീം കോടതിയെ സമീപിക്കുമെന്ന് വിശ്വനാഥൻ നിയമസഭയിൽ പറയുകയുണ്ടായി. പത്ത് വർഷത്തിനുശേഷം , താൻ വകുപ്പ മന്ത്രിയായപ്പോഴാണ് ചന്ദന ഫാക്ടറി റെയ്ഡ് ചെയ്യാൻ നടപടിയെടുത്തതെന്ന് പറഞ്ഞാണ് സഭയിൽ വിശ്വനാഥൻ സംസാരിച്ചു തുടങ്ങിയത്. അദ്ദേഹം കാര്യങ്ങൾ വിശദീകരിച്ചപ്പോൾ രാജി പ്രഖ്യാപനം ഉണ്ടാകുമെന്ന ധാരണ ആർക്കുമുണ്ടായില്ല. 'മന്ത്രിയായിരുന്ന കാലം മുഴുവൻ മനസ്സാക്ഷിക്കനുസരിച്ച് സത്യസന്ധമായാണ് പ്രവർത്തിച്ചത്. പൂട്ടി സീൽ വച്ച ഫാക്ടറിയിൽ നിന്നും ചന്ദനം കണ്ടെത്തിയതായി പത്രവാർത്ത വന്നതിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണം നടത്തിയത്. സർക്കാരിന്റെ ഭാഗത്തു നിന്നും യാതൊരു തരത്തിലുള്ള ഇടപെടലും ഉണ്ടായിരുന്നില്ല. പ്രതികൾ അയച്ച ടെലിഗ്രാമിനുമേൽ ഒരു നടപടിയും ഞാൻ കൈക്കൊണ്ടില്ല. 'മോസ്റ്റ് അൺകൈൻഡസ്റ്റ് കട്ട്' എന്ന് ഷേക്സ്പിയർ പറഞ്ഞതുപോലെയാണിത്. ജനങ്ങൾക്കുമുന്നിൽ ഇപ്പോൾ പുകമറ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. സത്യസന്ധമായി പ്രവർത്തിച്ചാൽപോരാ,സത്യസന്ധമാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുകയും വേണം. ജനങ്ങൾക്ക് സത്യം ബോദ്ധ്യപ്പെടുന്നതുവരെ കാത്തിരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. അതുകൊണ്ട് ഞാൻ രാജിവയ്ക്കുന്നു.' വിശ്വനാഥൻ പറഞ്ഞു നിറുത്തി.



കെ.പി.വിശ്വനാഥൻ

അവിശ്വസനീയമായത് കേട്ടതുപോലെ സഭാംഗങ്ങൾ ഒരു നിമിഷം തരിച്ചിരുന്നു. ഭരണകക്ഷി അംഗങ്ങൾ രാജി സ്വാഗതം ചെയ്തു. ഇത് വിശ്വനാഥന്റെ സ്വന്തം തീരുമാനമാണ്. രാജി സ്വീകരിക്കാൻ നിർബന്ധിതനായതിനാൽ ഞാൻ രാജി സ്വീകരിക്കുന്നുവെന്ന് മുഖ്യമന്ത്രി സഭയിൽ പറഞ്ഞു. സഭാ നടപടികൾ നിർത്തിവച്ച് വിഷയം ചർച്ച ചെയ്യണമെന്ന ആവശ്യമില്ലെന്ന് മുഖ്യമന്ത്രി അറിയിച്ചതോടെ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

ഇതുപോലൊരു പ്രശ്നത്തിൽ ഇത്ര പെട്ടെന്ന് തീരുമാനമുണ്ടായ അനുഭവം കേരള രാഷ്ട്രീയത്തിൽ അധികമൊന്നുമില്ല, കോടതിവിധികളുടെ പശ്ചാത്തലത്തിൽ മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടി വന്ന സ്ഥിതിവിശേഷം മുൻപും ഉണ്ടായിട്ടുണ്ട്. അതെല്ലാം തന്നെ പ്രതിപക്ഷത്തിന്റെ ശക്തമായ സമ്മർദ്ദങ്ങൾക്കും പ്രതിഷേധങ്ങൾക്കും ശേഷമായിരുന്നു. എന്നാൽ പ്രതിപക്ഷത്തിന് പ്രതിഷേധിക്കാൻ അവസരം ലഭിക്കും മുൻപു തന്നെ മന്ത്രി സ്വമേധയാ രാജി തീരുമാനം സഭയിൽ പ്രഖ്യാപിക്കുകയായിരുന്നു. വിവാദങ്ങൾക്ക് കാത്തു നിൽക്കാതെ കസേരവിട്ടിറങ്ങാൻ അദ്ദേഹം കാണിച്ച അന്തസ്സും ജനാധിപത്യമര്യാദയും കേരള രാഷ്ട്രീയത്തിൽ വേറിട്ടു നിൽക്കുന്നു. ജനാധിപത്യത്തെയും നീതിന്യായ വ്യവസ്ഥയെയും വെല്ലുവിളിച്ചു കൊണ്ട് അധികാരത്തിൽ പിടിച്ചു നിന്നു എന്ന വിമർശനങ്ങൾക്കൊന്നും ഇടം കൊടുക്കാതെ അദ്ദേഹം അധികാരമൊഴിഞ്ഞ് രാഷ്ട്രീയധാർമ്മികതയ്ക്ക് മാതൃക കാട്ടിയെന്ന് മാധ്യമങ്ങൾ മുഖപ്രസംഗം എഴുതി. ഹൈക്കോടതി പരാമർശത്തെ തുടർന്ന് കെ.പി.വിശ്വനാഥൻ മന്ത്രിസ്ഥാനം രാജിവച്ച് പരാമർശം നീക്കാനായി സുപ്രീം കോടതിയെ സമീപിച്ചു. 2010 ജൂലൈയിൽ ചന്ദനമാഫിയയുമായി മുൻമന്ത്രിക്ക് ബന്ധമുണ്ടെന്ന കേരള ഹൈക്കോടതിയുടെ പരാമർശം സുപ്രീം കോടതി നീക്കി. അദ്ദേഹത്തിന്റെ ഭാഗം കേൾക്കാതെ ഹൈക്കോടതി ഇത്തരമൊരു നിരീക്ഷണം നടത്തിയത് ഉചിതമായില്ലെന്നും അതിനാൽ പരാമർശം നീക്കുന്നുവെന്നും സുപ്രീം കോടതി വ്യക്തമാക്കി. ജസ്റ്റിസുമാരായ പി.സദാശിവം , അനിൽ ദ്വവെ എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് കേസ് പരിഗണിച്ചത്.

# പി.സി. യുടെ ക്രമപ്രശ്നത്തിന് എ.കെ. ബാലന്റെ മറുപടി

***ഏതൊരംഗത്തിന്റെയും പ്രസംഗം തടസ്സപ്പെടുത്തുന്നതിനോ അവസരം ലഭിക്കാതെ വരുമ്പോൾ ഇടപെടാൻ വേണ്ടിയോ സഭയുടെ വിലപ്പെട്ട സമയം അപഹരിക്കുന്ന രീതിയിൽ ക്രമപ്രശ്നത്തെ ഉപയോഗപ്പെടുത്താവുന്നതല്ല - സ്പീക്കർ***

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനവേളയിൽ, 2016 ജൂലൈ 18 ന് പൂഞ്ഞാർ അംഗം പി.സി. ജോർജ് സഭയിൽ ക്രമപ്രശ്നം ഉന്നയിച്ചു. പിണറായി വിജയൻ സംസ്ഥാനത്തെ മുഖ്യമന്ത്രിയായി ചുമതലയേല്ക്കുന്നതിനു മുൻപ്, 2016 മേയ് 25 ന് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ഒരു മന്ത്രിയെന്ന നിലയിലാണ് ദൃഢപ്രതിജ്ഞ ചെയ്തതെന്നും മുഖ്യമന്ത്രിയായി പ്രതിജ്ഞ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ മുഖ്യമന്ത്രി എന്ന നിലയിൽ സഭാ ചർച്ചകളിൽ പങ്കെടുക്കുന്നതും ചോദ്യങ്ങൾക്കു മറുപടി നൽകുന്നതും നിയമസഭാ ചട്ടങ്ങളിലെ രണ്ടാം ചട്ടപ്രകാരം സഭാനേതാവായി പ്രവർത്തിക്കുന്നതും ക്രമാനുസൃതമാണോ എന്നതായിരുന്നു വിഷയം.



ഭരണഘടനയുടെ അനുച്ഛേദം 167 -ൽ മുഖ്യമന്ത്രിയുടെ പ്രത്യേക ചുമതലകൾ ഉൾപ്പെടുത്തിയിട്ടുള്ള വിവരം അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു മന്ത്രിയായി മാത്രം സത്യപ്രതിജ്ഞ ചെയ്തിട്ടുള്ള ആൾ എപ്രകാരമാണ് മുഖ്യമന്ത്രിയുടെ ചുമതല നിർവ്വഹിക്കുന്നതെന്നും ആരാഞ്ഞു. മുഖ്യ മന്ത്രിയുടെ രാജി മന്ത്രിമാരുടെ മൊത്തത്തിലുള്ള രാജിയാണ്. അദ്ദേഹം രാജി വച്ചാൽ പിന്നെ സർക്കാർ ഉണ്ടാവില്ല. പക്ഷേ മന്ത്രിമാരുടെ രാജിക്ക് ഇത്തരം പ്രത്യാഘാതങ്ങൾ ഒന്നുമില്ല. സത്യപ്രതിജ്ഞ ചെയ്തപ്പോൾ മുഖ്യമന്ത്രി എന്ന വാക്ക് ഉപയോഗിക്കാത്തിടത്തോളം കാലം ഇപ്പോഴത്തെമുഖ്യമന്ത്രി രാജി വച്ചാൽ സർക്കാർ എങ്ങനെ ഇല്ലാതാകുമെന്നും അദ്ദേഹം ചോദിച്ചു. മറ്റു മന്ത്രിമാരുടെ തീരുമാനം റദ്ദു ചെയ്യുന്നതിനും ഉചിതമായത് കൈക്കൊള്ളാനുമുള്ള മുഖ്യമന്ത്രിയുടെ സവിശേഷാധികാരത്തെയും ഇത് ബാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇന്ത്യൻ പ്രധാനമന്ത്രി സത്യപ്രതിജ്ഞാ വേളയിൽ പ്രധാനമന്ത്രി എന്ന പദമാണ് ഉപയോഗിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. പാർലമെന്റിലും സംസ്ഥാന നിയമസഭയിലും ഒരേ ഭരണഘടനയാണ് ബാധകമെന്നും ചൂണ്ടിക്കാട്ടി. മറ്റു ചില സംസ്ഥാന മുഖ്യമന്ത്രിമാരുടെ സത്യപ്രതിജ്ഞാ ചടങ്ങിന്റെ വീഡിയോ പരിശോധിച്ചതിൽ മുഖ്യമന്ത്രി എന്നു പറഞ്ഞുതന്നെയാണ് പ്രതിജ്ഞയെടുത്തിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടതായും അറിയിച്ചു.

പി.സി. ജോർജിന്റെ ക്രമപ്രശ്നത്തിന് പാർലമെന്ററികാര്യ വകുപ്പമന്ത്രി എ.കെ. ബാലൻ മറുപടി നൽകി. സഭാചട്ടം 303 പ്രകാരം സഭയുടെ മുമ്പാകെയുള്ള ബിസിനസുമായി ബന്ധപ്പെട്ടുകൊണ്ടാണ് ക്രമപ്രശ്നം ഉന്നയിക്കാവുന്നതെന്നും അംഗം ഉന്നയിച്ചിരിക്കുന്ന വിഷയം ക്രമപ്രശ്നത്തിൽ ഉൾപ്പെടുന്നതല്ലെന്നും ഇതിനുള്ള നോട്ടീസ് മുൻപുതന്നെ നിരസിക്കേണ്ടതായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി എന്നോ പ്രധാനമന്ത്രി എന്നോ പറഞ്ഞുകൊണ്ട് സത്യപ്രതിജ്ഞ ചെയ്യണമെന്ന് ഭരണഘടനയിൽ ഒരിടത്തും പറയുന്നില്ലെന്നും മൂന്നാം പട്ടികയിലെ ബന്ധപ്പെട്ട ഫാറങ്ങളിലും 'മുഖ്യമന്ത്രി' എന്ന പദം രേഖപ്പെടുത്തിയിട്ടില്ലെന്നും മന്ത്രി പറഞ്ഞു. പി.സി. ജോർജിന്റെ വാദം മുൻകാല പ്രാബല്യത്തോടെ അംഗീകരിച്ചാൽ മന്ത്രി എന്നു പറഞ്ഞ് പ്രതിജ്ഞ ചെയ്തിട്ടുള്ള വി.എസ്. അച്ചുതാനന്ദനും ഉമ്മൻ ചാണ്ടിയും രാജി വയ്ക്കേണ്ടി വരുമെന്നും എ.കെ. ബാലൻ പറഞ്ഞു. പി.സി. ജോർജ് ഉന്നയിച്ച കാര്യങ്ങൾക്ക് എ.കെ. ബാലൻ വിശദമായ മറുപടി നൽകി. ഭരണഘടനയുടെ അനുച്ഛേദം 164(1) പ്രകാരം ഗവർണർ മുഖ്യമന്ത്രിയെയും അദ്ദേഹത്തിന്റെ ഉപദേശപ്രകാരം മറ്റു മന്ത്രിമാരെയും നിയമിക്കുന്നു. ഇപ്രകാരം നിയമിക്കപ്പെടുന്നവർ അനുച്ഛേദം 164 (3)ൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗം സംബന്ധിച്ച ശപഥം, രഹസ്യപാലന ശപഥം എന്നിവ എടുത്തിരിക്കണം. മുഖ്യമന്ത്രി എന്ന നിലയിൽ ഗവർണർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് സഭാനേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ ആ സ്ഥാനത്ത് തുടരുന്നതെന്നും ഇക്കാര്യത്തിൽ അവ്യക്തതകളോ നിയമപ്രശ്നങ്ങളോ ഇല്ലായെന്നും മന്ത്രി മറുപടി പറഞ്ഞു.

പ്രധാനമന്ത്രി പ്രതിജ്ഞ ചെയ്യുമ്പോൾ 'പ്രധാനമന്ത്രി' എന്ന് സ്വയം വിശേഷിപ്പിക്കുന്ന പതിവ് ഉണ്ടെങ്കിലും



സംസ്ഥാനത്ത് അത്തരത്തിലുള്ള കീഴ്‌വഴക്കം ഇന്നേവരെ നിലവിലില്ല എന്നും മന്ത്രി പറഞ്ഞു. മുൻ മുഖ്യമന്ത്രിമാരും മന്ത്രിയെന്ന നിലയിലായിരുന്നു പ്രതിജ്ഞ ചെയ്തിട്ടുള്ളതും ഗവർണ്ണറുടെ മുമ്പാകെ രജിസ്റ്ററിൽ ഒപ്പുവച്ചതും. അക്കാരണത്താൽ നിയമപരമായ യാതൊരു ന്യൂനതയും മുഖ്യമന്ത്രിപദവി വഹിക്കുന്നതിൽ ഉണ്ടായിട്ടില്ലെന്ന് പാർലമെന്ററികാര്യ വകുപ്പമന്ത്രി വ്യക്തമാക്കി.

പി.സി. ജോർജ് സഭയിൽ ഉന്നയിച്ച സുപ്രീംകോടതി വിധികളിലും സംസ്ഥാന മുഖ്യമന്ത്രി, മന്ത്രി എന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏല്ക്കുന്നത് നിയമപരമായി തെറ്റുള്ളതായി പറഞ്ഞിട്ടില്ലെന്ന കാര്യം എ.കെ. ബാലൻ ചൂണ്ടിക്കാട്ടി. നിധീഷ് കുമാർ ദീക്ഷിത് ആന്റ് അദേഴ്സ് V. രേണുക ചൗധരി ആന്റ് അദേഴ്സ് എന്ന കേസിൽ കേന്ദ്ര സർക്കാർ ഡെപ്യൂട്ടി മിനിസ്റ്റർ, സ്റ്റേറ്റ് മിനിസ്റ്റർ എന്നീ പദവികൾ സൃഷ്ടിച്ചത് ഭരണഘടനാനുസൃതമല്ലെന്നും മൂന്നാം പട്ടികയിൽ മന്ത്രി എന്നു മാത്രമേ വിവരിക്കുന്നുള്ളുവെന്നും ആ നിലയ്ക്ക് എഴുപത്തഞ്ചോളം മന്ത്രിമാർ, ഉപമന്ത്രിമാർ, സഹമന്ത്രിമാർ എന്ന പേരുകളിലെടുത്ത പ്രതിജ്ഞകളെല്ലാം അസാധുവാണെന്നായിരുന്നു ഉന്നയിക്കപ്പെട്ട തർക്കം. ഈ വാദങ്ങളെ അലഹബാദ് ഹൈക്കോടതി തള്ളുകയും മന്ത്രിമാർ, കാബിനറ്റ് മന്ത്രിമാർ, സഹമന്ത്രിമാർ, ഉപമന്ത്രിമാർ എന്നീ തലത്തിൽ വേർതിരിക്കുന്നത് ഭരണം സുഗമമാക്കാനാണെന്നും കേന്ദ്ര-സംസ്ഥാന

തെരഞ്ഞെടുപ്പ് കേസുകൾ

# കോടതി കയറിയ പിറവം തെരഞ്ഞെടുപ്പ്

പന്ത്രണ്ടാം കേരള നിയമസഭാംഗമായിരുന്ന എം.ജെ. ജേക്കബിന്റെ തെരഞ്ഞെടുപ്പ് റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് തെറ്റാണെന്ന് സുപ്രീം കോടതി കണ്ടെത്തി. തെരഞ്ഞെടുപ്പ് സുപ്രീംകോടതി ശരിവക്കുകയും ചെയ്തു.

2006 -ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പിറവം നിയോജകമണ്ഡലത്തിൽ നിന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ എം.ജെ. ജേക്കബ് വിജയിച്ചു. 5150 വോട്ടുകൾക്കാണ് എതിർസ്ഥാനാർത്ഥിയായ ടി.എം. ജേക്കബിനെ പരാജയപ്പെടുത്തിയത്. ടി.എം. ജേക്കബിനെ അപകീർത്തിപ്പെടുത്തുന്ന വിധത്തിൽ നോട്ടീസ് പ്രചരിപ്പിച്ചുവെന്ന് പിറവം മണ്ഡലത്തിലെ വോട്ടറായ എ. നാരായണൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ടി.എം. ജേക്കബിന്റെ പേഴ്സണൽ സ്റ്റാഫിൽ പെട്ടയാൾ കൊലക്കേസ് പ്രതിയാണെന്നും പിടികിട്ടാപ്പുള്ളിയായ അയാളെ ഒളിവിൽ കഴിയുവാൻ സഹായിക്കുന്നത് ടി.എം. ജേക്കബാണെന്നും എൽ.ഡി. എഫ്. പ്രസിദ്ധീകരിച്ച നോട്ടീസിൽ പറയുന്നു, യു.ഡി. എഫുമായി ടി.എം. ജേക്കബ് തെറ്റിയിരുന്ന സമയത്ത്, മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിക്കെതിരെ ഉന്നയിച്ച അഴിമതി ആരോപണങ്ങളിൽ ഉറച്ചു നില്ക്കുന്നുണ്ടോയെന്ന് ചോദിക്കുകയും അദ്ദേഹം രാഷ്ട്രീയവഞ്ചകനാണെന്ന് ആരോപിക്കുകയും ചെയ്യുന്നു എന്നിങ്ങനെ രണ്ടുകാര്യങ്ങളാണ് ഹർജിയിൽ മുഖ്യമായും ചൂണ്ടിക്കാണിച്ചത്. പരാതിയിൽ, ജനപ്രാതിനിധ്യ നിയമത്തിലെ 123 (4) വകുപ്പു പ്രകാരം എം.ജെ. ജേക്കബ് കുറ്റം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടെന്നും അതിനാൽ 100(1)(ബി) വകുപ്പു പ്രകാരം അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് റദ്ദാക്കുന്നുവെന്നും ഹൈക്കോടതി സിംഗിൾ ബെഞ്ച് ഇടക്കാല വിധി പ്രഖ്യാപിച്ചു. ഈ വിധിക്കെതിരെ


എം.ജെ. ജേക്കബ്


ടി.എം. ജേക്കബ്


എം.ജെ. ജേക്കബ് സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. സഭാനടപടികളിൽ പങ്കെടുക്കാമെങ്കിലും വോട്ടുചെയ്യാനും, വേതനം വാങ്ങാനും പാടില്ല എന്ന വ്യവസ്ഥയിൽ സുപ്രീം കോടതി 2007 മാർച്ച് 23 ന് ഹൈക്കോടതിയുടെ ഇടക്കാലവിധി നടപ്പാക്കുന്നത് സ്റ്റേ ചെയ്തു.

2008 മേയ് ആറിന് ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമവിധി പ്രകാരം എം.ജെ. ജേക്കബിന്റെ തെരഞ്ഞെടുപ്പിനെതിരെ എ. നാരായണൻ നല്കിയ പരാതിയിൽ തെരഞ്ഞെടുപ്പ് റദ്ദാക്കി. നോട്ടീസ് പുറപ്പെടുവിച്ചതിൽ ഉത്തരവാദിത്തമില്ലെന്ന് എം.ജെ. ജേക്കബ് കോടതിയിൽ വാദിച്ചെങ്കിലും ഹൈക്കോടതി അംഗീകരിച്ചില്ല. സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിന് ഒരു മാസത്തേക്ക് വിധി പ്രാവർത്തികമാക്കരുതെന്ന അപേക്ഷയും ഹൈക്കോടതി തള്ളി.

ഹൈക്കോടതി വിധിക്കെതിരെ എം.ജെ. ജേക്കബ് സുപ്രീംകോടതിയെ സമീപിച്ചു. അദ്ദേഹത്തിന് നിയമസഭാ നടപടികളിൽ പങ്കെടുക്കാമെന്നും എന്നാൽ വോട്ടു ചെയ്യാനും വേതനം വാങ്ങാനും പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ ഹൈക്കോടതിവിധി നടപ്പാക്കുന്നത് 2008 മേയ് 19 ന് സുപ്രീം കോടതി സ്റ്റേ ചെയ്തു.

സുപ്രീം കോടതി വിശദമായി വാദം കേട്ടശേഷം 2009 മാർച്ച് 6 ന് അന്തിമ വിധി പുറപ്പെടുവിച്ചു. എം.ജെ. ജേക്കബിന്റെ തെരഞ്ഞെടുപ്പ് സുപ്രീം കോടതി ശരിവച്ചു. തെരഞ്ഞെടുപ്പ് അസാധുവാക്കിക്കൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് റദ്ദാക്കുകയും ചെയ്തു. എം.ജെ. ജേക്കബിന് എല്ലാവിധ ആനുകൂല്യങ്ങളോടെയും അധികാരങ്ങളോടെയും എം.എൽ.എ. യായി തുടരാനായി. നിസ്സാര കാരണം പറഞ്ഞ് തെരഞ്ഞെടുപ്പ് റദ്ദാക്കുന്ന പ്രവണത ജനാധിപത്യത്തിന് ഭൂഷണമല്ലെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. ക്രിമിനൽ കേസുകൾക്ക് തുല്യമാണ് തെരഞ്ഞെടുപ്പ് കേസുകളെന്നും കുറ്റം സംശയാതീതമായി തെളിയിക്കപ്പെടാതെ ശിക്ഷ വിധിക്കാൻ പാടില്ലായെന്നും സുപ്രീം കോടതി വിധിന്യായത്തിൽ രേഖപ്പെടുത്തി. എതിർസ്ഥാനാർത്ഥിയായ ടി.എം. ജേക്കബല്ല, മണ്ഡലത്തിലെ വോട്ടറായ എ. നാരായണനാണ് പരാതിക്കാരൻ എന്നുള്ളതുതന്നെ പരാതിയുടെ ഉദ്ദേശ്യശുദ്ധി ബോധ്യപ്പെടുത്തുന്നുവെന്നും സുപ്രീം കോടതി വ്യക്തമാക്കി. എതിർ സ്ഥാനാർത്ഥിയെ അപകീർത്തിപ്പെടുത്തുന്ന പ്രവൃത്തികളൊന്നും എം.ജെ. ജേക്കബിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും ആരോപണത്തിൽ സത്യവിരുദ്ധമായി യാതൊന്നും ഇല്ലായെന്നും കോടതി നിരീക്ഷിച്ചു.

ജസ്റ്റിസുമാരായ മാർക്കണ്ഡേയ കട്ജു, ആർ.വി. രവീന്ദ്രൻ എന്നിവർ അടങ്ങിയ ബെഞ്ചിന്റേതായിരുന്നു വിധി.



സർക്കാരുകൾക്ക് അതിന് അധികാരമുണ്ടെന്നും അലഹബാദ് ഹൈക്കോടതി വിധിച്ചത് എ.കെ. ബാലൻ ചൂണ്ടിക്കാട്ടി. ഭരണഘടനയുടെ മൂന്നാം പട്ടികയിൽ പറയുന്ന രണ്ടു പ്രതിജ്ഞകളും യഥാവിധി എടുത്തിട്ടുണ്ടോയെന്നത് മാത്രമേ പ്രസക്തമായിട്ടുള്ളൂ എന്നതാണ് കോടതി വിധികളുടെ അന്തസ്സത്ത. അതുകൊണ്ടുതന്നെ പിണറായി വിജയൻ മുഖ്യമന്ത്രിയായി ചുമതല വഹിക്കുന്നതിൽ നിയമതടസ്സങ്ങളോ ന്യൂനതകളോ ക്രമപ്രശ്നമോ ഇല്ലായെന്നും മന്ത്രി പറഞ്ഞു.

ക്രമപ്രശ്നം അനുവദിച്ചത് ബോധപൂർവ്വമാണെന്ന് സ്പീക്കർ വ്യക്തമാക്കി. ക്രമപ്രശ്നം ഉന്നയിക്കുന്നതുമായി ബന്ധപ്പെട്ട് പലതരം പ്രവണതകൾ സഭയിൽ കാണാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. സഭയ്ക്കും സഭയുടെ നടപടിക്രമങ്ങൾക്കും ഒരു പാഠം എന്ന നിലയിലാണ് ക്രമപ്രശ്നത്തിന് അനുവാദം നൽകിയതെന്നും അദ്ദേഹം സൂചിപ്പിച്ചു. ഏതൊരംഗത്തിന്റെയും പ്രസംഗം തടസ്സപ്പെടുത്തുന്നതിനോ അവസരം ലഭിക്കാതെ വരുമ്പോൾ ഇടപെടാൻ വേണ്ടിയോ സഭയുടെ വിലപ്പെട്ട സമയം അപഹരിക്കുന്ന രീതിയിൽ ക്രമപ്രശ്നത്തെ ഉപയോഗപ്പെടുത്താവുന്നതല്ല എന്നും അദ്ദേഹം പറഞ്ഞു.

നാം നമുക്കു തന്നെ സമർപ്പിക്കപ്പെട്ട ഇന്ത്യൻ ഭരണഘടനയിൽ നാളിതുവരെ ഏതെങ്കിലും തരത്തിലുള്ള ഭേദഗതികൾക്കോ ദുർവ്യാഖ്യാനങ്ങൾക്കോ അനിശ്ചിതമായ കോടതി വ്യവഹാരങ്ങൾക്കോ വിധേയമാകാത്ത അനുച്ഛേദമാണ് 164. ഇതിലെ വ്യവസ്ഥകൾ പ്രകാരം കേരളത്തിൽ വ്യത്യസ്ത രാഷ്ട്രീയ മുന്നണികളുടെ 22 സർക്കാരുകൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറുകയുണ്ടായി. മുൻ സർക്കാരുകളുടെ രൂപീകരണത്തിലെന്ന പോലെ ഈ സർക്കാരിന്റെ രൂപീകരണത്തിലും മൗലികമായ എല്ലാ ഭരണഘടനാതത്വങ്ങളും പാലിച്ചിരുന്നുവെന്ന യാഥാർത്ഥ്യം സുവ്യക്തമായിരിക്കെ സാമാന്യയുക്തിക്ക് നിരക്കാത്ത ന്യായവാദങ്ങളുന്നയിച്ച് സഭയുടെ വിലയേറിയ സമയം പാഴാക്കിക്കളയുന്നത് ഭൂഷണമാണോയെന്ന് സഭാംഗങ്ങൾ ചിന്തിക്കേണ്ടതാണെന്ന് സഭാദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു.

സാമാജികർ പൊതുസമൂഹത്തിന്റെ ജീവൽപ്രധാനമായ പ്രശ്നങ്ങളും വികാരങ്ങളും സഭയിൽ കൊണ്ടുവരുന്നതോടൊപ്പം തന്നെ ഭരണഘടനയിലെയും നടപടിച്ചട്ടങ്ങളിലെയും കീഴ്വഴക്കങ്ങളിലെയും വ്യതിയാനങ്ങളും നല്ല മാതൃകകളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അനിവാര്യമാണ് എന്ന് സ്പീക്കർ ഓർമ്മിപ്പിച്ചു. ക്രമപ്രശ്നം നിലനില്ക്കുന്നതല്ലെന്നും അദ്ദേഹം റൂളിംഗ് നൽകി.

## ജയിച്ചു കയറിയ കന്നിയങ്കം : കാലാവധി വെറും പത്തു ദിവസം


സി.ഹരിദാസ്

1980ൽ ആറാം കേരള നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ജയിച്ച പൊന്നാനിക്കാരൻ സി. ഹരിദാസാണ് കേരള നിയമസഭാ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞകാലം നിയമസഭാംഗമായതിന്റെ റിക്കാർഡ്. നിലമ്പൂർ നിയോജക മണ്ഡലത്തിൽ നിന്നുമാണ് അദ്ദേഹം ടി.കെ. ഹംസയെ തോൽപ്പിച്ച് നിയമസഭയിലെത്തിയത്. ഇ.കെ. നായനാർ മന്ത്രിസഭയിൽ ആര്യാടൻ മുഹമ്മദിന് തൊഴിൽവകുപ്പ് മന്ത്രിയുടെ ചുമതല നൽകിയിരുന്നു. നിയമസഭാംഗമല്ലാത്ത ആര്യാടൻ മുഹമ്മദിന് മത്സരിക്കുന്നതിനു വേണ്ടി പത്തു ദിവസം മാത്രം എം.എൽ.എ. ആയിരുന്ന സി. ഹരിദാസ് 1980 ഫെബ്രുവരി 25 ന് രാജിവച്ചു. നിലമ്പൂരിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ആര്യാടൻ മുഹമ്മദ് വിജയിച്ച് മന്ത്രിപദം നിലനിർത്തി. സി. ഹരിദാസ് 1980-86 കാലയളവിൽ രാജ്യസഭാംഗമായി പ്രവർത്തിച്ചു. 1980 നു മുമ്പോ അതിനുശേഷമോ അദ്ദേഹം കേരള നിയമസഭ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടില്ല. ജനാധിപത്യചരിത്രത്തിലെ ചില സവിശേഷ സാഹചര്യങ്ങളിൽ ഉണ്ടായ റിക്കാർഡിനുടമയാണ് സി. ഹരിദാസ്.

*'1980 ഫെബ്രുവരി 15 ന് ഞാൻ എം.എൽ.എ.യായി സത്യപ്രതിജ്ഞ ചെയ്തു. ഒരാഴ്ച സഭയിലിരുന്നു. ആര്യാടന് മത്സരിക്കുവാൻ വേണ്ടി സീറ്റിനുള്ള ചർച്ച വന്നപ്പോൾ ഞാൻ രാജിവയ്ക്കാമെന്നു പറഞ്ഞു. പത്തുദിവസം എം.എൽ.എ. ആയി. അതേപ്പറ്റി ഇപ്പോൾ പി.എസ്.സി. ചോദ്യമുണ്ട്. എനിക്ക് ആരോടും വിരോധമില്ല. ഇതെല്ലാം ജനാധിപത്യത്തിന്റെ ഭാഗമാണ്. കോൺഗ്രസിലൂടെ വളർന്നവനാണ് ഞാൻ. മഹാരാജാസിൽ കെ.എസ്.യു. വിലൂടെ ആദ്യത്തെ ആർട്ട്സ് സെക്രട്ടറിയായി. മലപ്പുറം ജില്ല രൂപീകരിച്ചപ്പോൾ ആദ്യ യൂത്ത് കോൺഗ്രസ് പ്രസിഡന്റായി. ജില്ലാ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ഡി.സി.സി. പ്രസിഡന്റ് , എം.എൽ.എ., എം.പി. വരെ എത്താൻ പറ്റിയത് വലിയ കാര്യമായി കരുതുന്നു. കക്കാതെ, കളവു പറയാതെ, സമൂഹത്തിന് ദോഷം ചെയ്യാതെ നിൽക്കുവാൻ കഴിഞ്ഞു.*

*ഇന്നത്തെ ചെറുപ്പക്കാരുടെ പോക്ക് കാണുമ്പോൾ വേദനയുണ്ട്. അവരുടെ ചിന്തയിലും നടപ്പിലും ഇരിപ്പിലുമെല്ലാം വർഗ്ഗീയതയാണു കാണുന്നത്. ലോകാ സമസ്താ സുഖിനോ ഭവന്തു എന്നാണല്ലോ 'നമ്മുടെ മതം സാഹോദര്യമാണ്. എല്ലാവരും ലോകത്തിൽ ഒരുമിച്ച് സ്നേഹത്തോടും സാഹോദര്യത്തോടും ജീവിക്കുക. ഈ തലമുറ ഇതറിയാതെ പോകുന്നു. വർഗ്ഗീയതക്കെതിരെയും മദ്യനിരോധനത്തിനും വേണ്ടി മരണം വരെ പോരാടാനാണ് എന്റെ തീരുമാനം.'*

സി.ഹരിദാസ് അറിവോരത്തിനു വേണ്ടി നൽകിയ അഭിമുഖത്തിൽ നിന്ന്...

സഭ ചർച്ച ചെയ്ത അടിയന്തര പ്രമേയം

# കൊറോണ പ്രതിരോധത്തിന് പഴുതടച്ച നടപടികൾ

കോവിഡ് 19 വ്യാപന സാഹചര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിനായി 2020 മാർച്ച് 13-ന് പ്രതിപക്ഷ ഉപനേതാവ് ഡോ. എം.കെ. മുനീർ അടിയന്തര പ്രമേയ നോട്ടീസ് അവതരിപ്പിച്ചു. ഡോ.എം.കെ.മുനീർ, കെ.സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നിവരാണ് നിയമസഭാ ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയത്. വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യാമെന്ന് ആരോഗ്യ വകുപ്പുമന്ത്രി അറിയിച്ചതോടെ വിഷയം അപ്പോൾ തന്നെ സഭ ചർച്ചയ്ക്കെടുത്തു. വെള്ളിയാഴ്ചയായതിനാൽ ചർച്ച ഒന്നരമണിക്കൂറായി നിശ്ചയിച്ചു. ജനങ്ങളിൽ ഉണ്ടാകുന്ന ഭീതിയും ആശങ്കയും ലഘൂകരിക്കുന്നതിനും, വിദേശ മലയാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ പിന്നോട്ടടിക്കുന്ന സാഹചര്യങ്ങൾ ചെറുക്കുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാമൂഹികമാധ്യമങ്ങളുടെ ഇടപെടലുകൾ നിയന്ത്രിക്കുന്നതിനും അടിയന്തര നടപടികൾ ആവശ്യമാണെന്ന് എം.കെ.മുനീർ ആവശ്യപ്പെട്ടു.

ജനങ്ങളെയാകെ ബാധിക്കുന്ന മഹാവ്യാധിയുടെ ചർച്ചയിൽ രാഷ്ട്രീയം നിറഞ്ഞുനിന്നു. കൊറോണ പ്രതിരോധപ്രവർത്തനങ്ങളിലെ വീഴ്ചകളാണ് അടിയന്തരപ്രമേയത്തിലൂടെ ചൂണ്ടിക്കാട്ടിയതെന്ന് പ്രതിപക്ഷം അവകാശപ്പെട്ടു. സർക്കാരിന്റെ പ്രവർത്തനങ്ങളിലെ നല്ല വശം കാണാതെ വിമർശം മാത്രമാണ് പ്രതിപക്ഷം ഉന്നയിച്ചതെന്ന് ഭരണപക്ഷം കുറ്റപ്പെടുത്തി.

സാധാരണ പനിയും ജലദോഷവും കൂടുന്ന കാലമായതിനാൽ പരിശോധനകൾക്ക് കൂടുതൽ വൈദഗ്ദ്ധ്യമുള്ളവരെ നിയോഗിക്കണമെന്ന് ഡോ.എം. കെ.മുനീർ ആവശ്യപ്പെട്ടു. ഭാവിയിൽ ഉണ്ടായേക്കാവുന്ന ഇത്തരം സന്ദർഭങ്ങൾക്ക് പരിഹാരമാകുന്ന തരത്തിൽ പൊതുജനാരോഗ്യ നിയമം പരിഷ്കരിക്കണമെന്നും വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരുടെ കാര്യങ്ങളിൽ കൃത്യമായ അന്വേഷണം വേണമെന്നും പ്രമേയം അവതരിപ്പിച്ച ഡോ. എം. കെ. മുനീർ ആവശ്യപ്പെട്ടു.

ഭരണപക്ഷത്ത് നിന്ന് ആദ്യം സംസാരിച്ച രാജു എബ്രഹാം പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്താണ് എല്ലാ പ്രവർത്തനങ്ങളും മുന്നോട്ട് നീക്കുന്നതെന്ന് പറഞ്ഞു. ആദ്യഘട്ടത്തിൽ പരാതികളൊന്നും ഉന്നയിച്ചിട്ടില്ലെന്നും എന്നാൽ തുടർന്നുള്ള പ്രവർത്തനങ്ങളിൽ സർക്കാരിൽ നിസ്സംഗതയാണ് പ്രകടമാകുന്നതെന്നും അനിൽ അക്കര പറഞ്ഞു. സർക്കാർ ചെയ്തുകൊണ്ടിരിക്കുന്ന നല്ല പ്രവർത്തനങ്ങൾ കുറച്ചുകാണുകയാണ് പ്രതിപക്ഷം ചെയ്യുന്നതെന്ന് ചിറ്റയം ഗോപകുമാർ കുറ്റപ്പെടുത്തി. വീഴ്ച ചൂണ്ടിക്കാട്ടിയാൽ അതിനെ എതിർക്കുന്ന പ്രവണത നല്ലതല്ലെന്ന് മോൻസ് ജോസഫ് അഭിപ്രായപ്പെട്ടു.

ആശങ്കയുണ്ടാക്കി ജനങ്ങളെ ഭയപ്പെടുത്താതെ ജാഗ്രതയോടെ പ്രശ്നത്തെ കൈകാര്യം ചെയ്യുവാൻ മുന്നോട്ടുവരുന്ന സർക്കാരിനെ ആക്ഷേപിക്കുന്ന സമീപനം സ്വീകരിക്കരുതെന്ന് സജി ചെറിയാൻ ആവശ്യപ്പെട്ടു. പകർച്ചവ്യാധിയുടെ ദോഷഫലം ജനങ്ങൾ അനുഭവിക്കാത്ത രീതിയിൽ പരസ്പരം സഹകരിച്ചും സഹായിച്ചും പരിഹാരമുണ്ടാക്കാൻ ശ്രദ്ധിക്കണമെന്ന് ഒ. രാജഗോപാൽ അഭിപ്രായപ്പെട്ടു. രോഗം വ്യാപിക്കുന്ന പശ്ചാത്തലത്തിൽ ജനങ്ങളിലുണ്ടാകുന്ന മാനസിക സംഘർഷം കുറയ്ക്കാൻ കൗൺസിലിംഗ് പോലുള്ള സംവിധാനങ്ങൾ ഒരുക്കണമെന്ന് അനൂപ് ജേക്കബ് ആവശ്യപ്പെട്ടു. ഇറ്റലിയിൽ നിന്ന് തിരുവനന്തപുരത്ത് എത്തിയ രോഗിയുടെ പരിശോധനകൾ സർക്കാർ ലാഘവത്തോടെയാണ് കണ്ടതെന്ന് കെ. എസ്. ശബരീനാഥൻ കുറ്റപ്പെടുത്തി.

ദുരന്തങ്ങൾ സർക്കാരിന്റെ കുഴപ്പമാണെന്ന് വരുത്തിതീർക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നതെന്ന് മാത്യു ടി. തോമസ് പറഞ്ഞു. ലോകം മുഴുവൻ കേരളത്തിന്റെ പ്രതിരോധപ്രവർത്തനങ്ങളെ അഭിനന്ദിക്കുമ്പോൾ പ്രതിപക്ഷം സർക്കാരിന്റെ പ്രവർത്തനങ്ങളിലെ തകരാറുകൾ മാത്രമാണ് കാണുന്നതെന്ന് കെ. വി. അബ്ദുൾ ഖാദർ കുറ്റപ്പെടുത്തി. ജനങ്ങളുടെ ഭീതിയും ആശങ്കയും അകറ്റാൻ ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിക്കണമെന്ന് കോവൂർ കുഞ്ഞുമോൻ അഭിപ്രായപ്പെട്ടു.

ആരോഗ്യമന്ത്രിയുടെ വാക്കുകൾ കേരളത്തിലെ സാധാരണജനങ്ങൾ ഒന്നടങ്കം കാതോർക്കുകയാണെന്ന് കെ.യു.ജനീഷ് കുമാർ പറഞ്ഞു. പഴുതുകളടച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നതെന്ന് വീണ ജോർജ് അഭിപ്രായപ്പെട്ടു.

ലോകം മുഴുവൻ കോവിഡ് 19 പടർന്ന് പിടിക്കുന്ന സാഹചര്യത്തിൽ മതിയായ പരിശോധനകൾ വിമാനത്താവളങ്ങളിൽ നടത്തണമെന്നും, വിദേശത്ത് നിന്ന് എത്തുന്നവരെ കർശനമായി നിരീക്ഷണ വിധേയമാക്കണമെന്നും പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. കോവിഡിനെതിരായ പ്രവർത്തനങ്ങളിൽ സർക്കാരിനൊപ്പം പ്രതിപക്ഷവും മുന്നിൽതന്നെയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

മഹാവിപത്തിനെതിരെ കൂട്ടായ പ്രവർത്തന മാണ് വേണ്ടതെന്നും രോഗികൾക്കും, ക്വാറന്റൈനിലുള്ളവർക്കും അവശ്യം വേണ്ട കരുതലുകൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് എടുത്തിട്ടുണ്ടെന്നും ഇതിനായി തദ്ദേശസ്വയംഭരണ പ്രതിനിധികൾ, കുടുംബശ്രീ-അയൽകൂട്ടക്കാർ, ആശാവർക്കർമാർ, പോലീസ് എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും എന്നാൽ ജനങ്ങളുടെ ഭാഗത്ത് നിന്ന് ഉത്തരവാദിത്തപരമായ സമീപനമാണ് ഉണ്ടാകേണ്ടതെന്നും ആരോഗ്യമന്ത്രി മറുപടിപ്രസംഗത്തിൽ പറഞ്ഞു. പഴുതടച്ച നടപടികളാണ് എടുത്തിട്ടുള്ളതെന്നും എന്നാൽ എല്ലാ പഴുതുകളും അടയ്ക്കണമെങ്കിൽ പ്രതിപക്ഷത്തിന്റെ സഹകരണം കൂടി ആവശ്യമാണെന്നും മന്ത്രി അറിയിച്ചു. കോവിഡ് വ്യാപനം തടയുന്നതിനായി സീ-പോർട്ട് , എയർ പോർട്ട്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, വ്യാജ വാർത്ത പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ആരോഗ്യമന്ത്രി സഭയെ അറിയിച്ചു. ആരോഗ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രമേയം സഭ തള്ളി.

## കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി

# നിയമസഭ നേരത്തെ പിരിഞ്ഞു

പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനം കോവിഡ്-19 പശ്ചാത്തലത്തിൽ നിർത്തിവയ്ക്കുമ്പോൾ പകർച്ച വ്യാധി ഭീതിയിൽ കേരള നിയമസഭ ഒരിക്കൽകൂടി നിറുത്തിവയ്ക്കുകയായിരുന്നു. തിരുവനന്തപുരം നഗരത്തിൽ ഇൻഫ്ളുവൻസ പടർന്നുപിടിച്ച സാഹചര്യത്തിൽ 1957 ജൂൺ 20 ന് സഭ താൽക്കാലികമായി നിർത്തിവയ്ക്കുകയും പിന്നീട് ജൂലൈ 13 ന് സമ്മേളനം പുനരാരംഭിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച വാർത്ത അറിവോരം 1/2020 ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

പതിനാലാം കേരള നിയമസഭയുടെ പത്തൊൻപതാം സമ്മേളനം 2020 മാർച്ച് 2ന് ആരംഭിച്ച് 2020 ഏപ്രിൽ 8 ന് അവസാനിക്കുന്ന രീതിയിലാണ് നിശ്ചയിച്ചിരുന്നത്. ആകെ 27 സമ്മേളന ദിവസങ്ങൾ. സഭാ സമ്മേളനം ആരംഭിച്ചതു തന്നെ കോവിഡ്-19 പകർച്ചവ്യാധിയുടെ ഭീതി നിഴലിക്കുന്ന അന്തരീക്ഷത്തിലായിരുന്നു. സംസ്ഥാനത്തും രോഗം റിപ്പോർട്ട് ചെയ്തു തുടങ്ങിയപ്പോൾ ജനങ്ങളിൽ ഭീതിയകറ്റുന്നതിനും ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജനപ്രതിനിധികളെ നിയോഗിക്കണമെന്ന ആവശ്യം ഉയർന്നു. നിശ്ചയിച്ച കാര്യപരിപാടി പ്രകാരം എട്ടു ദിവസത്തെ സമ്മേളനം സഭ പൂർത്തിയാക്കി. ഇതിനിടയിൽ നിയമസഭാംഗങ്ങൾ തന്നെ സഭ നിർത്തിവയ്ക്കണമെന്നാവശ്യപ്പെടുകയുണ്ടായി. 2020 മാർച്ച് 12 ന് ചേർന്ന കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് അവശേഷിക്കുന്ന ധനാഭ്യർത്ഥനകൾ ചർച്ച ചെയ്യാതെ പാസാക്കാനും ധനവിനിയോഗ ബിൽ പാസാക്കാനും ശിപാർശ ചെയ്തിരുന്നു. സമിതി റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ചു. പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എ.കെ.ബാലൻ പ്രമേയം പിന്താങ്ങി. എന്നാൽ പ്രതിപക്ഷ കക്ഷി അംഗങ്ങൾ ബജറ്റ് ചർച്ച നടക്കുമ്പോൾ സഭാനടപടികൾ ഗില്ലറ്റിൻ ചെയ്യുന്നതിനെതിരായിരുന്നു. സഭയുടെ സുതാര്യത നഷ്ടപ്പെടുത്തുമെന്നായിരുന്നു എം.ഉമ്മർ ഈ നടപടിയെക്കുറിച്ച് പറഞ്ഞത്. ഇതുപതിലധികം ധനാഭ്യർത്ഥനകൾ ചർച്ച ചെയ്യാതെ ഒന്നിച്ച് ഗില്ലറ്റിൻ ചെയ്യുന്ന നടപടി സഭാ ചരിത്രത്തിൽ ആദ്യമാണെന്ന് കെ.സി.ജോസഫ് പറഞ്ഞു. വോട്ട് ഓൺ അക്കൗണ്ട് പാസാക്കണമെന്നും പൂർത്തിയാക്കാനുള്ള ധനാഭ്യർത്ഥനചർച്ചകൾ ഒരിടവേളക്കുശേഷം തുടരാമെന്നും പി.ടി.തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല എന്നിവർ നിർദ്ദേശിച്ചു. ഇതര സംസ്ഥാനങ്ങളിലും പാർലമെന്റിലും സമ്മേളനങ്ങൾ തുടരുന്ന കാര്യവും പ്രതിപക്ഷാംഗങ്ങൾ ചൂണ്ടിക്കാട്ടി.

മഹാമാരിയുടെ വിപത്ത് നേരിടുന്ന പ്രത്യേക സാഹചര്യത്തിലാണ് സഭ വോട്ട് ഓൺ അക്കൗണ്ട് പാസാക്കാതെ പിരിയാൻ തീരുമാനിച്ചതെന്നും പ്രതിപക്ഷം സഹകരിക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. ധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസാക്കുന്നത് തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കുമെന്നും അത് ജനാധിപത്യവിരുദ്ധമാണെന്നും ആരോപിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സഭ അംഗീകരിച്ചു. 2020 മാർച്ച് 13 ന് നടപടികൾ പൂർത്തിയാക്കി സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.


പകർച്ചപ്പനിയാൽ നിറുത്തി വച്ച സഭാ സമ്മേളനം

*പകർച്ചപ്പനികാരണം സഭ നിർത്തിവച്ചതു സംബന്ധിച്ച് 1/2020 ലക്കം അറിവോരത്തിൽ ചേർത്ത വാർത്ത*

# കോവിഡ് 19 : നിയമസഭാ ഹെൽപ്പ് ഡെസ്കിലേക്ക് അയ്യായിരത്തിൽപ്പരം ഫോൺ കോളുകൾ




കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നിയമസഭാ സ്പീക്കറെ ബന്ധപ്പെടുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചു വരുന്ന ഹെൽപ്പ് ഡെസ്കിലേക്ക് അയ്യായിരത്തിൽപ്പരം ഫോൺ കോളുകളാണ് വന്നത്. സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന വാർ റൂം ഉൾപ്പെടെ ഗവൺമെന്റിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിലാണ് നിയമസഭാ സെക്രട്ടേറിയറ്റിലെ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നത്. സഹായങ്ങളും വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ടുള്ള അയ്യായിരത്തോളം ഫോൺ കോളുകൾ കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും ഹെൽപ്പ് ഡെസ്കിന് സാധിച്ചിട്ടുണ്ട്. പൊതുജനങ്ങളും പ്രവാസികളും ഈ സൗകര്യം പ്രയോജനപ്പെടുത്തുകയുണ്ടായി.

## നിയമസഭാ സെക്രട്ടേറിയറ്റിലെ കൊറോണ സെൽ

ലോക്സഭാ സ്പീക്കർ വിളിച്ചുചേർത്ത സംസ്ഥാന നിയമസഭാദ്ധ്യക്ഷൻമാരുടെ വീഡിയോ കോൺഫറൻസിലെ തീരുമാനപ്രകാരം കേരള നിയമസഭയിൽ ഒരു കൊറോണ സെൽ രൂപീകരിച്ചിട്ടുണ്ട്. ടേബിൾ വിഭാഗം അഡീഷണൽ സെക്രട്ടറി, ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറി, നിയമസഭാ സെക്രട്ടറിയുടെ ഓഫീസിലെ അണ്ടർ സെക്രട്ടറി എന്നിവരുടെ ചുമതലയിലാണ് സെൽ പ്രവർത്തിക്കുന്നത്. പാർലമെന്റിലെയും സംസ്ഥാന നിയമസഭകളുടെയും അദ്ധ്യക്ഷന്മാർ ഉൾപ്പെടെ സഭാംഗങ്ങൾക്ക് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളും സഹായാഭ്യർത്ഥനകളും മുൻഗണനയോടു കൂടി പരിഗണിക്കുന്നതിനും പരിഹരിക്കുന്നതിനുമായാണ് സെൽ പ്രവർത്തിക്കുന്നത്. പാർലമെന്റിലും രാജ്യത്തെ എല്ലാ നിയമസഭകളിലും ഇത്തരം കൊറോണ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. നിയമസഭാ സെക്രട്ടേറിയറ്റിൽ നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് കൊറോണ സെല്ലായി പ്രവർത്തിക്കുന്നു.

## നിയമസഭാ സെക്രട്ടേറിയറ്റിലെ സുരക്ഷാക്രമീകരണങ്ങൾ

കോവിഡ് 19 മഹാമാരിയുടെ നിർവ്യാപന-പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സർക്കാർ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് ജോലിക്ക് എത്തിച്ചേരാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി



ഓരോ ഘട്ടത്തിലും പരിപത്രം പുറപ്പെടുവിച്ചിരുന്നു. നിയമസഭാ സെക്രട്ടേറിയറ്റിന്റെ എല്ലാ വിഭാഗങ്ങളും ഏപ്രിൽ 27 മുതൽ തിരുവനന്തപുരം ജില്ലയ്ക്കകത്തു താമസിക്കുന്നവരുടെ സേവനം പ്രയോജനപ്പെടുത്തിയും അടിയന്തര ഘട്ടങ്ങളിൽ ജില്ലയ്ക്കു പുറത്തുള്ള ജീവനക്കാരെ ജോലിക്ക് നിയോഗിക്കേണ്ടിവരുന്നപക്ഷം അവരെ ഡ്യൂട്ടിക്ക് നിയോഗിച്ചും നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി. ഭിന്നശേഷിക്കാർ, ഗുരുതര രോഗബാധിതർ, ഗർഭിണികൾ, അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ അമ്മമാർ എന്നിവരെ ഡ്യൂട്ടിയിൽ നിന്നും പരമാവധി ഒഴിവാക്കിയിരുന്നു. കൂടാതെ കോവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് 'ബ്രേക്ക് ദി ചെയിൻ' പരിപാടിയുടെ നടപടിക്രമം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് അതതു വിഭാഗങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കോവിഡ് 19 വ്യാപന സാഹചര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലും നിയമസഭാ ഹോസ്റ്റലിലും സന്ദർശകരെ വിലക്കുകയും സഭാ സമിതികളുടെ യോഗങ്ങൾ നിർത്തിവയ്ക്കുകയും ചെയ്തു. നിയമസഭാ സമുച്ചയത്തിലും നിയമസഭാ ഹോസ്റ്റലിലും ജീവനക്കാരുടെ പ്രവേശനവും പുറത്തുപോകലും ഒരു ഗേറ്റിലൂടെ മാത്രമായി പരിമിതപ്പെടുത്തി. അകത്ത് പ്രവേശിക്കുന്ന ഓരോ ജീവനക്കാരനേയും ഫ്ളാഷ് തെർമോമീറ്റർ ഉപയോഗിച്ച് പരിശോധന നടത്തി കോവിഡ് രോഗലക്ഷണങ്ങൾ ഇല്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. എല്ലാ ജീവനക്കാരും മാസ്ക് ഉപയോഗിക്കുന്നതിനും സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ അണുനശീകരണം നടത്തുന്നതിനും നിർദ്ദേശം നൽകുകയും ഇതിനു ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

## കമ്മ്യൂണിറ്റി കിച്ചനിലേക്ക് ഭക്ഷണപ്പൊതികൾ

തിരുവനന്തപുരം കോർപ്പറേഷൻ ആരംഭിച്ച സാമൂഹ്യ അടുക്കളയിലേക്ക് നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഭാവനയായി 2020 ഏപ്രിൽ 1 മുതൽ 28 വരെ ഭക്ഷണപ്പൊതികൾ നൽകി. നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരിൽ നിന്നും



സംഭാവനയായി തുക സ്വീകരിച്ചു കൊണ്ടാണ് ചെലവുകൾ നിർവ്വഹിച്ചത്. നിയമസഭയിലെ സ്റ്റാഫ് ക്യാന്റീനാണ് ഭക്ഷണം തയ്യാറാക്കിയത്. ക്യാന്റീൻ ജീവനക്കാരോടൊപ്പം നിയമസഭാ ജീവനക്കാരും ഭക്ഷണപ്പൊതികൾ തയ്യാറാക്കുന്നതിൽ പങ്കാളികളായി. നാലായിരത്തി തൊള്ളായിരം ഭക്ഷണപ്പൊതികൾ കമ്മ്യൂണിറ്റി കിച്ചണിലേക്ക് നൽകി.

# കോവിഡ് പ്രതിസന്ധി : ചെലവ് ചുരുക്കി നിയമസഭ

കോവിഡ് പ്രതിസന്ധി പരിഗണിച്ച് കേരള നിയമസഭ ചെലവു ചുരുക്കുമെന്ന് സ്പീക്കർ. നിയമസഭാ സെക്രട്ടേറിയറ്റിൽ പുതിയ തസ്തികകൾ ഉണ്ടാകില്ലെന്നും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കി ചെലവു ചുരുക്കുമെന്നും സ്പീക്കർ അറിയിച്ചു. ചെലവു ചുരുക്കലിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ വാങ്ങില്ലെന്നും അദ്ദേഹം പറഞ്ഞു.

നിയമസഭാ സമിതികളുടെ അന്തർസംസ്ഥാന പഠനയാത്രകൾ നിയന്ത്രിക്കുമെന്നും പരിഗണനയിലുള്ള നിർമ്മാണ പ്രവൃത്തികളിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച ഒരു പ്രവൃത്തി മാത്രമേ നടപ്പാക്കുകയുള്ളുവെന്നും സ്പീക്കർ അറിയിച്ചു. അനിവാര്യമല്ലാത്ത സാധനസാമഗ്രികൾ വാങ്ങുന്നതിനും നിയന്ത്രണം ബാധകമാകും. എം.എൽ.എ. ഹോസ്റ്റലിൽ ഏറ്റവും അനിവാര്യമായ അറ്റകുറ്റപ്പണികൾ മാത്രം നടത്തിയും വാഹനങ്ങളുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയും ചെലവ് നിയന്ത്രിക്കും.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വന്തം മണ്ഡലത്തിലോ അനിവാര്യമായ സാഹചര്യങ്ങളിൽ ജില്ലയിലോ എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുവാൻ പ്രത്യേക അനുമതി നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുമെന്നും സ്പീക്കർ പറഞ്ഞു.

നിയമസഭയുടെ ചെലവിൽ 25 ശതമാനം കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുവാൻ സമിതിയെ നിയോഗിച്ചു. നിയമസഭാ ഹോസ്റ്റലിലെയും നിയമസഭാ സെക്രട്ടേറിയറ്റിലെയും ചെലവിനങ്ങളുടെ പട്ടിക പരിശോധിച്ച് ചെലവു ചുരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിയമസഭാ സെക്രട്ടറി അധ്യക്ഷനായ എട്ടംഗ സമിതി അടിയന്തരമായി സമർപ്പിക്കണം. സമിതിയുടെ ഏകോപനച്ചുമതല നിയമസഭാ സ്പെഷ്യൽ സെക്രട്ടറിക്കാണ്.

ഇതരസഭാ വാർത്തകൾ


## ആന്ധ്രാപ്രദേശ് ലെജിസ്ലേറ്റീവ് കൗൺസിൽ റദ്ദു ചെയ്യാൻ നിയമസഭയിൽ പ്രമേയം



വൈ.എസ്. ജഗൻമോഹൻ റെഡ്ഡി



എൻ.ടി. രാമറാവു



വൈ.എസ്. രാജശേഖര റെഡ്ഡി

സംസ്ഥാന ലെജിസ്ലേറ്റീവ് കൗൺസിൽ നിർത്തലാക്കണമെന്ന പ്രമേയം 2020 ജനുവരി 27 ന് ആന്ധ്രാപ്രദേശ് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി. പ്രമേയം അനന്തര നടപടികൾക്കായി കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തു.മുഖ്യമന്ത്രി വൈ.എസ്. ജഗൻമോഹൻ റെഡ്ഡിയാണ് പ്രമേയം അവതരിപ്പിച്ചത്. 133 അംഗങ്ങൾ അനുകൂലമായി വോട്ടു ചെയ്തു.

സംസ്ഥാന നിയമനിർമ്മാണസഭകളിലെ ഉപരിസഭയാണ് നിയമസമിതി അഥവാ ലെജിസ്ലേറ്റീവ് കൗൺസിൽ. പാർലമെന്റിൽ രാജ്യസഭയ്ക്കു സമാനമായി രൂപീകൃതമായിട്ടുള്ള സ്ഥിരംസഭയായ നിയമസമിതി സംസ്ഥാനത്തിന് റദ്ദു ചെയ്യാനാവില്ല. സംസ്ഥാന നിയമസഭ മാത്രമാണ് പിരിച്ചുവിടാവുന്നത്. സമിതി നിറുത്തലാക്കുന്നതിനോ സമിതി ഇല്ലാതിരിക്കുന്ന സംസ്ഥാനങ്ങളിൽ സൃഷ്ടിക്കപ്പെടുന്നതിനോ ഉള്ള സമ്പൂർണ്ണ അധികാരം പാർലമെന്റിലാണ് നിക്ഷിപ്ത മായിരിക്കുന്നത് സംസ്ഥാനത്ത് നിയമസഭ ആകെയുള്ള അംഗങ്ങളുടെ ഭൂരിപക്ഷത്തോടും, ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത ഭൂരിപക്ഷത്തോടും കൂടി ആ അർത്ഥത്തിൽ ഒരു പ്രമേയം പാസ്സാക്കുന്നുവെങ്കിൽ നിയമ സമിതി നിർത്തലാക്കാൻ നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണെന്ന് ഭരണഘടനയുടെ അനുച്ഛേദം 169 (1) അനുശാസിക്കുന്നു.

ആന്ധ്രപ്രദേശിൽ നിയമസമിതി റദ്ദു ചെയ്യുന്നത് ആദ്യമല്ല 1985ൽ തെലുഗുദേശം പാർട്ടി അധികാരത്തിൽ വന്നു. നിയമ സമിതിയിൽ കോൺഗ്രസിന് ഭൂരിപക്ഷം ഉണ്ടായ സാഹചര്യത്തിൽ മുഖ്യമന്ത്രി എൻ.ടി. രാമറാവുവിന് ഭരണതലത്തിൽ പ്രതിസന്ധികളുണ്ടായി. 1985 ലെ ആന്ധ്രപ്രദേശ് നിയമസമിതി (നിറുത്തലാക്കൽ) ആക്ട് പ്രകാരം കൗൺസിൽ നിറുത്തലാക്കി. 2007 ൽ ജഗൻ മോഹൻ റെഡ്ഡിയുടെ പിതാവ് വൈ.എസ്. രാജശേഖര റെഡ്ഡി മുഖ്യമന്ത്രി പദവിയിലെത്തിയപ്പോൾ വീണ്ടും രൂപീകരിക്കപ്പെട്ട നിയമ സമിതിയാണ് ഇപ്പോൾ നിറുത്തലാക്കൽ നടപടിക്ക് വിധേയമാകുന്നത്.

## കർണാടകത്തിൽ കുട്ടികളുടെ ക്ഷേമത്തിനായി പ്രത്യേക ബജറ്റ്



ബി.എസ്. യെദ്യൂരപ്പ

കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും മുൻഗണന നൽകുന്ന പ്രത്യേക ബജറ്റുമായി കർണാടക മുഖ്യമന്ത്രി ബി.എസ്. യെദ്യൂരപ്പ. പതിനെട്ട് വയസിനു താഴെയുള്ള കുട്ടികളുടെ ക്ഷേമവും വിദ്യാഭ്യാസവും ലക്ഷ്യം വച്ചുകൊണ്ടുള്ള 279 പദ്ധതികൾക്കായി 36,340 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ബജറ്റിന്റെ 15.28 ശതമാനമാണിത്. പഠനം ആനന്ദകരമാക്കുന്നതിന്റെ ഭാഗമായി ഒരു മാസത്തിൽ രണ്ട് ശനിയാഴ്ചകളിൽ സ്കൂളിൽ കുട്ടികൾക്ക് ബാഗ് കൊണ്ടുവരേണ്ടതില്ല ഈ ദിവസങ്ങളിൽ ബോധവൽക്കരണ പരിപാടികളും മാതൃകാപൗരൻ മാരാകാനുള്ള പരിശീലനവും കുട്ടികൾക്ക് നൽകും. കുട്ടികളുടെ ഉന്നമനത്തിനായി മറ്റു പല പദ്ധതികളും പ്രത്യേക ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2007-08 വർഷത്തിൽ സ്ത്രീകളുടെ ക്ഷേമത്തിനായും പ്രത്യേക ബജറ്റ് കൊണ്ടുവന്നിരുന്നു. 400 സർക്കാർ ഉർദു സ്കൂളുകളിൽ പഠന മാധ്യമം ഇംഗ്ലീഷാക്കും. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഏഴു പുതിയ ബാലമന്ദിരങ്ങൾ സ്ഥാപിക്കും. കുട്ടികൾക്കായി ബംഗളൂരുവിൽ പുനരധിവാസ കേന്ദ്രം തുടങ്ങും. പ്രളയത്തിൽ നശിച്ച അങ്കണവാടികൾ പുനർനിർമിക്കും. ബാലമന്ദിരത്തിൽ താമസിക്കുന്ന കുട്ടികൾക്ക് പ്രായപൂർത്തിയാകുമ്പോൾ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനം നൽകും; ഇതോടൊപ്പം മൂന്നു വർഷക്കാലം 5000 രൂപ മാസം തോറും നൽകും എന്നീ പദ്ധതികളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കൂറുമാറ്റ നിരോധന നിയമം : അസാധാരണ നടപടിയിലൂടെ മണിപ്പൂർ മന്ത്രിയെ നീക്കി സുപ്രീം കോടതി

മണിപ്പൂർ നിയമസഭയിൽ സുപ്രീം കോടതിയുടെ അത്യപൂർവ്വ ഇടപെടൽ. ഭരണഘടനയുടെ 142-ാം അനുച്ഛേദ പ്രകാരമുള്ള സവിശേഷാധികാരം ഉപയോഗിച്ച് മണിപ്പൂർ വനം മന്ത്രിയെ സുപ്രീം കോടതി തൽസ്ഥാനത്തു നിന്നും നീക്കി. അടുത്തൊരുത്തരവുണ്ടാകുന്നതു വരെ നിയമസഭയിൽ പ്രവേശിക്കുന്നതിനും വിലക്കേർപ്പെടുത്തി. മണിപ്പൂർ വനം മന്ത്രിയും ബി.ജെ.പി. അംഗവുമായ ടി.എച്ച്. ശ്യാംകുമാറിനാണ് കോടതി വിലക്കേർപ്പെടുത്തിയത്.

2017 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി ജയിച്ച ശ്യാംകുമാർ പിന്നീട് ബിജെ.പി. സർക്കാരിന്റെ ഭാഗമാകുകയായിരുന്നു. അദ്ദേഹത്തെ അയോഗ്യനാക്കണമെന്ന പരാതിയിൽ സ്പീക്കർ യഥാസമയം തീരുമാനമെടുക്കാത്തതിനെത്തുടർന്നാണ് സുപ്രീം കോടതിയുടെ അപൂർവ്വ നടപടി. തീരുമാനമെടുക്കാൻ മാർച്ച് 28 വരെ സ്പീക്കർ യുംനാം ഖേംചന്ദ് സിംഗ് സമയം ആവശ്യപ്പെട്ടെങ്കിലും തങ്ങളുടെ സവിശേഷാധികാരം ഉപയോഗിക്കാൻ നിർബന്ധിതരായെന്ന് വ്യക്തമാക്കിക്കൊണ്ടാണ് ജസ്റ്റിസുമാരായ ആർ.എഫ്. നരിമാൻ, എസ്. രവീന്ദ്രഭട്ട് എന്നിവരുടെ ബഞ്ച് വിധി പുറപ്പെടുവിച്ചത്.

കൂറുമാറ്റം സംബന്ധിച്ച പരാതികളിൽ നിശ്ചിത സമയത്ത് നടപടി സ്വീകരിക്കുന്നതിന് ഒരു സ്വതന്ത്ര ട്രിബ്യൂണലിനെ നിയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ പാർലമെന്റിനോട് കോടതി ആവശ്യപ്പെട്ടു. കൂറുമാറ്റ നിരോധന നിയമം ശക്തമാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു നടപടി. ഒരു രാഷ്ട്രീയപാർട്ടിയുടെ അംഗമായ സ്പീക്കർ ഇത്തരം ഒരു വിഷയത്തിൽ തീരുമാനമെടുക്കുന്നതിൽ ഉള്ള അനൗചിത്യം കോടതി ചൂണ്ടിക്കാട്ടി. മണിപ്പൂരിൽ സ്പീക്കർക്ക് തീരുമാനമെടുക്കാൻ സുപ്രീംകോടതി ആദ്യം നാലാഴ്ച സമയം നൽകി. തുടർന്ന് മാർച്ച് നാലിന് പത്തു ദിവസം കൂടി സമയം അനുവദിച്ചു. എന്നാൽ മാർച്ച് 18-ന് വീണ്ടും സമയം ആവശ്യപ്പെട്ടതോടെയാണ് സുപ്രീംകോടതി ഇടക്കാല വിധി പ്രസ്താവിച്ചത്.



ടി.എച്ച്. ശ്യാംകുമാർ



യുംനാം ഖേംചന്ദ്സിംഗ്

വിധി സ്പീക്കറുടെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമാണോ എന്ന ചർച്ച പാർലമെന്റിലും നടന്നു. സമാനമായ കേസിൽ തമിഴ്നാട് സ്പീക്കർ തീരുമാനമെടുക്കാത്തതു സംബന്ധിച്ച് ഡി.എം.കെ. പാർലമെന്റംഗം പി. വിൽസനാണ് രാജ്യസഭയിൽ വിഷയമവതരിപ്പിച്ചത്. നിയമസഭയുടെ കാലാവധി അവസാനിക്കാൻ ഒരു വർഷം മാത്രം അവശേഷിക്കുമ്പോൾ, 2017-ൽ പതിനൊന്ന് എ.ഐ.എ.ഡി.എം.കെ. അംഗങ്ങളെ അയോഗ്യരാക്കണമെന്നാവശ്യപ്പെട്ട് ഡി.എം.കെ. നൽകിയ പരാതിയിൽ സ്പീക്കർ ഇതുവരെയും തീരുമാനമെടുത്തിട്ടില്ല. തീരുമാനമെടുക്കുന്നതിൽ സ്പീക്കർമാർ വരുത്തുന്ന കാലതാമസം സംബന്ധിച്ച് സംസാരിക്കുന്നതിനിടയിൽ മണിപ്പൂർ വിഷയം പി. വിൽസൺ പരാമർശിച്ചു. വിഷയത്തിൽ ഇടപെടണമെന്ന് അധ്യക്ഷൻ വെങ്കയ്യ നായിഡു നിയമമന്ത്രി രവിശങ്കർ പ്രസാദിനോട് ആവശ്യപ്പെട്ടു. ഇത്തരം വിഷയങ്ങളിൽ സ്പീക്കർമാർക്കെതിരെയുള്ള പരാമർശങ്ങൾ പരമോന്നത കോടതി ഒഴിവാക്കണമെന്നതാണ് കോടതിയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് തനിക്കു പറയാനുള്ളതെന്ന് രവിശങ്കർ പ്രസാദ് മറുപടി നൽകി. രാജ്യത്തെ എല്ലാ സംവിധാനങ്ങളും പരസ്പരം ബഹുമാനിക്കണം. ജുഡീഷ്യറിക്കൊപ്പം സ്പീക്കർമാർക്കും ഭരണഘടനാ പ്രക്രിയയിൽ തുല്യ സ്ഥാനമുണ്ട്. കോൺഗ്രസ് നേതാവ് ആനന്ദ് ശർമ്മ നിയമമന്ത്രിയെ അനുകൂലിച്ചത് ശ്രദ്ധേയമായി.

സുപ്രീംകോടതിയിൽ നിന്നും തിരിച്ചടി നേരിട്ടതിനെത്തുടർന്ന് നിയമസഭാംഗത്വം രാജിവക്കാൻ ടി.എച്ച്. ശ്യാംകുമാർ സന്നദ്ധനായെങ്കിലും സ്പീക്കർ അംഗീകരിച്ചില്ല. എന്നാൽ മാർച്ച് 28 ന് ടി.എച്ച്. ശ്യാംകുമാറിനെ കൂറുമാറ്റ നിരോധന നിയമ പ്രകാരം സ്പീക്കർ യുംനാം ഖേംചന്ദ് സിംഗ് അയോഗ്യനാക്കി. കേസ് സുപ്രീംകോടതി വീണ്ടും മാർച്ച് 30 ന് പരിഗണിക്കാനിരിക്കെയായിരുന്നു സ്പീക്കറുടെ തീരുമാനം.

### ഭരണഘടനയുടെ അനുച്ഛേദം : 142

സുപ്രീംകോടതിയുടെ ഡിക്രികളും ഉത്തരവുകളും പ്രാവർത്തികമാക്കലും, വെളിപ്പെടുത്തൽ സംബന്ധിച്ച ഉത്തരവുകളും, മുതലായവ -(1) സുപ്രീംകോടതിക്ക്, അതിന്റെ അധികാരികതയുടെ പ്രയോഗത്തിൽ, അതിന്റെ മുമ്പാകെ നിലവിലുള്ള ഏതെങ്കിലും കാരണത്തിലോ വിഷയത്തിലോ, പൂർണ്ണമായും നീതി നടത്തുന്നതിന് ആവശ്യമായ അങ്ങനെയുള്ള ഡിക്രി പാസ്സാക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതും, അപ്രകാരം പാസ്സാക്കിയ ഏതെങ്കിലും ഡിക്രിയോ അപ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴിയോ അല്ലെങ്കിൽ നിയമപ്രകാരമോ നിർണ്ണയിക്കുന്ന വിധത്തിലും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ രാഷ്ട്രപതി ഉത്തരവു വഴി നിർണ്ണയിക്കുന്ന വിധത്തിലും, ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ എവിടെയും പ്രാവർത്തികമാക്കാവുന്നതും ആകുന്നു.

(2) പാർലമെന്റ് ഇതിലേക്ക് ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭാരതത്തിന്റെ ഭൂപ്രദേശത്തെ മുഴുവൻ സംബന്ധിച്ച്, സുപ്രീം കോടതിക്ക് ഏതെങ്കിലും ആളെ ഹാജരാക്കുവാനും ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയോ ഹാജരാക്കുകയോ ചെയ്യുവാനും, അതിന്റെതന്നെ ഏതെങ്കിലും അലക്ഷ്യത്തെപ്പറ്റി അന്വേഷണ വിചാരണ ചെയ്യുവാനും ശിക്ഷിക്കുവാനും വേണ്ടി ഏത് ഉത്തരവും പുറപ്പെടുവിക്കുന്നതിന് സമസ്തവും പ്രത്യേകവുമായ അധികാരം ഉണ്ടായിരിക്കുന്നതാണ്.

# നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ പ്രഭാവ പഠനങ്ങൾ

**ആർ.കിഷോർ കുമാർ**, സ്പെഷ്യൽ സെക്രട്ടറി

കേരള നിയമസഭ പാസ്സാക്കിയ നിയമങ്ങൾ ഏതൊക്കെയാണെന്നും അത് ഏതുവർഷമാണ് പാസ്സാക്കിയതെന്നും അതു സംബന്ധിച്ച ബിൽ നിയമസഭയിൽ അവതരിപ്പിച്ച മന്ത്രിയാരാണെന്നും എന്തൊക്കെ വ്യവസ്ഥകളാണ് പ്രസ്തുത നിയമങ്ങളിലുള്ളതെന്നുമൊക്കെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിരവധി ഗ്രന്ഥങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റ് ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ നിന്നൊക്കെ വേറിട്ടൊരു സമീപനത്തോടെ തയ്യാറാക്കിയ 'കേരളം പാസ്സാക്കിയ നിയമങ്ങൾ - പ്രഭാവ പഠനങ്ങൾ' എന്ന പുതിയൊരു ഗ്രന്ഥം പ്രകാശനത്തിന് സജ്ജമായിക്കഴിഞ്ഞു. സംസ്ഥാന രൂപീകരണത്തിനുശേഷം സഭ പാസ്സാക്കിയ നിയമങ്ങൾ കേരളത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച മാറ്റങ്ങളെന്തൊക്കെയാണെന്ന പഠനമാണ് ഈ ഗ്രന്ഥത്തിലൂടെ നിർവ്വഹപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസം, ആഭ്യന്തരം, ഭൂപരിഷ്കരണം, കാർഷികരംഗം, തൊഴിൽ, പരിസ്ഥിതി, ആരോഗ്യം തദ്ദേശസ്വയംഭരണം, സഹകരണം എന്നീ മേഖലകളിലെ നിയമ നിർമ്മാണങ്ങൾ കേരള സമൂഹത്തിൽ ചെലുത്തിയ സ്വാധീനവും ഗുണകരമായ മാറ്റങ്ങളും പഠനവിധേയമാക്കിയിട്ടുണ്ട്. അതോടൊപ്പം അതതു മേഖലകളിലെ പോരായ്മകളെ സംബന്ധിച്ച നിരീക്ഷണവും ഈ പഠനഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.




ഇന്ത്യൻ പാർലമെന്റിലോ മറ്റു സംസ്ഥാന നിയമസഭകളിലോ ഇപ്രകാരമൊരു പഠനം ഇതിനുമുമ്പ് നടത്തിയതായി അറിവില്ല. തുടക്കമെന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട ഏതാനും മേഖലകളിലെ നിയമങ്ങളെക്കുറിച്ചു മാത്രമേ പഠനം വന്നിട്ടുള്ളൂ. ഡോ.എൻ. കെ.ജയകുമാർ, ഡോ.ജെ.പ്രഭാഷ്, ഡോ.എം. ശാർങ്ഗധരൻ, എസ്.എം.വിജയാനന്ദ് ഐ.എ.എസ് (റിട്ട), ഡോ.ബി.ഇക്ബാൽ, വി.കെ.ബാബുപ്രകാശ്, ഡോ.പി.ജെ.വിൻസെന്റ്, പ്രൊഫ. അച്യുത് ശങ്കർ എസ്.നായർ, ഡോ.കെ.എൻ.ഗണേശ്, ഡോ.അലക്സാണ്ടർ ജേക്കബ് ഐ.എ.എസ്. (റിട്ട.), ആർ.ശ്രീലേഖ ഐ.പി.എസ്., റ്റി.മനോഹരൻ നായർ എന്നിവരാണ് പ്രബന്ധകർത്താക്കൾ. പ്രബന്ധത്തോടൊപ്പം അതിന്റെ വിഷയവുമായി ബന്ധപ്പെട്ട നിയമങ്ങളെ സംബന്ധിച്ച വിശദാംശങ്ങളും നിയമ നിർമ്മാണവേളയിൽ സഭയിൽ നടന്ന ചർച്ചകളുടെ പ്രസക്ത ഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമനിർമ്മാണ രംഗത്ത് ഇദംപ്രഥമമായി നടത്തിയ ഈ സംരംഭം നിയമരംഗത്തു നിൽക്കുന്നവർക്കും നിയമവിദ്യാർത്ഥികൾക്കും ഏറെ പ്രയോജനപ്രദമായ ഒന്നായിരിക്കും.

909 പേജുകളുള്ള ഈ ഗ്രന്ഥത്തിൽ മുഖ്യമന്ത്രിയുടെ അവതാരികയും സ്പീക്കറുടെ ആമുഖവും പ്രതിപക്ഷ നേതാവിന്റെയും ഡെപ്യൂട്ടി സ്പീക്കറുടെയും സന്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

400/ രൂപയാണ് ഈ ഗ്രന്ഥത്തിന് വില നിശ്ചയിച്ചിട്ടുള്ളത്.

# കേരള നിയമസഭാ ചരിത്രത്തിലെ ദൈർഘ്യം കുറഞ്ഞ ബജറ്റ് പ്രസംഗം



കേരള നിയമസഭയിലെ ഏറ്റവും ചെറിയ ബജറ്റ് പ്രസംഗത്തിന്റെ റെക്കോർഡ് 1987 മാർച്ച് 28 ന് അവതരിപ്പിച്ച 1987-88 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനാണ്. എട്ടാം കേരള നിയമസഭ 1987 മാർച്ച് 25 ന് രൂപീകൃതമായി. നിയമസഭ നിലവിൽ വന്ന് ഏതാനും ദിവസങ്ങൾക്കുള്ളിലാണ് മുഖ്യമന്ത്രി ഇ.കെ. നായനാർ ആറു മിനിട്ട് നീണ്ടുനിൽക്കുന്ന ബജറ്റ് പ്രസംഗം നടത്തിയത്. സാമ്പത്തിക വർഷാന്ത്യത്തിനു മുൻപ് വോട്ട് ഓൺ അക്കൗണ്ട് പാസാക്കണമെന്നുള്ള ഭരണഘടനാ ബാധ്യത നിറവേറ്റുന്നതിനായിരുന്നു തിരക്കിട്ട് ബജറ്റവതരിപ്പിച്ചത്. ധനകാര്യ വകുപ്പുമന്ത്രി സത്യപ്രതിജ്ഞ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലാണ് മുഖ്യമന്ത്രി ബജറ്റ് അവതരിപ്പിച്ചത്.

പൊതു തെരഞ്ഞെടുപ്പിനുശേഷം എട്ടാം കേരള നിയമസഭ 1987 മാർച്ച് 28 ന് പ്രോടെം സ്പീക്കർ ഭാർഗ്ഗവി തങ്കപ്പന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്കു ശേഷമായിരുന്നു ബജറ്റവതരണം. തെരഞ്ഞെടുപ്പു കഴിഞ്ഞ് ഏതാനും ദിവസത്തിനുള്ളിൽ ബജറ്റ് അവതരിപ്പിക്കേണ്ടി വന്നതുകൊണ്ട് ഗവൺമെന്റിന്റെ സാമ്പത്തിക നിലയെപ്പറ്റി വിശദമായി പഠിക്കുവാനും സാമ്പത്തികപരിമിതിക്കകത്തു നിന്നുകൊണ്ട് ഓരോ വകുപ്പുകളുടെയും ധനപരമായ ആവശ്യങ്ങളെപ്പറ്റി ആഴത്തിൽ പഠിക്കുവാനും സമയം കിട്ടിയില്ല. അവതരിപ്പിക്കുന്ന എസ്റ്റിമേറ്റുകൾ മുൻ ഗവൺമെന്റിന്റെ തീരുമാനങ്ങളും നിർദ്ദേശങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കിയതായിരുന്നു. ഇക്കാര്യങ്ങൾ ആമുഖമായി പറഞ്ഞുകൊണ്ടാണ് മുഖ്യമന്ത്രി ബജറ്റ് അവതരിപ്പിച്ചത്.

1986-87 ലെ പുതുക്കിയ എസ്റ്റിമേറ്റ് ആദ്യം അവതരിപ്പിച്ചു. തുടർന്നവതരിപ്പിച്ച 1987-88 ലെ ബജറ്റ് എസ്റ്റിമേറ്റിൽ 1818.11 കോടിയുടെ ആകെ വരവും 1731.20 കോടിയുടെ ആകെ ചെലവും കണക്കാക്കിയിരുന്നു. 54.87 കോടിയുടെ കമ്മി ബജറ്റായിരുന്നു അവതരിപ്പിച്ചത്. ഇനം തിരിച്ചുള്ള വിശദമായ ചർച്ച ഒഴിവാക്കി 1987-88 ലെ ആദ്യത്തെ നാലു മാസത്തെ ചെലവിലേക്കായി വോട്ട് ഓൺ അക്കൗണ്ടും സഭ പാസാക്കി.

## ചിത്രജാലകം



ജവഹർലാൽ നെഹ്റുവിന്റെ ചരമദിനത്തോടനുബന്ധിച്ച് നിയമസഭാ സമുച്ചയത്തിലെ നെഹ്റു പ്രതിമയിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പുഷ്പാർച്ചന നടത്തുന്നു



ഭരണഘടനാ ശില്പി ഡോ. ബി. ആർ. അംബേദ്കറുടെ നൂറ്റി ഇരുപത്തിയൊൻപതാം ജന്മവാർഷിക ദിനമായ ഏപ്രിൽ 14 ന് നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള അംബേദ്കർ പ്രതിമയിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പുഷ്പാർച്ചന നടത്തുന്നു

## വേർപാട്

**മുൻ എം.എൽ.എ. കെ.ജെ. ജോർജ്**

മുൻ നിയമസഭാംഗവും സോഷ്യലിസ്റ്റ് നേതാവുമായിരുന്ന കെ.ജെ. ജോർജ് (85) മാർച്ച് 20 ന് അന്തരിച്ചു. കോൺഗ്രസ് പാർട്ടിയിൽ അംഗമായിരുന്ന കെ.ജെ. ജോർജ്, 1977ൽ സംഘടനാ കോൺഗ്രസ്, സോഷ്യലിസ്റ്റ് എന്നീ പാർട്ടികൾ യോജിച്ച് ജനതാപാർട്ടി രൂപീകരിച്ചപ്പോൾ അതിൽ അംഗമായി. ജനതാ പാർട്ടിയുടെ പ്രതിനിധിയായി തൃശ്ശൂരിൽ നിന്ന് മത്സരിച്ച് അഞ്ചാം കേരള നിയമസഭയിലെത്തി. ചാലക്കുടിയിൽ നിന്ന് വിജയിച്ച് ഏഴ്, എട്ട് നിയമസഭകളിൽ അംഗമായി. തൃശ്ശൂർ മുനിസിപ്പൽ കൗൺസിലർ ആയിരുന്നു. ജനതാ പാർട്ടിയുടെ തൃശ്ശൂർ ജില്ലാ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. എട്ടാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ ചെയർമാൻമാരുടെ പാനലിൽ അംഗമായിരുന്നു.



**മുൻ എം.എൽ.എ. വി.കെ. ബാബു**

മുൻ എം.എൽ.എ. വി.കെ. ബാബു (62) 2020 ഏപ്രിൽ 20 ന് അന്തരിച്ചു. മുളവുകാട് വലിയതറയിൽ കമാരൻ - മാധവി ദമ്പതിമാരുടെ മകനായ വി.കെ. ബാബു 1992 ലെ ഉപതെരഞ്ഞെടുപ്പിലാണ് ഒൻപതാം കേരള നിയമസഭയിൽ അംഗമായത്. എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ നിയോജക മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. കോൺഗ്രസ് (എസ്) സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. സുശീലയാണ് ഭാര്യ. ഷൊർണ്ണൂർ മെറ്റൽസ് ഇൻഡസ്ട്രീസ് ചെയർമാൻ, ചെറായി സഹോദരൻ അയ്യപ്പൻ സ്മാരക സമിതി അംഗം, ഗുരുവായൂർ ദേവസ്വം ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



**എ.ടി.പത്രോസ്**

നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടും എം.എൽ.എ. ആയി സത്യപ്രതിജ്ഞ ചെയ്യാൻ കഴിയാതെ പോയ എ.ടി. പത്രോസ് (88) മേയ് 16 ന് അന്തരിച്ചു. 1965 ലെ തെരഞ്ഞെടുപ്പിൽ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നിന്ന് കേരള കോൺഗ്രസ് സ്ഥാനാർത്ഥിയായി വിജയിച്ചുവെങ്കിലും ഒരു കക്ഷിക്കും ഭൂരിപക്ഷം ലഭിക്കാത്തതിനെ തുടർന്ന് അംഗങ്ങളുടെ സത്യപ്രതിജ്ഞ നടത്താതെ നിയമസഭ പിരിച്ചുവിടുകയായിരുന്നു. അന്നു വിജയിച്ചവരിൽ എം.എൽ.എ. ആകാതെ പോയവരിലെ അവസാന കണ്ണിയായിരുന്നു എ.ടി.പത്രോസ്. 1967 ൽ ഒരു തവണ കൂടി മത്സരിച്ചുവെങ്കിലും പരാജയപ്പെട്ടു. രാമമംഗലം പഞ്ചായത്ത് പ്രസിഡന്റ് , പാമ്പാക്കുട ബ്ലോക്ക് ഡെവലപ്മെന്റ് കമ്മിറ്റി ചെയർമാൻ , മാർക്കറ്റിംഗ് ഫെഡറേഷൻ ഡയറക്ടർ ബോർഡ് അംഗം, നാഷണൽ കോ-ഓപ്പറേറ്റീവ് യൂണിയൻ ഡയറക്ടർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. എ.ടി. പത്രോസിന്റെ നിര്യാണത്തിൽ സ്പീക്കർ അനുശോചനം രേഖപ്പെടുത്തി.



എ.ടി.പത്രോസിനെ സംബന്ധിച്ച വിശദമായ വാർത്ത 2019 ലെ അറിവോരം രണ്ടാം ലക്കത്തിൽ ഉൾപ്പെടുത്തിയിരുന്നു.

**മുൻ എം.എൽ.എ പി.കെ. കുമാരൻ**


മുൻ എം.എൽ.എ.യും തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അംഗവും മുതിർന്ന സി.പി.എം. നേതാവുമായ പി.കെ.കുമാരൻ (78) അന്തരിച്ചു. മേയ് 26 ന് രാവിലെ പന്തളത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. മുടിയൂർക്കോണം ചേരിക്കൽ കൊച്ചുകിഴ ക്കേതിൽ കുടുംബാംഗമാണ്. പത്താം കേരള നിയമസഭയിലേക്ക് പന്തളത്തു നിന്നും തെരഞ്ഞെടുക്കപ്പെട്ട പി.കെ.കുമാരൻ പന്തളം പഞ്ചായത്ത് പ്രസിഡന്റ്, നാലുതവണ പന്തളം ഗ്രാമപഞ്ചായത്തംഗം, 1991 ൽ പത്തനംതിട്ട ജില്ലാ കൗൺസിൽ വൈസ് പ്രസിഡന്റ്, 2013 മുതൽ 2016 വരെ തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം, കെ.എസ്.കെ.ടി.യു. ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



നിലവിൽ സി.പി.എം. ജില്ലാ കമ്മിറ്റിയംഗമായും പട്ടികജാതി ക്ഷേമസമിതി സംസ്ഥാന ജോയിന്റ് സെക്രട്ടറിയായും എസ്.സി.എസ്.ടി. ക്ഷേമ ഉപദേശക സമിതിയംഗമായും പ്രവർത്തിക്കുകയായിരുന്നു. നിരവധി കർഷകതൊഴിലാളി സമരങ്ങൾക്ക് നേതൃത്വം നൽകിയ അദ്ദേഹം മിച്ചഭൂമി സമരത്തിൽ പങ്കെടുത്തതിന് ജയിൽവാസം അനുഭവിച്ചിട്ടുണ്ട്.

**എം.പി. വീരേന്ദ്രകുമാർ**, രാജ്യസഭാംഗം

എഴുത്തുകാരനും, പ്രഭാഷകനും പാർലമെന്റേറിയനും, മാധ്യമസംരംഭകനും, സോഷ്യലിസ്റ്റ് നേതാവുമായ എം.പി. വീരേന്ദ്രകുമാർ (84) മേയ് 28 ന് ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചു. രാജ്യസഭാംഗമായിരിക്കെയാണ് അദ്ദേഹത്തിന്റെ വിയോഗം. സ്കൂൾ വിദ്യാഭ്യാസകാലത്ത് സോഷ്യലിസ്റ്റ് പാർട്ടി നേതാവ് ജയപ്രകാശ് നാരായണനിൽ നിന്ന് പാർട്ടി അംഗത്വം സ്വീകരിച്ച അദ്ദേഹം 1987 ൽ കേരള നിയമസഭാംഗവും വനം വകുപ്പ് മന്ത്രിയുമായി. 1997 ൽ കേന്ദ്രമന്ത്രി സഭയിൽ തൊഴിൽ വകുപ്പിന്റെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയും ധനകാര്യ സഹമന്ത്രിയുമായിരുന്നു. കോഴിക്കോട് ലോക്സഭാ മണ്ഡലത്തിൽ നിന്ന് പാർലമെന്റിലേക്ക് 1996 ലും 2004 ലും തെരഞ്ഞെടുക്കപ്പെട്ടു. 2016-17 കാലയളവിലും 2018 ലും രാജ്യസഭയിലെത്തി പി.റ്റി.ഐ ചെയർമാൻ, ഐ.എൻ.എസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു.



ഒട്ടേറെ സാഹിത്യകൃതികളുടെ കർത്താവായ അദ്ദേഹത്തിന് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 'ഹൈമവതഭൂവിൽ' എന്ന കൃതിക്ക് മൂർത്തീദേവി പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം എന്നിവ ലഭിച്ചു. അടിയന്തരാവസ്ഥകാലത്ത് ജയിൽവാസമനുഭവിച്ച എം.പി. വീരേന്ദ്രകുമാർ ദീർഘകാലം ജനതാദൾ സംസ്ഥാന പ്രസിഡന്റായിരുന്നു. അദ്ദേഹത്തിന്റെ രചനകൾ നിയമസഭാ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്

## കോളേജ് വിദ്യാർത്ഥികൾക്കായുള്ള വെബിനാർ സ്പീക്കർ ഉദ്ഘാടനം ചെയ്തു

എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് വിദ്യാർത്ഥികൾക്കായി ഗൂഗിൾ മീറ്റ് ആപ്ലിക്കേഷന്റെ സഹായത്തോടെ 2020 മേയ് 22, 23 തീയതികളിൽ വെബിനാർ സംഘടിപ്പിച്ചു **'കേരള യൂത്ത് അസംബ്ലി 2020 കോവിഡ് 19'** എന്ന വെബിനാറിന്റെ സ്പെഷ്യൽ സെഷൻ 2020 മേയ് 22 ാം തീയതി രാവിലെ 10 മണിക്ക് നിയമസഭാ സമുച്ചയത്തിൽ വീഡിയോ കോൺഫറൻസിലൂടെ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കോവിഡ് വ്യാപനത്തിനെതിരെ നിയന്ത്രണങ്ങൾ നിലവിലുള്ള ഈ കാലഘട്ടത്തിൽ, നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി, ജനാധിപത്യ സംവിധാനത്തിലൂടെ യുവാക്കളെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി വളർത്തിയെടുക്കുന്നതിന് മുൻകൈയെടുത്ത സെന്റ് ആൽബർട്ട്സ് കോളേജ് അധികൃതരെയും പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികളെയും സ്പീക്കർ അഭിനന്ദിച്ചു.



ജനാധിപത്യപ്രക്രിയ സംബന്ധിച്ച് യുവാക്കൾക്ക് അറിവു പകരുന്നതിനായി പ്രത്യേക യൂത്ത് അസംബ്ലി സംഘടിപ്പിക്കുകയും 2020 മേയ് 22,23 തീയതികളിൽ സംസ്ഥാന നിയമസഭയുടെ അംഗബലമായ 141 എം.എൽ.എ.മാരെ കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിക്കുകയും ചെയ്തു. നിയമസഭാ നടപടികൾ സംബന്ധിച്ച രണ്ട് ദിവസത്തെ പരിശീലനം ഓൺലൈൻ സംവിധാനത്തിലൂടെ നിയമസഭാ സി.പി.എസ്.ടി. വിഭാഗം നൽകിയിരുന്നു.

വീഡിയോ കോൺഫറൻസിലൂടെ നിയമസഭാ സമുച്ചയത്തിലും സെന്റ് ആൽബർട്ട്സ് കോളേജിലുമായി സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ സെന്റ് ആൽബർട്ട്സ് കോളേജ് എച്ച്.ആർ.ഡി. ഡീൻ പ്രൊഫ.ഷൈൻ ആന്റണി സ്വാഗതം ആശംസിക്കുകയും വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



### താരാപഥങ്ങൾക്കപ്പുറം: ശാസ്ത്രലോകത്തെ കുതിച്ചുചാട്ടങ്ങൾ

**സാബു ജോസ്**

തിരുവനന്തപുരം: യുവധാര പബ്ലിക്കേഷൻസ്, 2018.

Call No:A 32Q8

(ആധുനിക മനുഷ്യനെ അതിശക്തനാക്കിയ സാങ്കേതിക വിദ്യയുടെ വളർച്ച ചർച്ചചെയ്യുന്ന ശാസ്ത്ര ലേഖനങ്ങളുടെ സമാഹാരം)



### പശ്ചിമഘട്ടം: ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളും യാഥാർത്ഥ്യവും


**പ്രസാദ് (എം.കെ)**

**അഡ്വ. ഹരീഷ് വാസുദേവൻ**

കോട്ടയം : ഡി.സി. ബുക്സ്, 2019.

Call No: G:55 32Q9

(പശ്ചിമഘട്ട സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾക്കായി രൂപീകരിച്ച മാധവ് ഗാഡ്ഗിൽ - കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകളെ സമഗ്രമായി വിശകലനം ചെയ്യുന്ന പുസ്തകം)



### കേരളത്തിന്റെ ജൈവവൈവിദ്ധ്യം

**പോൾസൺ താം**

തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2019.

Call No: G:55.212 32Q9

(കേരളത്തിന്റെ ജൈവവൈവിദ്ധ്യത്തെ കുറിച്ച് പ്രതിപാദിക്കുന്ന പുസ്തകം)



### ഉതിർന്നുവീണ മൂന്ന് ആകാശപ്പഴങ്ങൾ

**നറൈൻ അബ്ഗര്യൻ**

**വിവ. രമാ മേനോൻ**

തൃശ്ശൂർ, ഗ്രീൻ ബുക്സ്, 2019.

Call No: O142,3 NAR 32Q9

('Three Apples fell from the Sky' എന്ന റഷ്യൻ നോവലിന്റെ മലയാള പരിഭാഷ)




### കറുത്തപെണ്ണേ കരിങ്കുഴലീ

**ഏഴാച്ചേരി രാമചന്ദ്രൻ**

തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2019.

Call No: O32,1 RAM Q9

(കവിതാ സമാഹാരം)




### മണൽജീവികൾ

(നോവൽ)

ജി. ആർ. ഇന്ദുഗോപൻ

തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2019.

Call No:O32,3 IND Q9




### കഥ

സുസ്മേഷ് ചന്ത്രോത്ത്

കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 2018.

Call No: O32,3 SUS Q8

(കഥാസമാഹാരം)





### തേൻ

സക്കറിയ

കോട്ടയം: ഡി.സി. ബുക്സ്, 2019.

Call No: O32,3 ZAC Q6

(കഥാസമാഹാരം)




### വഴിയിൽ വലിച്ചെറിഞ്ഞ ഓലച്ചൂട്ടുകൾ

**വി. സുകുമാരൻ**

കോഴിക്കോട്: സാഹിത്യപ്രവർത്തക സഹകരണസംഘം, 2016

Call No: O32,6 SUK Q6

(ലേഖനങ്ങൾ)




### ഭൗമചാപം

**സി.എസ്.മീനാക്ഷി**

കോട്ടയം : ഡി.സി. ബുക്സ്, 2019.

Call No: U14 32Q9

(സർവെ ഓഫ് ഇന്ത്യയുടെയും ഇന്ത്യൻ ഭൂപട നിർമ്മാണത്തിന്റെയും ചരിത്രം)



### ട്രാൻസ്ജൻഡർ

ചരിത്രം സംസ്കാരം പ്രതിനിധാനം

**രശ്മി ജി**

**അനിൽകുമാർ കെ.എസ്.**

തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2018.

Call No: Y:247 32Q8

(പ്രതിസന്ധികളെ മറികടന്ന് അതിജീവനത്തിന്റെ ചരിത്ര നിർമ്മിതിക്കൊരുങ്ങുന്ന ട്രാൻസ്ജൻഡറുകളെക്കുറിച്ചുള്ള പഠന ഗ്രന്ഥം)



### പ്രൊഫഷണൽ പൊലീസ് ഇന്നലെ ഇന്ന് നാളെ

**ജേക്കബ് പുന്നൂസ് ഐ.പി.എസ്**

തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2018.

Call No Y:4:61 32Q9


(പോലീസിൽ സംഭവിച്ചതും സംഭവിക്കേണ്ടതുമായ പരിവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന ഗ്രന്ഥം)



## വിജ്ഞാനപഥം

### സുപ്രീം കോടതി





ചിന്താമണി കാർ



ഫാത്തിമാ ബീവി



കെ.ജി. ബാലകൃഷ്ണൻ

1. സുപ്രീം കോടതി നിലവിൽ വരുന്നതിന് മുൻപ് നിലനിന്നിരുന്ന നീതിന്യായ സ്ഥാപനങ്ങൾ?
**ഫെഡറൽ കോർട് ഓഫ് ഇന്ത്യ, പ്രിവി കൗൺസിൽ**

2. സുപ്രീം കോടതിയുടെ ഉച്ചഭക്ഷണത്തിനുള്ള ഇടവേള?
**രണ്ട് മണിക്കൂർ**

3. സുപ്രീം കോടതി ആസ്ഥാനത്തെ ശില്പം രൂപകല്പന ചെയ്തത്?
**ചിന്താമണി കാർ**

4. സുപ്രീം കോടതിയിലെ ആദ്യ വനിതാ ജഡ്ജി?
**ഫാത്തിമാ ബീവി (1959 ൽ)**

5. ഏത് കേസിനെ തുടർന്നാണ് സുപ്രീം കോടതി ജഡ്ജിമാരുടെ നിയമന കാര്യത്തിൽ കൊളീജിയം സംവിധാനം നിലവിൽ വന്നത്?
**ത്രീ ജഡ്ജ് കേസ്** (ഭരണഘടനയിൽ 'കൊളീജിയം' എന്ന പദം പരാമർശിക്കുന്നില്ല)

6. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് പദവിയിലെത്തിയ ഏക മലയാളി?
**കെ.ജി. ബാലകൃഷ്ണൻ**

7. 1950 മുതൽ 1958 വരെ സുപ്രീം കോടതി പ്രവർത്തിച്ചത്?
**പാർലമെന്റ് പരിസരത്ത് പ്രിൻസ് ചേംബറിൽ**

8. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ രണ്ട് സ്ഥാനങ്ങളും ഒഴിഞ്ഞു കിടക്കുമ്പോൾ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നത്?
**ചീഫ് ജസ്റ്റിസ്**

9. ഭരണഘടനാ ബെഞ്ചിന്റെ ഏറ്റവും കുറഞ്ഞ അംഗസംഖ്യ?
**അഞ്ച്**

10. സുപ്രീം കോടതിയുടെ രൂപീകരണം വ്യവസ്ഥ ചെയ്യുന്ന ഭരണഘടനയുടെ അനുച്ഛേദം?
**അനുച്ഛേദം** 124

# പഴയ നിയമസഭാ ഹാളിന്റെ ഭരണച്ചുമതല നിയമസഭാ സെക്രട്ടേറിയറ്റിന്



ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സ്ഥിതി ചെയ്യുന്ന പഴയ നിയമസഭാ ഹാളിന്റെ ഭരണച്ചുമതല നിയമസഭാ സെക്രട്ടേറിയറ്റിന് കൈമാറിക്കൊണ്ട് 2020 ഫെബ്രുവരി 18 ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പഴയ നിയമസഭാ ഹാളിന്റെ താക്കോൽ മാർച്ച് 16 ന് പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാലിൽ നിന്നും നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ ഏറ്റുവാങ്ങി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 2 പ്രകാരം സെക്രട്ടേറിയറ്റ് വളപ്പിലുള്ള പഴയ നിയമസഭാ ചേംബർ 'അസംബ്ലി പരിസരങ്ങൾ' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ രൂക്ഷമായ സ്ഥലപരിമിതി മൂലം 2002ൽ അന്നത്തെ മുഖ്യമന്ത്രിയുടെ അഭ്യർത്ഥനപ്രകാരം പഴയ നിയമസഭാ മന്ദിരവും ഹാളും താത്കാലികമായി പൊതുഭരണവകുപ്പിന് കൈമാറിയിരുന്നു. സെക്രട്ടേറിയറ്റിന് രണ്ട് അനുബന്ധ മന്ദിരങ്ങൾ കൂടി പൂർത്തിയായ സാഹചര്യത്തിൽ പഴയ നിയമസഭാ മന്ദിരത്തിന്റെയും ഹാളിന്റെയും ഭരണച്ചുമതല മടക്കി നൽകണമെന്ന് സ്പീക്കർ അഭ്യർത്ഥിച്ചതിൻ പ്രകാരമാണ് ഭരണച്ചുമതല നിയമസഭാ സെക്രട്ടേറിയറ്റിന് തിരികെ നൽകിയത്.

പഴയ നിയമസഭാ മന്ദിരത്തിൽ പ്രവർത്തിച്ചുവരുന്ന സെക്ഷനുകളും മറ്റും മാറ്റി സ്ഥാപിക്കുന്നതിന് മറ്റിടങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിൽ പഴയ നിയമസഭാ ചേംബറിന്റെ ഭരണച്ചുമതല മാത്രമാണ് നിയമസഭാ സെക്രട്ടേറിയറ്റിന് കൈമാറി നൽകിയത്.



പി. ശ്രീരാമകൃഷ്ണൻ,
സ്പീക്കർ



# പ്രവാസികൾ കേരളത്തിന്റെ ബ്രാന്റ് അംബാസഡർമാർ

ജീവിതത്തിന്റെ പുതുവഴികൾ തേടിയുള്ള പലായനങ്ങൾ ലോകത്തെല്ലായിടത്തുമുണ്ട്. ഒരുപക്ഷെ മനുഷ്യവംശത്തിന്റെ ചരിത്രം തന്നെ അത്തരം പലായനങ്ങളുടെ ചരിത്രം കൂടിയാണ്. ജീവനുവേണ്ടി ജന്മനാട് വിടുന്നതു മുതൽ അധിനിവേശവ്യാപനത്തിന് പുതിയ ദേശങ്ങൾ വെട്ടിപ്പിടിക്കുന്നതുവരെ അതിലുൾപ്പെടും. ചിലപ്പോൾ അധികാരസ്ഥാപനത്തിന് ആട്ടിയോടിക്കപ്പെട്ടവരുടെ പലായനവുമുണ്ടാകുന്നു. എന്നാൽ മലയാളിയെ സംബന്ധിച്ച് പലായനത്തിനും പ്രവാസത്തിനും മിക്കവാറും ഒരു ലക്ഷ്യമാണുള്ളത് - ജീവിതം പച്ച പിടിപ്പിക്കുക. നാടിന്റെ പച്ചപ്പ് മനസ്സിലേറ്റി കടലിന്റെ ഉപ്പുകാറ്റേറ്റ്, ജീവൻ പണയംവച്ച്, ഉരുക്കളിൽ മറുകര തേടിയവർ തങ്ങളുടെ കുടുംബത്തിന്റെ, തങ്ങളുടെ തന്നെ സാമ്പത്തിക പ്രതിസന്ധികളെ മറികടക്കാൻ ആഗ്രഹിച്ചവരാണ്. പ്രവാസത്തിന്റെ വഴികളിൽ, രീതികളിൽ പല മാറ്റങ്ങളും വന്നിരിക്കാം. ഇന്ന് വിദേശങ്ങളിലെ ജോലിസാധ്യത നോക്കിയാണ് പലപ്പോഴും വിദ്യാഭ്യാസം തിരഞ്ഞെടുക്കുന്നതുപോലും.

പത്തേമാരികളിൽ കടലുകടന്ന് മരുഭൂമിയിൽ വിയർപ്പൊഴുക്കിയവരായാലും വൈറ്റ്കോളർ ജോലി സമ്പാദിച്ചെത്തിയവരായാലും പ്രവാസത്തെ സഹവാസമായിട്ടാണ് കണ്ടത്. തങ്ങൾ എത്തിച്ചേർന്ന ദേശത്തെ ജനങ്ങളോട് സഹകരിച്ച്, അവിടുത്തെ ദേശമര്യാദകളെ, ഭാഷയെ മാനിച്ചും സ്വാംശീകരിച്ചും സ്വയം പാകപ്പെട്ടവരാണ് മലയാളികൾ. തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനൊപ്പം നാടിന്റെ തന്നെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ അവർക്കായി. **'പ്രവാസി മലയാളി'** എന്ന പ്രയോഗത്തിന് വലിയ പ്രചാരം ലഭിച്ചത് മലയാളിയുടെ സവിശേഷമായ പ്രവാസം കൊണ്ടുതന്നെയാണ്. നമുക്ക് ഏറ്റവും സുപരിചിതമായ ഒന്നാണ് ഗൾഫുകാരൻ കൊണ്ടുവരുന്ന പെട്ടിതുറക്കാൻ കാത്തിരിക്കുന്ന ബന്ധുക്കളും കുടുംബാംഗങ്ങളും. വിദേശത്തുനിന്നുള്ള തുണിത്തരങ്ങളും പെർഫ്യൂമുകളും കൗതുകവസ്തുക്കളും കളിപ്പാട്ടങ്ങളുമെല്ലാം വളരെ കൗതുകത്തോടെയാണ് നാട്ടിലുള്ളവർ നോക്കിക്കാണുന്നത്. തിരിച്ച്, നാട്ടിൽ നിന്നൊരാൾ വിദേശത്തേക്ക് മടങ്ങുമ്പോൾ തൂക്കം നോക്കി, ചക്കയും മാങ്ങയും കേരളീയപലഹാരങ്ങളും ഉപ്പിലിട്ടതുമൊക്കെയായി കൊണ്ടുപോകാവുന്നിടത്തോളം സാധനങ്ങൾ കൊണ്ടുപോകലും പതിവാണ്. ആ വരുന്ന നാട്ടുകാരനെ കാത്ത്, നാടിന്റെ രുചി കാത്ത് വിദേശത്തിരിക്കുന്ന കൂട്ടുകാരുമെത്രയാണ്! ഇന്ന് ലോകവിപണിയുടെ പുത്തൻസാധ്യതകൾ സ്വകാര്യമായ ഈ കയറ്റിറക്കുമതിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത്, വളരെ രസകരമായി തോന്നാം, ഇതിലെന്താണിത്ര പറയാനെന്നും തോന്നാം. പക്ഷെ, അതിലുണ്ട് മലയാളിയുടെ പ്രവാസം. പ്രവാസം കൊണ്ട് അവൻ നേടിയതെല്ലാം നാട്ടിലെത്തിക്കാൻ ശ്രമിക്കുന്നു. അതേസമയം നാടിനെ കൈവിടാതെ കൂടെക്കൊണ്ടുനടക്കുന്നു. അത് കേവലം ഗൃഹാതുരത്വത്തിന്റെ മാത്രം പ്രശ്നമല്ല. അടിയുറച്ച സ്വത്വബോധത്തിന്റെയും ആർജ്ജിച്ചെടുത്ത സ്വത്വത്തിന്റെയും കാര്യം കൂടിയാണ്. അതുകൊണ്ടുകൂടിയാണ് ലോകമെമ്പാടും മലയാളി അസോസിയേഷനുകൾ സജീവമായിരിക്കുന്നത്, ലോകത്തെല്ലായിടത്തും മലയാളികൾ സംഘടിക്കുന്നത്. നാട്ടിലെത്തിയ പ്രവാസിയെ ശ്രദ്ധിച്ചാലറിയാം. അയാൾക്കെത്ര തിരക്കാണ്! നാട്ടിൽ വന്നുമടങ്ങുന്നതു വരെയുള്ള എല്ലാ ഉത്സവങ്ങളിലും പെരുന്നാളുകളിലും കൂടണം, അതിലേക്കാളേറെ കൂട്ടുകാരുടെ സ്നേഹോപഹാരങ്ങളുമായി അവരുടെയെല്ലാം വീടുകളിൽ ചെല്ലണം. സ്വന്തം വീട്ടിലിരിക്കാൻ കിട്ടുന്ന സമയം പോലും അത്തരത്തിൽ പങ്കുവയ്ക്കപ്പെടുമ്പോഴും അതിൽ പ്രവാസിക്ക് വല്ലാത്ത ആനന്ദമുണ്ട്. അതെ, പ്രവാസിമലയാളി എന്നാൽ തങ്ങളുടെ സഹപ്രവാസികളെയും അവരുടെ കുടുംബത്തേയും നാടിനേയും തങ്ങളുടെ വീട്ടകങ്ങളിൽ നിന്ന് മാറ്റിനിർത്താത്തവർ എന്നുകൂടിയാണ് അർത്ഥം. ഇത് പ്രവാസം കൊണ്ട് മാത്രം സാധിച്ചതല്ല. മലയാളിയുടെ സാമൂഹികജീവിതത്തിന്റെ സംഘടനാസ്വഭാവത്തിന്റെ ഫലമാണത്.

ഒരു ശരാശരി മലയാളിയുടെ നിത്യജീവിതത്തിൽ, റസിഡന്റ്സ് അസോസിയേഷൻ, സ്കൂൾ പി.ടി.എ, സഹകരണസംഘം, ക്ലബ്ബ്, മാതൃസമിതി, വയോജനസംഘം, വിരമിച്ചവരുടെ സംഘടന എന്നുവേണ്ട ഔപചാരികവും അനൗപചാരികവും സാമുദായികവും മതപരവും തൊഴിൽപരവും കലാപരവും എല്ലാമായി അനേകം സംഘടനകൾ കടന്നുവരുന്നുണ്ട്. സംഘടനാ സാന്ദ്രതയുടെ ആധിക്യം കാരണം ഉണ്ടായിട്ടുള്ള ട്രേഡ് യൂണിയനിസം, നോക്കുകൂലി, രാഷ്ട്രീയ അതിപ്രസരം പോലെയുള്ള വിപരീത വശങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്. അത് ഇത്രയ്ക്കും വേണോ; അനിവാര്യമാണോ; സമയംപോക്ക് അല്ലേ; ക്രിയാത്മകമാണോ; എന്നിത്യാദിയുള്ള സംശയങ്ങളും ഉയർന്നുവരാറുണ്ട്. കൂടാതെ, സ്വതന്ത്രമായി ജീവിതം നയിക്കുന്നവരെ സംഘടിതമായി നിയന്ത്രിക്കുന്നുവെന്നും സംഘടിത കൂട്ടങ്ങൾ അസംഘടിത പൗരസമൂഹത്തെ വരുതിയിലാക്കുന്നുവെന്നുമുള്ള ആശങ്കകൾ പ്രത്യക്ഷമായും പരോക്ഷമായുമുള്ള പരാതികൾക്കിടയാക്കാറുണ്ട്. ഇതെല്ലാം ഒറ്റവാക്കിൽ നിഷേധിക്കാനാവില്ല. എന്നാൽ സംഘടിതസ്വഭാവം കൊണ്ടല്ല, സംഘടനയുടെ ജനാധിപത്യസ്വഭാവം നഷ്ടപ്പെടുമ്പോഴാണ് ഇങ്ങനെയുള്ള പരാതികൾക്ക് ഇടയുണ്ടാകുന്നത് എന്ന് ആലോചിച്ചാൽ മനസ്സിലാക്കാം. സംഘടിക്കുന്നതിന്റെ ശക്തി അറിഞ്ഞവരാണ് കേരളീയസമൂഹം.

എതിരഭിപ്രായങ്ങൾക്കും വിപരീത ഫലങ്ങൾക്കും വിമർശനങ്ങൾക്കുമൊക്കെയിടയുണ്ടെങ്കിലും താഴെത്തട്ടിൽ തുടങ്ങിയുള്ള ഇത്തരം സംഘടനകളുടെ ഗുണഫലം ഏറ്റവും കൂടുതൽ അറിഞ്ഞ നാളുകളായിരുന്നു ഈ കൊറോണക്കാലം "കോവിഡ് 19" രോഗബാധയുടെ വ്യാപനത്തിൽ, അമേരിക്കയും യൂറോപ്പുമടക്കമുള്ള വികസിതരാജ്യങ്ങൾ പോലും അടിപതറിപ്പോയത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. വൃദ്ധരുടെ മരണനിരക്ക് ആഗോളതലത്തിൽ കൂടിക്കൊണ്ടിരുന്നപ്പോഴാണ് കേരളത്തിലെ പോസിറ്റീവ് കേസുകളായ 93 ഉം 88 ഉം വയസ്സായവർ സുഖം പ്രാപിച്ച് വീടുകളിലേക്ക് മടങ്ങിയത്. പൊലിഞ്ഞ ജീവനുകളുടെ വില അറിയാതെയല്ല, എന്നാലും മരണസംഖ്യ വികസിതരാജ്യങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുറവാണ് എന്നതാണ് വലിയ ആശ്വാസവും നേട്ടവും. രോഗവ്യാപനവും നിയന്ത്രണാതീതമായില്ല ഇവിടെ. അങ്ങനെ ഒരു കേരളമോഡൽ പ്രതിരോധപ്രവർത്തനം സാധ്യമായത് പല കാരണങ്ങൾ കൊണ്ടാണ്.

ഒന്നാമതായി, ഗവണ്മെന്റിന്റെ ഇച്ഛാശക്തിയാണ്. "ബ്രേക്ക് ദ ചെയ്ൻ" കാമ്പയിൻ ഫലപ്രദമായി എന്നതു തന്നെയാണ് വലിയനേട്ടം. വീട്ടിലിരിക്കുന്നവരുടെ ഭക്ഷണവും മരുന്നുമടക്കമുള്ള ആവശ്യങ്ങൾ നിറവേറ്റപ്പെടുമെന്ന ഉറപ്പ് ജനങ്ങൾക്കുണ്ടായി. മറ്റൊരു പ്രധാനകാര്യം, അല്ലെങ്കിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏറ്റവും സുതാര്യമായി സർക്കാർ തീരുമാനങ്ങൾ ജനങ്ങളിലേക്കെത്തുന്നു എന്നതു തന്നെയാണ്. കൃത്യമായ വിവരങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ മൊബൈൽ ആപ്പ് പോലുള്ള സംവിധാനങ്ങളും ഒരുക്കി. ***മന്ത്രിയുടെ വാർത്താസമ്മേളനങ്ങളെ കാത്തിരിക്കുന്ന ജനത ഉണ്ടാകുന്നത് അത് തികച്ചും ജനാധിപത്യപരമായിരിക്കുന്നതുകൊണ്ടാണ്. ആജ്ഞകളല്ല, ബോധ്യപ്പെടുത്തലുകളാണ് ഫലം കണ്ടത്***. ഇതിലെല്ലാമുപരി, വിവിധ സംഘടനകൾ വഹിച്ച പങ്ക് ചെറുതല്ല. നാട്ടിലെ ഏറ്റവും പ്രാദേശികമായ കൂട്ടായ്മകൾ, കുടുംബശ്രീ, രാഷ്ട്രീയപാർട്ടികളുടെ യുവജനസംഘടനകൾ, സാമൂഹികമാധ്യമങ്ങൾ വഴി ഉണ്ടാക്കിയ കൂട്ടായ്മകൾ, കലാകാരന്മാരുടെ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ക്ലബ്ബുകൾ എന്നുവേണ്ട എല്ലാ സംഘടനകളും തങ്ങൾക്കാവുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടാണ് ഗവണ്മെന്റിന്റെ ഇച്ഛാശക്തിയും, ശാരീരിക അകലം - സാമൂഹിക സുരക്ഷ, ബ്രേക്ക് ദ ചെയ്ൻ തുടങ്ങിയുള്ള ആശയങ്ങളും സാർത്ഥകമായത്. പഞ്ചായത്തുകളടക്കമുള്ള സംവിധാനങ്ങളുടേയും ആശാവർക്കർമാരടക്കമുള്ള പ്രവർത്തകരുടേയുമെല്ലാം കൂട്ടായ പങ്കാളിത്തം ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാനാകുന്നത് കേരളത്തിന് ഒരു സംഘടിതശക്തിയായി പ്രവർത്തിക്കാനുള്ള സവിശേഷമായ കഴിവ് കൊണ്ടുതന്നെയാണ്. തൊട്ടടുത്ത വീട്ടിലോ ഫ്ളാറ്റിലോ ഒരാൾ മരണമടഞ്ഞാൽപോലും അറിയാൻ നിർവ്വാഹമില്ലാതെ, പരസ്പരം ബന്ധമില്ലാതെ, ആൾക്കൂട്ടത്തിൽ തനിയെ കഴിയുന്ന, സാമൂഹ്യത ഇല്ലാത്ത ജീവിതമല്ല മലയാളികളുടേത്. 'Everything for Sale' എന്ന നോവൽ ഓർമ്മിക്കാം. പ്രണയവും സ്നേഹവും കാമവും കുടുംബവുമെല്ലാം നാണയത്തുട്ടിന്റെ കണക്ക് ഒപ്പിക്കുന്ന സമൂഹങ്ങളിൽ ചുറ്റിലും നരകയാതന അനുഭവിക്കുന്നവരെ നോക്കാൻ ബാധ്യതയില്ല, സാധ്യതയുമില്ല. പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയോ ആരോഗ്യ പ്രവർത്തകരുടേയോ വീടുകളിൽ ഓടിയെത്തുന്ന യുവ കൂട്ടങ്ങളുടെയോ പ്രേരക്മാരുടെയോ പഞ്ചായത്ത് അംഗങ്ങളുടെയോ സാമീപ്യമില്ലാതെ ലോകം കേരളത്തിന്റെ സംരക്ഷണവലയത്തെ കണ്ടും അറിഞ്ഞും അത്ഭുതം കൂറിയത് അതുകൊണ്ടാണ്. അതിർത്തികൾ അടയ്ക്കാതിരിക്കാനും നാട്ടിലെത്തുന്ന പ്രവാസികൾക്കായി സ്വയം സജ്ജീകരിക്കാനും കേരളത്തിനാകുന്നത് ഈ സഹകരണമനോഭാവം കൊണ്ടും സഹജീവിസ്നേഹം കൊണ്ടുമാണ്. ഒരു പരിധി വരെ പ്രവാസികൾക്ക് തങ്ങളെക്കുറിച്ചും നാട്ടിലുള്ള തങ്ങളുടെ ഉറ്റവരെക്കുറിച്ചും ആശങ്ക അകറ്റുന്നത് ഈ കരുതലുകളിലുള്ള വിശ്വാസത്തിലാണ്.

ലോകത്ത് എവിടെയുണ്ടാകുന്ന ചലനങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ മലയാളിയെ സ്പർശിക്കും. ലോകത്തിന്റെ ഏത് മൂലയിൽ ചെന്നാലും മലയാളികളുണ്ടാകുമെന്നത് കേവലഫലിതമല്ല. ലോകത്തിന്റെ പല ഭാഗത്തുള്ള ഉത്പന്നങ്ങൾ, സംസ്കാരം, സാങ്കേതികവിദ്യകൾ ഇതെല്ലാം പ്രവാസികളിലൂടെ കേരളത്തിലെത്തുന്നുണ്ട്. തിരിച്ച് കേരളത്തിലെ കാർഷികവിഭവങ്ങളും കലകളും സംസ്കാരവും സാമൂഹിക ഇടപെടലുകളുടെയും കൂട്ടായ്മയുടെയും മാതൃകകൾ മലയാളികളിൽ ലോകം കാണുന്നുമുണ്ട്. ഏത് വിപണിയേയും വ്യവസായത്തേയും തുറന്നുസ്വീകരിക്കുന്ന പാരമ്പര്യം കേരളത്തിന് എല്ലാകാലത്തുമുണ്ട്. മാറിയ ആഗോളവിപണിയുടേയും വ്യവസായസംരംഭങ്ങളുടേയും സാഹചര്യത്തിൽ നിക്ഷേപകരുമായി ആരോഗ്യകരമായ ബന്ധമുണ്ടാക്കിയെടുക്കാവുന്ന സൗഹൃദപരമായ അന്തരീക്ഷം കേരളം കാത്തുസൂക്ഷിക്കുന്നുണ്ട്. ചക്കയും മാങ്ങയുമടക്കമുള്ള കാർഷികവിഭവങ്ങളുടേയും അതോടനുബന്ധമായ മൂല്യവർദ്ധിത ഉത്പന്നങ്ങളുടേയും കൈത്തറിയടക്കമുള്ള കുടിൽവ്യവസായങ്ങളുടേയും വനവിഭവങ്ങളുടേയുമെല്ലാം വിപണനസാധ്യതയെ പുതിയ നിക്ഷേപകസംരംഭങ്ങളുമായി ഇണക്കിചേർത്ത് ലോകവിപണിയിൽ പുത്തൻ സാധ്യതകൾ ആരായുന്നുണ്ട് കേരളം. കോവിഡ്കാലത്ത് ഇവിടെ പെട്ടുപോയ വിദേശികൾക്ക് കേരളം നൽകിയ കരുതൽ, ലോകത്തിലേക്ക് തുറന്നുവച്ചിരിക്കുന്ന വാതിലെന്ന നിലയ്ക്ക് ടൂറിസം രംഗത്തിന് കേരളം കൊടുക്കുന്ന പ്രാധാന്യത്തിനും സാംസ്കാരികവും സാമൂഹികവുമായി കേരളം സൂക്ഷിക്കുന്ന തുറവിനും ഉദാഹരണങ്ങളാണ്.

ലോകവുമായി കേരളത്തിനുള്ള ബന്ധത്തിൽ പ്രവാസികളുടെ പങ്ക് എത്രത്തോളം വലുതാണെന്ന് അറിയുന്നതുകൊണ്ട് തന്നെയാണ് 'ലോക കേരള സഭ" എന്ന ആശയം കേരള സർക്കാർ മുന്നോട്ടുവച്ചതും അത് വളരെ ഫലപ്രദമായി പ്രാവർത്തികമാക്കിയതും. ലോക കേരളസഭ വെള്ളാനകളുടെയോ വ്യവസായികളുടെയോ സഭ അല്ല. ലോകത്ത് എല്ലായിടത്തുമുള്ള മലയാളിക്ക് എവിടെയോ ഒരു കുടയുടെ കീഴിൽ ഒരുമിക്കാനുള്ള സാധ്യത ഉണ്ടെന്നുള്ള ഉറപ്പാണത്. അതോടൊപ്പം സംരംഭകത്വവും സാംസ്കാരിക വിനിമയവും ഭാഷാ ആഭിമുഖ്യവും സംഘജീവിതവുമെല്ലാം അതിൽ ഇഴുകിച്ചേരുന്നു. അങ്ങനെ ജനാധിപത്യത്തിന് നൂതനഭാവം കേരളം സമ്മാനിക്കുന്നു.
എന്നും ഒരുപോലെയിരിക്കുന്ന ഒരു യന്ത്രമല്ല ജനാധിപത്യം. സാമൂഹിക സാംസ്കാരിക പരിണാമങ്ങൾക്കനുസരിച്ച് മാറുന്ന ചലനാത്മകമായ സാമൂഹികപ്രക്രിയയാണ്. ലോക കേരളസഭയുടെ പലതരം മുൻകൈകളുടെ കൂട്ടത്തിൽ ശ്രദ്ധേയമായ ഒന്നാണ് OKIH – 'ഓവർസീസ് കേരളൈറ്റീസ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ്". 'പ്രാദേശിക വളർച്ചയ്ക്ക് ആഗോളചിന്ത" എന്ന ആശയത്തിലൂടെ പ്രവാസികളുടെ കഴിവും അനുഭവവും തൊഴിൽപരിചയവും കേരളത്തോടുള്ള അവരുടെ പ്രതിബദ്ധതയും വൈകാരികബന്ധവും സാമ്പത്തികവും സാമൂഹികവുമായ വികസനത്തിന് ഉപയുക്തമാക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. സുതാര്യമായ സാമ്പത്തിക നിക്ഷേപത്തിലൂടെ നാടിന്റെ വികസനത്തിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുമ്പോൾ സാധ്യമാവുന്ന ജനാധിപത്യബന്ധം അവർക്കുള്ള അംഗീകാരവും സാമ്പത്തികഭദ്രതയും കൂടിയാണ് ഉറപ്പാക്കുന്നത്. കുടുംബത്തിന്റെ ദാരിദ്ര്യം മാറ്റാൻ ജീവൻ പണയംവച്ച് ഉരുക്കളിൽ കടൽകടന്ന പ്രവാസത്തിന്റെ കഥയല്ല ഇനി. മാറിയ സാമൂഹിക-സാമ്പത്തിക- രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് ആഗോളബന്ധങ്ങളുടേയും ലോകപൗരത്വത്തിന്റെയും കാലത്ത് "പ്രവാസി മലയാളി" എന്ന പ്രയോഗത്തിന് രാഷ്ട്രീയവും ജനാധിപത്യപരവുമായ മാനങ്ങൾ കൂടി നല്കുന്നതാണ് ഇത്തരം പുതിയ ചുവടുവയ്പുകൾ. മലയാളിയുടെ പാരസ്പര്യവും സംഘടനാമനോഭാവവും ഏറ്റവും ഉത്പാദനക്ഷമമായി വിനിയോഗിക്കപ്പെടുകയാണ് ഇവിടെ. കൊറോണക്കാലത്ത് ലോകം കണ്ട "കേരള മോഡൽ" ഇനി, പ്രവാസലോകത്തും സാമ്പത്തിക- രാഷ്ട്രീയ- ജനാധിപത്യരംഗങ്ങളിലും പ്രകടിപ്പിക്കാനാകുമെന്ന് പ്രത്യാശിക്കാം

# 'ഇ- നിയമസഭ' പദ്ധതി; ഡാറ്റാ സെന്റർ നിർമ്മാണം പുനരാരംഭിച്ചു

ലോക്ഡൗൺ കാരണം നീട്ടിവയ്ക്കേണ്ടി വന്ന ഡാറ്റാ സെന്റർ നിർമ്മാണമുൾപ്പെടെയുള്ള ഐ.ടി. ഇൻഫ്രാസ്ട്രക്ചർ സംബന്ധമായ ജോലികൾ മേയ് മാസത്തിൽ പുനരാരംഭിച്ചു.

കോവിഡ്-19 ലോക്ഡൗണിന്റെ പശ്ചാത്തലത്തിലും 'ഇ- നിയമസഭ' പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തടസ്സമില്ലാതെ തുടർന്നു. പദ്ധതിക്ക് മേൽനോട്ടം നൽകുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ച സ്റ്റിയറിംഗ് കമ്മിറ്റിയോഗവും, ഇ- നിയമസഭ പദ്ധതിയുമായി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയോഗവും വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗിച്ച് ചേർന്നു. നിയമസഭാ ഐ.ടി. വിഭാഗം ഉദ്യോഗസ്ഥരും പദ്ധതി നിർവ്വഹണ ഏജൻസിയായ യു.എൽ.റ്റി.എസ്. ഉദ്യോഗസ്ഥരും ആഴ്ചതോറും നടത്തുന്ന ഓൺലൈൻ മീറ്റിംഗിലൂടെ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തുവരുന്നു.

പദ്ധതിയുടെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി, അംഗങ്ങൾക്ക് സഭാനടപടികളുമായി ബന്ധപ്പെട്ട നോട്ടീസുകൾ നൽകുന്നതിനുള്ള നോട്ടീസസ് മൊഡ്യൂൾ, ചോദ്യങ്ങളുടെ പ്രോസസ്സിംഗുമായി ബന്ധപ്പെട്ട ക്വസ്റ്റ്യൻ മൊഡ്യൂൾ എന്നിവയുടെ പ്രാഥമിക പകർപ്പ് നിയമസഭാ സെക്രട്ടേറിയറ്റിന്റെ പരിശോധനയ്ക്കായി തയ്യാറായിട്ടുണ്ട്. ചോദ്യവിഭാഗവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇ-നിയമസഭാ കോർ ടീമും സംയുക്തമായി ക്വസ്റ്റ്യൻ മൊഡ്യൂൾ വിശദമായി പരിശോധിച്ചു വരുന്നു.

മേശപ്പുറത്ത് വച്ച കടലാസ് വിഭാഗത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട സി.പി.എൽ. മൊഡ്യൂളിന്റെ വയർഫ്രെയിം ഡിസൈൻ തത്വത്തിൽ അംഗീകരിച്ചു. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ബിൽസ് മൊഡ്യൂളിന്റെ പ്രാരംഭ വയർഫ്രെയിം ഡിസൈൻ പരിശോധിക്കുകയും ഓഫീസ് അഡ്മിനിസ്ട്രേഷൻ, ഇ-ഓഫീസ് എന്നിവയുമായി ബന്ധപ്പെട്ട ഇ.ആർ.പി. മൊഡ്യൂളിന്റെ ഔട്ട് ലൈൻ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. കടലാസ് രഹിത നിയമസഭ എന്ന ആശയത്തിന് ഉപോദ്ബലകമായി ലോക്ഡൗൺ കാലത്തും 'വർക് ഫ്രം ഹോം' ആയി മുഴുവൻ സമയവും ഐ.ടി. വിഭാഗം പ്രവർത്തിച്ചു.

നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങളിൽ ക്യൂബിക്കിൾ സ്ഥാപിക്കുന്നതിനും, നിയമസഭാ ഹാളിൽ ഡിസ്പ്ലേ ഡിവൈസുകൾ, മീഡിയാ റൂമുകളിൽ ടി.വി., പ്രസ്സ് ഗ്യാലറികളിൽ മാധ്യമപ്രവർത്തകർക്കായി ടാബ്ലറ്റ് എന്നിവ സ്ഥാപിക്കുന്നതിനും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തി.



# കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിച്ച് സഭാ ടി.വി.

ലോകത്താകമാനം കോവിഡ്-19 പടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ രോഗമുക്തമാക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങളുടെ വാർത്തകളും ബോധവൽക്കരണ പ്രവർത്തനങ്ങളും ജനങ്ങളിൽ എത്തിച്ച് സഭാ ടി.വി.

കോവിഡ് കാലത്തെ മാർഗ്ഗനിർദ്ദേശങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും വിവരിക്കുന്നതിനായി മുഖ്യമന്ത്രി നടത്തുന്ന പ്രതിദിന പത്രസമ്മേളനം സഭാ ടി.വി. ഓൺലൈൻ പ്രേക്ഷകരിലെത്തിച്ചു. സഭാ ടി.വി.യുടെ ഫെയ്സ്ബുക്ക് പേജ് വഴി പ്രതിദിനം അഞ്ച് ലക്ഷത്തോളം പേർ വാർത്താസമ്മേളനം തത്സമയം വീക്ഷിക്കുന്നുണ്ട്. സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സെക്രട്ടേറിയറ്റിൽ സജ്ജീകരിച്ചിട്ടുള്ള വാർ റൂം നിയമസഭാ സെക്രട്ടേറിയറ്റിലെ ഹെൽപ്പ് ഡെസ്ക്, കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വീഡിയോ ക്ലിപ്പിംഗുകളും സഭാ ടി.വി.യിലൂടെ സംപ്രേഷണം ചെയ്തു.

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ നിയമസഭാ സാമാജികർ തങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ നടത്തിവരുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി കിച്ചൺ എന്നിവ ഉൾപ്പെടുത്തി 'എം.എൽ.എ റിപ്പോർട്ട്സ് ഫ്രം ഗ്രൗണ്ട് സീറോ' എന്ന പേരിൽ അഞ്ച് മിനിട്ടോളം ദൈർഘ്യമുള്ള 27 പ്രോഗ്രാം എപ്പിസോഡുകൾ സഭാ ടി.വി. ഓൺലൈൻ വഴി സംപ്രേഷണം ചെയ്തിരുന്നു. സഭാ ടി.വി ഓൺലൈൻ വിഭാഗം മുഖേന നിരവധി എം.എൽ.എ.മാരുടെ കോവിഡ്-19നെതിരെയുള്ള ജാഗ്രതയും ബോധവത്ക്കരണവും സംബന്ധിച്ച വീഡിയോ സന്ദേശങ്ങൾ നവമാധ്യമങ്ങളിലൂടെ അപ്‌ലോഡ് ചെയ്തു.

കോവിഡ്-19 രോഗബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് നേരിട്ടെത്തിക്കാനും വൈറസ് പ്രതിരോധം സംബന്ധിച്ച് ബോധവൽക്കരണത്തിനും സഭാ ടി.വി. സജീവമായി ഇടപെട്ടുവരുന്നു.




ലോക നഴ്സസ് ദിനം






ഫ്ളോറൻസ് നൈറ്റിംഗേൽ

# നമ്മുടെ സ്വന്തം മാലാഖമാർ

സേവന സന്നദ്ധത ജീവിതമാക്കിയ നമ്മുടെ സ്വന്തം മാലാഖമാർ ഇന്ന് ലോകത്തിലെ തന്നെ ഏറ്റവും പ്രിയപ്പെട്ടവരാണ്. മലയാളി നഴ്സുമാരുടെ സേവന ഔന്നത്യം ലോകപ്രശസ്തമാണ്. നൂറ് കണക്കിന് ആളുകൾ തൊഴിൽ നഷ്ടപ്പെട്ട് തങ്ങളുടെ പ്രവാസ ജീവിതത്തിൽ നിന്നും കേരളത്തിലേക്ക് മടങ്ങവെ ജോലിയിലേക്ക് തിരികെ വിളിക്കപ്പെടുന്നവർ നഴ്സുമാർ ആണ് എന്നത് വസ്തുതയാണ്.

കൊറോണ മാറ്റി മറിച്ച ഇന്നത്തെ ലോകക്രമത്തിന് ആശ്വാസവും സാന്ത്വനവുമാകുന്നത് നഴ്സുമാർ ആണ്. സ്വന്തം കുടുംബത്തിൽ നിന്നും മാറിനിന്ന് തുടർച്ചയായി കർമ്മനിരതരായിരിക്കുന്ന ഇവർ ഡ്യൂട്ടിക്കു ശേഷം ക്വാറന്റൈനിലേക്കാണ് പ്രവേശിക്കുന്നത്. അപ്പോഴും കുടുംബത്തിലേക്ക് പോകാൻ കഴിയാതെ പ്രിയപ്പെട്ടവരെയും പൊന്നോമനകളെയും കാണാതെ സമൂഹത്തിന്റെ അവശതയൊപ്പാൻ തയ്യാറെടുക്കുകയാണ്.

ചുരുക്കം സ്ഥലങ്ങളിലെങ്കിലും ആരോഗ്യപ്രവർത്തകർക്ക് നേരെ ആക്രമണം നടന്ന സംഭവങ്ങൾ നമുക്കറിയാം. വാടക വീടുകളിൽ നിന്നും അവരെ ഒഴിപ്പിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നത് വേദനാജനകമാണ്. എന്നാൽ നഴ്സുമാർക്ക് ആവേശകരവും വികാരനിർഭരവുമായ സ്വീകരണം ലഭിച്ച സ്ഥലങ്ങളും വിരളമല്ല. ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമായി ലോകമൊട്ടുക്കും ആചരിക്കുന്ന നഴ്സസ് ദിനത്തിൽ നമുക്ക് അഭിമാനിക്കാം; രാവും പകലും ഇടതടവില്ലാതെ കേരളത്തെ കൊറോണയ്ക്കു വിട്ടു കൊടുക്കാതെ പൊരുതുന്ന നമ്മുടെ സ്വന്തം മാലാഖമാരെ ഓർത്ത്.

**പി. ശ്രീരാമകൃഷ്ണൻ,**
സ്പീക്കർ

# വീഡിയോ കോൺഫറൻസിംഗ് സാങ്കേതിക വിദ്യയുടെ സഹായത്താൽ നടത്തിയ ആദ്യ നിയമസഭാ സമിതി യോഗം



വീഡിയോ കോൺഫറൻസ് സാങ്കേതിക വിദ്യയുടെ സഹായത്താൽ നടത്തിയ ആദ്യ നിയമസഭാ സമിതിയോഗം മെയ് 13 ന് നിയമസഭാ വീഡിയോ കോൺഫറൻസ് ഹാളിൽ നടന്നു. സബ്ജക്ട് കമ്മിറ്റി I ന്റെ യോഗമാണ് ഇപ്രകാരം ചരിത്രത്തിലിടം നേടിയത്. സമിതി അദ്ധ്യക്ഷൻ വി.എസ്. സുനിൽകുമാറിന്റെ അഭാവത്തിൽ സമിതിയുടെ എക്സ്- ഒഫിഷ്യോ അംഗവും ഫിഷറീസ് വകുപ്പുമന്ത്രിയുമായ ജെ.മേഴ്സിക്കുട്ടിയമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സമിതി അംഗങ്ങളായ എ.പി.അനിൽകുമാർ, എം. വിൻസന്റ് എന്നിവരും ഹാജരായിരുന്നു. ചിറ്റയം ഗോപകുമാർ, കെ.കുഞ്ഞിരാമൻ, കെ.വി.വിജയദാസ്, എം.നൗഷാദ് എന്നിവർ ജില്ലാ കളക്ടറേറ്റുകളിൽ നിന്ന് വീഡിയോ കോൺഫറൻസിലൂടെയും യോഗത്തിൽ പങ്കെടുത്തു. നിയമസഭാ ചട്ടം 238(1) പ്രകാരമുള്ള നടപടികൾക്കായാണ് സമിതിയുടെ യോഗം അടിയന്തരമായി വിളിച്ചുചേർത്തത്. കോവിഡ് 19 ദേശീയ ലോക്ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ആവശ്യമായ സുരക്ഷാ മുൻകരുതലുകളോടെയാണ് യോഗം ചേർന്നത്.

1980 മാർച്ച് 17 ന് ആറാം കേരള നിയമസഭയുടെ കാലത്താണ് കേരള നിയമസഭയിൽ സബ്ജക്ട് കമ്മിറ്റികൾ രൂപീകരിച്ചത്. പത്ത് സബ്ജക്ട് കമ്മിറ്റികളാണ് ആദ്യം നിലവിൽ വന്നത്. കമ്മിറ്റികളുടെ പരിഗണനയ്ക്കായി വരുന്ന വിഷയങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് 2010 മാർച്ച് 31 ന് സബ്ജക്ട് കമ്മിറ്റികളുടെ എണ്ണം പതിനാലായി ഉയർത്തി. ഇന്ത്യയിലാദ്യമായി സബ്ജക്ട് കമ്മിറ്റികൾ രൂപീകരിച്ചത് കേരള നിയമസഭയിലാണ്. നിയമസഭയ്ക്ക് എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളിൽ ഉയർന്ന തോതിലുള്ള നിയന്ത്രണം ലഭിക്കുകയും അതിലൂടെ ജനഹിതം സർക്കാരിന്റെ പ്രവർത്തനങ്ങളിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുക എന്നതാണ് സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. പതിനൊന്നിൽ കവിയാത്തതും ഏഴിൽ കുറയാത്തതുമായ അംഗങ്ങളുള്ള ഓരോ സബ്ജക്ട് കമ്മിറ്റിയും ഇന്ത്യൻ പാർലമെന്ററി ജനാധിപത്യ സമ്പ്രദായത്തിന് കേരളം നൽകിയ മഹത്തായ സംഭാവനയാണ്. കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റി സമ്പ്രദായത്തെ അടിസ്ഥാനമാക്കിയാണ് 1993 ൽ പാർലമെന്റിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചത്.

ഒരു പുതിയ ചരിത്രത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് വീഡിയോ കോൺഫറൻസിൽ പങ്കെടുത്ത സാമാജികർ അറിയിച്ചു. തുടർന്നും സമിതിയോഗങ്ങൾ സാങ്കേതികവിദ്യാധിഷ്ഠിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി അംഗങ്ങൾ ആവശ്യപ്പെട്ടു. പാർലമെന്ററി കമ്മിറ്റികളുടെ യോഗം വീഡിയോ കോൺഫറൻസ് വഴി ചേരുന്നതിനുള്ള നിർദ്ദേശത്തിന് ലോക്സഭാ സ്പീക്കറുടെ അനുമതി ലഭിച്ചിട്ടില്ല. എന്നാൽ സഭാ സമിതി യോഗങ്ങൾ സംബന്ധിച്ച ചട്ടങ്ങളും കീഴ്വഴക്കങ്ങളും കർശനമായി പാലിക്കപ്പെടുന്ന സാമ്പ്രദായിക രീതിക്ക് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സ്പീക്കർ ഇളവുനൽകുകയായിരുന്നുവെന്ന് സമിതിയുടെ ഡെപ്യൂട്ടി സെക്രട്ടറി എസ്.സുനിൽകുമാർ പറഞ്ഞു.



**ജെ. മേഴ്സിക്കുട്ടിയമ്മ**
ഫിഷറീസ് വകുപ്പുമന്ത്രി

ഇന്ന് സമിതി ഒരു ചരിത്രം സൃഷ്ടിക്കുകയാണ്. നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി സബ്ജക്ട് കമ്മിറ്റിയുടെ യോഗം വീഡിയോ കോൺഫറൻസ് സൗകര്യം പ്രയോജനപ്പെടുത്തി നടത്തുകയാണ്. പുതിയ കാലവും സാഹചര്യങ്ങളും ആവശ്യപ്പെടുന്ന ഒരു മാറ്റമാണിത്. പുതിയ വെല്ലുവിളികൾ നേരിടുന്നതിന് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ജനങ്ങൾക്കും സമൂഹത്തിനും പ്രയോജനകരമായ കാര്യങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. വീഡിയോ കോൺഫറൻസ് സൗകര്യം പ്രയോജനപ്പെടുത്തി നടത്തിയ ഈ യോഗത്തിൽ എല്ലാ സാമാജികരും സശ്രദ്ധം പങ്കെടുക്കുകയുണ്ടായി. അടിയന്തരമായി ഇങ്ങനെ ഒരു യോഗം ചേരുന്നതിന് അനുമതി നൽകിയ ബഹു.സ്പീക്കർക്ക് നന്ദി അറിയിക്കുന്നു.

ഈ യോഗത്തിന് എല്ലാ സൗകര്യങ്ങളും ഒരുക്കിത്തന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനം പ്രശംസനീയമാണ്.

# നിയമനിർമ്മാണ സഭകളിൽ ഇല്ലാതാകുന്ന ആംഗ്ലോ-ഇന്ത്യൻ പ്രാതിനിധ്യം

രാജ്യത്ത് കുറഞ്ഞു വരുന്ന ആംഗ്ലോ-ഇന്ത്യൻ സമൂഹത്തിന്റെ ജനസംഖ്യ ചൂണ്ടിക്കാട്ടി നിയമനിർമ്മാണ സഭകളിലെ ആംഗ്ലോ - ഇന്ത്യൻ സംവരണം നിർത്തലാക്കിക്കൊണ്ട് പാർലമെന്റ് ബിൽ പാസ്സാക്കി. 1951 ൽ 1, 11, 637 ആയിരുന്ന ആംഗ്ലോ-ഇന്ത്യക്കാരുടെ എണ്ണം 2011-ലെ സെൻസസ് പ്രകാരം 296 ആയി കുറഞ്ഞുവെന്ന കാരണത്താലാണ് സംവരണം നിർത്തലാക്കുന്നത്. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ ഇരുസഭകളും പാസാക്കിയ 126-ാമത് ഭരണഘടനാ ഭേദഗതി ബിൽ പട്ടികജാതി - പട്ടിക വർഗ്ഗ സമുദായത്തിൽപ്പെട്ടവർക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലുമുള്ള സംവരണം 10 വർഷം കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അപ്രകാരം 2030 ജനുവരി 25 വരെ മേൽപ്പറഞ്ഞ സംവരണം തുടരാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിന് ഭരണഘടനയുടെ അനുച്ഛേദം 334(ബി) പ്രകാരം ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 2020 ജനുവരി 26 ന് അവസാനിക്കുന്ന സംവരണകാലാവധി 10 വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് 126-ാം ഭരണഘടന ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല.



ഡബ്ല്യു.എച്ച്.ഡിക്രൂസ്

കൊളോണിയൽ സാന്നിധ്യത്തിന്റെ പിൻതുടർച്ചക്കാരാണ് ആംഗ്ലോ-ഇന്ത്യൻ സമൂഹം. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി ഭാരതത്തിൽ സ്ഥാപിതമായപ്പോൾ വിദേശീയരായ ഉദ്യോഗസ്ഥർ ഭാരതീയ സ്ത്രീകളെ വിവാഹം ചെയ്യുന്ന സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്ന നയത്തിൽ നിന്നാണ് ഈ സമൂഹത്തിന്റെ ആവിർഭാവം. 'ഒരാളുടെ പിതാവോ അല്ലെങ്കിൽ പുരുഷവംശാവലിയിലുള്ള മറ്റ് പുരുഷ പൂർവ്വികരിൽ ആരെങ്കിലുമോ യൂറോപ്യൻ ഉൽപത്തിയിൽപ്പെടുന്നതോ ഉൾപ്പെട്ടിരുന്നതോ എന്നാൽ അയാൾ ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്ത് സ്ഥിരവാസമുള്ളതും അങ്ങനെയുള്ള ഭൂപ്രദേശത്തിനകത്ത്, താത്കാലിക ആവശ്യങ്ങൾക്കു മാത്രം അവിടെ വാസം ഉറപ്പിക്കാതെ പതിവായി അതിനുള്ളിൽ താമസിക്കുന്ന മാതാപിതാക്കൾക്ക് ജനിക്കുന്നതോ ജനിച്ചിരിക്കുന്നതോ ആയ ഒരാൾ' എന്നാണ് 'ആംഗ്ലോ-ഇന്ത്യൻ' എന്നതിനെ ഭരണഘടന അനുച്ഛേദം 366(2) പ്രകാരം നിർവ്വചിച്ചിരിക്കുന്നത്. ആംഗ്ലോ-ഇന്ത്യൻ എന്ന പദം 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിലാണ് ആദ്യമായി പ്രസിദ്ധപ്പെടുത്തിയത്. വസ്ത്രധാരണ രീതി, ഭാഷ, ആചാരം, പേര് എന്നിവയിൽ ആംഗ്ലിക്കൻ രീതി പുലർത്തുന്നവരാണ് ആംഗ്ലോ ഇന്ത്യൻ സമൂഹം.

ലോക്സഭയിൽ ആംഗ്ലോ-ഇന്ത്യൻ സമൂഹത്തിന് വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് രാഷ്ട്രപതിക്ക് അഭിപ്രായമുണ്ടെങ്കിൽ ആ വിഭാഗത്തിലെ രണ്ടിൽ കവിയാതെയുള്ള അംഗങ്ങളെ ലോക്സഭയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണെന്ന് ഭരണഘടന അനുച്ഛേദം 331 അനുശാസിക്കുന്നു. നിലവിൽ ലോക്സഭയിൽ ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിൽ നിന്ന് രണ്ട് പ്രതിനിധികളാണുള്ളത്. അഖിലേന്ത്യാ ആംഗ്ലോ-ഇന്ത്യൻ അസോസിയേഷൻ തലവനായിരുന്ന ഫ്രാങ്ക് ആന്റണി, ജവഹർലാൽ നെഹ്റുവിനോട് അപേക്ഷിച്ച പ്രകാരം ലഭിച്ചതാണ് ഈ ആനുകൂല്യം. ഒരു സംസ്ഥാന നിയമസഭയിൽ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് പ്രാതിനിധ്യം ആവശ്യമുണ്ടെന്നും സമുദായത്തിന് അതിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നും ഗവർണർക്ക് അഭിപ്രായമുണ്ടെങ്കിൽ ആ സമുദായത്തിലെ ഒരംഗത്തെ സഭയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണെന്ന് ഭരണഘടന അനുച്ഛേദം 333 അനുശാസിക്കുന്നു. നിലവിൽ ആന്ധ്രപ്രദേശ്, ബിഹാർ, ഛത്തിസ്ഗഡ്, ഗുജറാത്ത്, ജാർഖണ്ഡ്, കർണ്ണാടക, കേരളം, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, തെലങ്കാന, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാന നിയമസഭകളിലാണ് ആംഗ്ലോ-ഇന്ത്യൻ സംവരണം ഉള്ളത്. പത്തുവർഷത്തേക്കാണ് ഈ സംവരണം ദീർഘിപ്പിച്ചു നൽകിയിരുന്നത്.

ഭരണഘടനയുടെ പത്താം പട്ടിക പ്രകാരം സഭയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗം, സഭാംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന തീയതി അദ്ദേഹം ഏതെങ്കിലും രാഷ്ട്രീയകക്ഷിയിൽ അംഗമായിരുന്നിടത്ത് ആ രാഷ്ട്രീയ കക്ഷിയിൽ അംഗമായി കരുതപ്പെടുന്നു. അല്ലാത്തപക്ഷം നിയമനിർമ്മാണ സഭകളിൽ അംഗമാകുന്നതിനുള്ള വ്യവസ്ഥകൾ നിറവേറ്റി സഭയിൽ ഉപവേശിച്ച തീയതി മുതൽ ആറുമാസക്കാലം അവസാനിക്കുന്നതിനുമുൻപ് അദ്ദേഹം അംഗമായിത്തീരുന്ന അഥവാ അംഗമായിരുന്ന രാഷ്ട്രീയകക്ഷിയിൽപ്പെടുന്നതായി കരുതപ്പെടുന്നു. ആ പാർട്ടിയുടെ വിപ്പും അദ്ദേഹത്തിന് ബാധകമായിരിക്കും. ആറുമാസക്കാലം അവസാനിച്ചതിനുശേഷം ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിൽ ചേരുന്നപക്ഷം സഭയിലെ അംഗമായിരിക്കുന്നതിന് അദ്ദേഹത്തിന് യോഗ്യത ഉണ്ടായിരിക്കുകയില്ല എന്നും ഭരണഘടന വ്യവസ്ഥ ചെയ്യുന്നു.

ആംഗ്ലോ-ഇന്ത്യൻ പ്രതിനിധികൾക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എല്ലാ അവകാശവും ഉണ്ടായിരിക്കും. എന്നാൽ ആംഗ്ലോ-ഇന്ത്യൻ പ്രതിനിധിക്ക് രാഷ്ട്രപതി തെരഞ്ഞെടുപ്പിലും രാജ്യസഭാ തെരഞ്ഞെടുപ്പിലും വോട്ടു ചെയ്യുന്നതിന് യോഗ്യത ഉണ്ടായിരിക്കുകയില്ല.

ഭരണഘടനാ ഭേദഗതി ബിൽ പാസ്സാക്കിയതിനെ തുടർന്ന് ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിന് നിയമസഭയിൽ പ്രാതിനിധ്യം ഇല്ലാതാകുമ്പോൾ കൊച്ചി നിയമനിർമ്മാണ സഭയിൽ ആരംഭിച്ച പരിഷ്കാരമാണ് അവസാനിക്കുന്നത്. 1923 ലെ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ റഗുലേഷൻ ആക്ടിൽ ആംഗ്ലോ-ഇന്ത്യൻ പ്രാതിനിധ്യം ഉറപ്പാക്കിയിരുന്നു. ആക്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന പ്രഥമ കൗൺസിലിൽ (1925-28) ആകെ 45 അംഗങ്ങൾ ഉണ്ടായിരുന്നതിൽ ഒരു സീറ്റായിരുന്നു ആംഗ്ലോ-ഇന്ത്യൻ സമൂഹത്തിനായി മാറ്റിവച്ചത്. എസ്.എഫ്. നൂനസ് ആയിരുന്നു ആദ്യ പ്രതിനിധി. സി.ജെ.ലൂയിസ് (1938-45), എസ്.പി.ലൂയിസ് (1945-48), ഗാസ്പർ ഡിസിൽവ (1948-49) എന്നിവരും അംഗങ്ങളായിരുന്നു. 1949 ലെ തിരു-കൊച്ചി സംയോജനത്തോടെ ആംഗ്ലോ-ഇന്ത്യൻ സംവരണം തിരു-കൊച്ചി കൗൺസിലിനും ബാധകമായി. ഗാസ്പർ ഡിസിൽവ, എ.എ.ഡി.ലൂയിസ് എന്നിവർ വിവിധ കാലയളവിൽ തിരു-കൊച്ചി കൗൺസിലിൽ ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തെ പ്രതിനിധീകരിച്ചു.

1956 ൽ കേരള സംസ്ഥാനം രൂപീകൃതമായതോടെ സംസ്ഥാന നിയമസഭയിലും ആംഗ്ലോ-ഇന്ത്യൻ സമൂഹത്തിന് ഒരു സീറ്റ് സംവരണം ചെയ്യപ്പെട്ടു. ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിൽ നിന്ന് ഒരംഗം പോലും തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലാത്തതിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗമാണ് ഇതുവരെ നിയമസഭയിലെത്തിയത്. ഡബ്ല്യു.എച്ച്.ഡിക്രൂസ് ആയിരുന്നു ആദ്യ പ്രതിനിധി. തുടർന്നുവന്ന ആംഗ്ലോ-ഇന്ത്യൻ അംഗങ്ങളിൽ സ്റ്റീഫൻ പാദുവ നാലു തവണ നിയമസഭാംഗമായി. ലൂഡി ലൂയിസ് രണ്ടു തവണയും. നിലവിൽ കേരള നിയമസഭയിലെ ആംഗ്ലോ-ഇന്ത്യൻ പ്രതിനിധി ആയ ജോൺ ഫെർണാണ്ടസ് രണ്ടാം തവണയാണ് സഭാംഗമാകുന്നത്.

രാജ്യത്ത് നാളിതുവരെ നിയമനിർമ്മാണസഭകളിൽ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലഭിച്ചു വന്നിരുന്ന സംവരണം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം 2019 ഡിസംബർ 31 ന് ചേർന്ന പ്രത്യേക സമ്മേളനത്തിൽ ഐകകണ്ഠ്യേന പാസ്സാക്കി.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

മാതൃദിനം

# അമ്മയ്ക്കായി ഒരു ദിനം മാത്രമല്ല - അമ്മയുടെ ഓർമ്മയുമായി ഒരു ജീവിതം തന്നെയാണ്

**പിണറായി വിജയൻ**, മുഖ്യമന്ത്രി

മിക്കവാറും ഏതൊരു വ്യക്തിയേയും പോലെ എന്റെ ജീവിതത്തെ ഏറ്റവും സ്വാധീനിച്ചത് അമ്മയാണ്. അച്ഛന്റെ രോഗവും, നേരത്തേയുള്ള മരണവും കാരണം കുടുംബത്തിന്റെ ചുമതല അമ്മയ്ക്ക് സ്വന്തം ചുമലിലേറ്റേണ്ടി വന്നു. സധൈര്യം അമ്മ ആ ഉത്തരവാദിത്വം നിറവേറ്റി. പ്രസവിച്ച പതിനാലുമക്കളിൽ പതിനൊന്നു പേരെയും നഷ്ടപ്പെട്ട കല്യാണിയുടെ ഏറ്റവും ഇളയ മകനായാണ് വളർന്നത്. പ്രതിസന്ധികൾക്കിടയിലും അമ്മയെന്നെ പഠിപ്പിച്ചു. 'തോൽക്കും വരെ പഠിപ്പിക്കണം' എന്ന് അധ്യാപകൻ പറഞ്ഞപ്പോൾ അമ്മ നിശ്ചയദാർഢ്യത്തിന്റെ താങ്ങുമായി കൂടെ നിന്നു. അമ്മയുടെ അടുത്തിരുന്ന് അമ്മയ്ക്കു വേണ്ടി പുസ്തകങ്ങൾ ഉറക്കെ വായിച്ചു കൊടുത്താണ് വായന ശീലിച്ചത്. ആ ശീലമാണ് രാഷ്ട്രീയ വിദ്യാഭ്യാസത്തിനു തുണയായി മാറിയത്. അമ്മ പകർന്നു തന്ന ആത്മബലമാണ് രാഷ്ട്രീയ ജീവിതത്തിന്റെ അടിത്തറ പാകിയത്. അമ്മയ്ക്ക് വേണ്ടി



സവിശേഷമായി മാറ്റിവെക്കുന്ന ഈ ദിനവും ചിന്തയും ചുറ്റുപാടിലും പ്രയാസം അനുഭവിക്കുന്നവർക്ക് ആശ്വാസം പകരുന്നതിന്റേതാകാതെ തരമില്ല.

അതിതീവ്രമായ പ്രതിസന്ധിയിലൂടെ നാട് കടന്നു പോകുമ്പോൾ അസാധാരണമായ ഊർജ്ജത്തോടെ പൊരുതി മുന്നേറിയേ മതിയാകൂ. നമ്മുടെ തൊട്ടരികിൽ, നമ്മുടെ ഓർമ്മകളിൽ അമ്മമാരുള്ളിടത്തോളം ത്യാഗത്തിന്റേയും ആത്മവീര്യത്തിന്റേയും ഉദാത്ത മാതൃകകൾ തിരഞ്ഞ് മറ്റെങ്ങും പോകേണ്ടതില്ല. ഈ മാതൃദിനത്തിൽ നന്ദിപൂർവ്വം അമ്മയെ സ്മരിക്കുന്നു. എല്ലാ അമ്മമാരോടും നന്ദി പറയുന്നു. മാതൃത്വത്തിന്റെ മൂർത്തഭാവങ്ങളായ ത്യാഗവും കാരുണ്യവും ധീരതയും ചേർത്തുപിടിച്ച് ഈ സമയത്തെയും മറികടന്നു നമുക്ക് ഒരുമിച്ചു മുന്നോട്ടു പോകാം.

**പി. ശ്രീരാമകൃഷ്ണൻ**, സ്പീക്കർ

അമ്മ അത് ഒരു അസാധാരണമായ പദമാണ്. അതിരുകളില്ലാത്ത അർത്ഥവ്യാപ്തിയുടെയും സ്നേഹനിലാവിന്റെ അനർഗള പ്രവാഹത്തിന്റെയും നിർവചനങ്ങൾ ഇല്ലാത്ത പദം. അമ്മ എനിക്ക് ആരായിരുന്നു? കൊഞ്ചിക്കുഴഞ്ഞ് എന്റെ ബാല്യ കൗതുകങ്ങളെ ആഘോഷിച്ചിട്ടില്ലാത്ത അമ്മ, പുറം പ്രകടനങ്ങൾ കൊണ്ട് ഒട്ടും കൊതിപ്പിച്ചിട്ടില്ലാത്ത അമ്മ, എന്നാൽ ജീവിതത്തിന്റെ എല്ലാ സന്ദർഭങ്ങളിലും



കരുത്തും തണലും വഴികാട്ടിയുമായ ഒപ്പമുള്ള അസുലഭ സൗഭാഗ്യം ഇന്നും അരികിൽ ഉള്ളത് ജന്മസുകൃതം ആയി എല്ലാ മക്കളെയും പോലെ ഞാനും കരുതുന്നു. ദുഃഖങ്ങളുടെയോ നിരാശയുടെയോ പ്രതീക്ഷയില്ലായ്മയുടെയോ ഭാവങ്ങൾ ഒരിക്കലും പകരാതെ എന്നും എന്നും പോസിറ്റീവ് എനർജിയുടെ കെടാവിളക്ക് അമ്മ എന്റെ ജീവിതത്തിൽ ദീപ്തി പ്രസരിപ്പിച്ചത് അത്ഭുതാദരങ്ങളോടെ മാത്രമേ എനിക്ക് ഓർക്കാൻ കഴിയൂ. ഒന്നും വേണ്ട എന്നല്ല എല്ലാം ശ്രമിച്ചുനോക്കൂ എന്ന ആ ഭാവം ജീവിതയാത്രയിൽ സംശയം ഇല്ലായ്മ വഴിതെളിയിച്ചു. മടിപിടിച്ചു കലോൽസവങ്ങളിലെ മത്സരങ്ങൾക്ക് വൈമുഖ്യം കാണിക്കുമ്പോൾ, മുന്നിൽ വരുന്ന അവസരങ്ങളോട് മുഖം തിരിയുമ്പോൾ, നിരാശ തോന്നുമ്പോൾ, ആത്മധൈര്യം ചോർന്നു പോകുമ്പോൾ, എല്ലാം ആ വെളിച്ചം എനിക്ക് ഊർജ്ജം തന്നു. ഒടുവിൽ ക്ഷേത്ര വിശ്വാസിയായ ആചാരാനുഷ്ഠാനങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത അമ്മ, അച്ഛന്റെ മൃതദേഹം സംസ്കരിക്കാൻ എടുത്തപ്പോൾ കാണിച്ച ധീരതയുടെ ഞെട്ടലിൽ നിന്ന് പലർക്കും മുക്തി നേടാനായില്ലെങ്കിലും ഞാനറിഞ്ഞിരുന്നു അമ്മ അതാണെന്ന്.



'ജീവിച്ചിരിക്കുമ്പോൾ എന്നെ നോക്കുക അല്ലാതെ മൃതമായ എന്റെ ശരീരം കൊണ്ടു ഗോഷ്ടികൾ കാണിക്കാതെ കുഴിച്ചു മൂടിക്കോണം' എന്ന അച്ഛന്റെ വാക്കുകൾക്കനുസരിച്ച് ഞാനും അനിയനും ലോക്കൽ കമ്മിറ്റി സെക്രട്ടറി കുഞ്ഞിപ്പയും ചിലരും ചേർന്ന് ചടങ്ങുകൾ ഒന്നും ഇല്ലാതെ അച്ഛന്റെ ശരീരം മണ്ണിലേക്ക് എടുത്തപ്പോൾ അമ്മ പതറാതെ കൂടെ ഉണ്ടായിരുന്നു. അര പതിറ്റാണ്ടുകാലം രോഗബാധിതനായി പൊങ്ങിയും താണും കഷ്ടപ്പെട്ട അച്ഛന്റെ അന്ത്യനാളുകളിൽ ആയിരുന്നു ബംഗാളിലെ അതിപ്രധാനമായ ഡി.വൈ.എഫ്.ഐ. യുടെ സംസ്ഥാന സമ്മേളനം. ഏതു തിരക്കിനിടയിലും അച്ഛന്റെ ചികിത്സ ശ്രദ്ധിക്കാനും കൂടെ നിൽക്കാനും ശ്രമിച്ച എനിക്ക് ആശുപത്രിയിലെ രോഗക്കിടക്കയിൽ അച്ഛനോടൊപ്പം ഇരിക്കണോ അതോ ബംഗാളിലെ അതിപ്രധാനമായ അസ്സൻസോളിലെ സമ്മേളനത്തിൽ ദേശീയ പ്രസിഡന്റ് എന്ന നിലയിൽ പങ്കെടുക്കണോയെന്ന ആശങ്ക ഉള്ളതായി അമ്മയ്ക്ക് തോന്നിക്കാണണം. നന്ദിഗ്രാമിനും സിംഗൂറിനും ശേഷം ബംഗാളിന്റെ ഗതി മാറ്റത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനപ്പെട്ട സമ്മേളനം ഒഴിവാക്കരുതെന്ന് പറയാൻ അമ്മയ്ക്ക് സാധിച്ചു. സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് 2009 ഡിസംബർ 22 ന് തണുപ്പുള്ള രാത്രിയിൽ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ പോഡിയത്തിൽ സൈലന്റ് മോഡിൽ വച്ചിരുന്ന മൊബൈൽ ഫോണിൽ സ്ക്രീനിൽ നിന്ന് 'അമ്മ' 'അമ്മ' എന്ന് തെളിഞ്ഞു കണ്ടപ്പോൾ ഉള്ളിൽ മിന്നിയ കൊള്ളിയാൻ വാക്കുകളെ ദുർബലമാക്കിയില്ലെങ്കിലും ശരീരത്തെ പിടിച്ചുലച്ചു. എങ്കിലും പറയാനുള്ളത് പറഞ്ഞു തീർത്തു വേദിയുടെ പുറകിൽ എത്തി തിരിച്ചു വിളിച്ചപ്പോൾ 'ഇനി മടങ്ങിക്കോളൂ' എന്ന അമ്മയുടെ ശബ്ദത്തിന്റെ അർത്ഥം എനിക്ക് മനസ്സിലായി. അർദ്ധരാത്രിയിൽ കൽക്കത്തയിൽ എയർപോർട്ടിലേക്ക് തിരിച്ചു. കിട്ടാവുന്ന ടിക്കറ്റുകളെല്ലാം തിരക്കി ചെന്നൈയിലേക്ക് ഒരു ടിക്കറ്റ് സംഘടിപ്പിച്ചു. എയർപോർട്ടിൽ കാത്തു നിന്നിരുന്ന ചെന്നൈയിലെ മെട്രോ ഹോട്ടൽ നടത്തിയിരുന്ന നല്ല സുഹൃത്തായ മലപ്പുറം മുന്നിയൂരിലെ നിഷാദിനൊപ്പം ഇരിക്കുമ്പോൾ ആണ് അമ്മയുടെ വിളി പിന്നെയും വരുന്നത്. അച്ഛന്റെ മരണവിവരം അറിയിച്ച് പൊട്ടിക്കരയുന്ന അമ്മ ആയിരുന്നില്ല മറുവശത്ത് ഉണ്ടായിരുന്നത്. നേത്രദാനത്തിന് നീ ഒപ്പിട്ടു വാങ്ങിച്ച കടലാസിന്റെ വാക്കു പാലിക്കണ്ടേ? അതുകൊണ്ട് അൽസലാമയിലെ ഷംസുവിനെ വിളിച്ചു ഞാൻ അറിയിച്ചു. രണ്ടു കണ്ണുകളും എടുത്തുകൊണ്ടുപോയി എന്ന അമ്മയുടെ വാക്കുകൾ അക്ഷരാർത്ഥത്തിൽ എന്നെ സ്തബ്ധനാക്കി.

അമ്മ വാത്സല്യം ചൊരിയുന്ന സ്നേഹഭാജനം മാത്രമല്ല പ്രതിസന്ധികളിൽ പതറാതെ പിന്തുണ തരുന്ന കെടാവിളക്ക് കൂടിയാണ്. അമ്മമാരുടെയും ഉമ്മമാരുടെയും വാത്സല്യം, പിന്തുണ, ഊർജ്ജം ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്തായി ഞാൻ കണക്കാക്കുന്നു. അമ്മ / ഉമ്മമാരുടെ സ്നേഹ കടലിന്റെ ആഴങ്ങളിൽ നിന്ന് എനിക്ക് ഊർജ്ജത്തിന്റെ സൂര്യതാപം ലഭിക്കുന്നു. ഒരു പതിറ്റാണ്ടായി പൊന്നാനിയിലെ എന്റെ ഉമ്മ ആയി മാറിയ ഫാത്തിമ ഉമ്മ, നിസ്കാരപ്പായയിൽ ഇരുന്നു അസമയത്ത് എനിക്ക് വേണ്ടി പ്രാർത്ഥിക്കുന്ന പൊന്നാനിയിലെ തന്നെ കേരള വീട്ടിലെ ഉമ്മ, 'ബ്ലേസിംഗ് ഇസ്ലാം' എന്ന മനോഹരമായ പുസ്തകത്തിലൂടെ തന്റെ ഉമ്മ തനിക്ക് പകർന്നു തന്ന ദാർശനിക അടിത്തറ വിശദമാക്കുന്ന യാസിറിന്റെ അസാധാരണ ചിന്താഗതിയുള്ള ഉമ്മ തുടങ്ങി ഒരുപാട് മാതാക്കളുടെ സ്നേഹനിലാവിന്റെ തണലിൽ ഇനിയും ഒഴുകാനാവട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അമ്മ ഉമ്മമാരുടെ ഓർമ്മത്താളുകളിൽ എന്റെയും ഒരു കയ്യൊപ്പ് ഇവിടെ ചാർത്തുന്നു.

**രമേശ് ചെന്നിത്തല**, പ്രതിപക്ഷ നേതാവ്

രാഷ്ട്രീയ ജീവിതത്തിൽ അമ്മ നൽകിയ പിന്തുണ വളരെയേറെയാണ്. അച്ഛൻ രാമകൃഷ്ണൻ നായർ അധ്യാപകനായിരുന്ന ചെന്നിത്തല മഹാത്മാ സ്കൂളിലാണ് പഠനത്തോടൊപ്പം രാഷ്ട്രീയവും പഠിച്ചു തുടങ്ങിയത്. മകനെ പഠിപ്പിച്ചു ഡോക്ടർ ആക്കണമെന്നായിരുന്നു അച്ഛന്റെ ആഗ്രഹം. സ്കൂൾ തലം മുതൽക്കേ



രാഷ്ട്രീയത്തിലായിരുന്നു എനിക്ക് കമ്പം. അച്ഛന്റെ ആഗ്രഹത്തിന് വിരുദ്ധമായി കെ.എസ്.യു വിന്റെ നീലപതാകയും പിടിച്ചു ആ സ്കൂളിൽ സമരം വിളിച്ചത് കൂടുതൽ പ്രശ്നമുണ്ടാക്കി. അച്ഛനും മകനും ഇടയിൽ പലപ്പോഴും പെട്ടുപോകുന്നത് അമ്മ ദേവകിയമ്മയാണ്. എല്ലാവീടുകളിലും മക്കൾക്ക് വേണ്ടി വക്കീലന്മാർ ആകുന്നത് അമ്മമാരാണല്ലോ. കോളേജിൽ പഠിക്കുമ്പോൾ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ മുഴുകി പലപ്പോഴും രാത്രി വൈകി വീട്ടിലെത്തുന്നത് പതിവായി. ചിട്ടകളെ തെറ്റിച്ചു കൊണ്ടുള്ള ഈ ജീവിതം അച്ഛനെ ദേഷ്യം പിടിപ്പിച്ചിരുന്നു. വാതിൽ തുറക്കരുതെന്നും അത്താഴം നൽകരുതെന്നും അമ്മയോട് അച്ഛൻ ആവശ്യപ്പെട്ടിരുന്നു. എത്ര രാത്രി ആയാലും അമ്മ ഉറങ്ങാതെ കാത്തിരുന്നു. പലപ്പോഴും ഭക്ഷണം കഴിക്കാനൊന്നും ഞങ്ങളുടെ കൈയിൽ പണം ഉണ്ടാകാറില്ല. വീട്ടിലേക്കു രാത്രി എത്തുമ്പോൾ മിക്കവാറും കൂടെ സഹപ്രവർത്തകർ ഉണ്ടാകും. അതുകൊണ്ട് രണ്ട് മൂന്ന് പേർക്കുള്ള ഭക്ഷണം അമ്മ കരുതിവയ്ക്കുമായിരുന്നു. ഇങ്ങനെ ഭക്ഷണം തയ്യാറാക്കി വച്ച ശേഷമാണ് ഞങ്ങൾക്ക് വേണ്ടി ഉറക്കമിളച്ചു കാത്തിരുന്നത്. പിന്നിലെ വാതിലിലൂടെ ഒച്ചയുണ്ടാക്കാതെ അകത്ത് കയറി ഭക്ഷണം കഴിച്ച് ഉറങ്ങുന്ന ഞങ്ങൾ, അതിരാവിലെ വീടുവിട്ട് ഇറങ്ങുകയും ചെയ്യും. അമ്മ നൽകിയ ഈ പിന്തുണയാണ് രാഷ്ട്രീയത്തിൽ തുടർന്നും പ്രവർത്തിക്കാൻ ഊർജ്ജമായത്.

ഈ അമ്മ ദിനത്തിൽ എന്റെ പെറ്റമ്മയോടൊപ്പം മറ്റുചില അമ്മമാരെ കൂടി ഓർക്കുകയാണ്. നഴ്സുമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരായ അമ്മമാർക്കും ഈ ദിനം സമർപ്പിക്കുന്നു. പാലൂട്ടുന്ന മക്കളെപോലും കാണാതെയാണ് ഇവർ കോവിഡിനെ നേരിടാനായി ആശുപത്രിയിൽ ചെലവഴിക്കുന്നത്.മുംബൈ, ഡൽഹി ആശുപത്രികളിൽ നിന്നും നിരവധി നഴ്സുമാർ സഹായം അഭ്യർത്ഥിച്ചു വിളിക്കാറുണ്ട്.മതിയായ താമസസൗകര്യം പലർക്കും ഏർപ്പെടുത്തിയിട്ടില്ല. ഡൽഹിയിലെ കേരള ഹൗസ് നഴ്സുമാരുടെ താമസത്തിനായി വിട്ടുകൊടുക്കണം എന്നും ഞാൻ ആവശ്യപ്പെട്ടിരുന്നു. അമ്മ എന്ന് വരും എന്ന ഉള്ളുപൊള്ളിക്കുന്ന ചോദ്യങ്ങളെ ആശ്വസിപ്പിച്ചു നാടിനു വേണ്ടി സേവനം അനുഷ്ഠിക്കുന്ന ഈ അമ്മമാരെയും നമുക്ക് സ്നേഹപൂർവ്വം ഓർക്കാം.

## രണ്ട് എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ വിരമിച്ചു



സി. ജോസ്



കെ.എ. രാജു

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ 'അറിവോര'ത്തിന്റെ രണ്ട് എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ മേയ് 31 ന് ഉദ്യോഗത്തിൽ നിന്നും വിരമിച്ചു. നിയമസഭയുടെ സ്പെഷ്യൽ സെക്രട്ടറി സി. ജോസ്, ജോയിന്റ് സെക്രട്ടറി കെ.എ. രാജു എന്നിവരാണ് വിരമിച്ചത്. ദീർഘകാലത്തെ സ്തുത്യർഹ സേവനത്തിനുടമകളാണ് ഇരുവരും.

1991 ലാണ് വർക്കല സ്വദേശിയായ സി. ജോസ് നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ചത്. നിയമസഭാ സെക്രട്ടറിയുടെ പൂർണ അധിക ചുമതല വഹിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥയായ ഭാര്യയും രണ്ടു കുട്ടികളും അടങ്ങിയതാണ് അദ്ദേഹത്തിന്റെ കുടുംബം.

1993 ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ച കെ.എ. രാജു കോട്ടയം പൊൻകുന്നം സ്വദേശിയാണ്. സംഗീതാധ്യാപികയായ ഭാര്യയും വിദ്യാർത്ഥികളായ രണ്ടു മക്കളുമടങ്ങുന്നതാണ് കുടുംബം.


## ആർ. കിഷോർ കുമാർ പുതിയ സ്പെഷ്യൽ സെക്രട്ടറി



ആർ. കിഷോർ കുമാർ

ആർ. കിഷോർ കുമാർ നിയമസഭാ സ്പെഷ്യൽ സെക്രട്ടറിയായി ചുമതലയേറ്റു. 1991 ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം അറിവോരത്തിന്റെ എഡിറ്റോറിയൽ ബോർഡ് അംഗം കൂടിയാണ്. നിയമസഭയിലെ വിവിധ വിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ആർ. കിഷോർകുമാർ നിയമം, ഇംഗ്ലീഷ് സാഹിത്യം എന്നിവയിൽ ബിരുദാനന്തര ബിരുദവും ജേർണലിസത്തിൽ ഡിപ്ലോമ ബിരുദവും നേടിയിട്ടുണ്ട്. രണ്ടു തവണ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലും എം.എൽ.എ. ഹോസ്റ്റൽ എസ്റ്റേറ്റാഫീസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥയായ ഭാര്യ ഗംഗാ വർമ്മയും രണ്ട് മക്കളുമടങ്ങുന്നതാണ് അദ്ദേഹത്തിന്റെ കുടുംബം.

## വലയിൽ നിന്ന്...



Thursday, November 7th 1918

CORPORATION OF THE CITY OF KELOWNA

# PUBLIC NOTICE


Notice is hereby given that, in order to prevent the spread of Spanish Influenza, all Schools, Public and Private, Churches, Theatres, Moving Picture Halls, Pool Rooms and other places of amusement, and Lodge meetings, are to be closed until further notice.

All public gatherings consisting of ten or more are prohibited.

D. W. SUTHERLAND,
Mayor.

Kelowna, B.C.,
19th October, 1918.

## ഇ ബെൽസ്




കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പൊതുസമൂഹത്തിൽ നിയമസഭയുടെ സജീവ സാന്നിധ്യമായി മൊബൈൽ ആപ്. പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള ചർച്ചകൾക്കു പുറമേ വിനോദവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന സഭ ഇ-ബെൽസ് എന്ന ഇൻഫോടെയിൻമെന്റ് മൊബൈൽ ആപ്പിന്റെ പ്രകാശനം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർവ്വഹിച്ചു.




കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ് മൊബൈൽ ആപ്. പരിശീലന പരിപാടികളിലും പഠന ക്യാമ്പുകളിലും പങ്കാളികളാകുവാനും പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള പഠനത്തിലും വിനോദങ്ങളിലും ഏർപ്പെടാനും അവസരം ലഭിക്കും. ആപ്പു വഴി നടത്തുന്ന ഓൺലൈൻ പരീക്ഷകളിൽ വിജയികളാകുന്നവർക്ക് അവാർഡുകൾ പരിഗണനയിലാണ്. ആശയ വിനിമയത്തിനും ഉല്ലാസത്തിനുമുള്ള വെബ്പേജുകളിലേയ്ക്ക് ഒരു പ്ലാറ്റ്ഫോം ആയും ഈ ആപ് പ്രയോജനപ്പെടുത്താം.

ഫിറ്റ്നസ്, കിഡ്സ് സോൺ, ഇൻഫോടെയിൻമെന്റ്, ബ്രെയിൻ ടീസേഴ്സ്, ടാസ്ക് ഫോർ യു, മോട്ടിവേഷൻസ്, ക്വിസ് സോൺ, ഓറിഗാമി വർക്സ്, വേൾഡ് ചലഞ്ച്, വിർച്വൽ ടൂർ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾ വരയ്ക്കുന്ന ചിത്രങ്ങൾ അപ് ലോഡ് ചെയ്യാനും കഴിയും.

തോട്ട് റിപ്പിൾസ് ടെക്നോളജീസ് എന്ന സ്റ്റാർട്ട് അപ്പാണ് സഭ ഇ ബെൽസ് എന്ന ആപ് തയ്യാറാക്കിയത്. നിയമസഭാ സെക്രട്ടേറിയറ്റിലെ ഐ.ടി. വിഭാഗം വഴി ഡിസൈനും ഡാറ്റാ മാനേജ്മെന്റും നിർവ്വഹിക്കുന്ന ആപ് ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്.



## കൊറോണക്കാലത്ത് സെക്രട്ടേറിയറ്റ് സഹകരണ സംഘത്തിന്റെ മാതൃക

ഒരു മഹാവിപത്തിനെ നേരിടുന്ന നാടിന് സഹായവുമായി ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് സഹകരണസംഘം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരുകോടി രൂപ സംഭാവന നൽകിയാണ് സംഘം മാതൃക കാട്ടിയത്. 2018 ൽ കേരളം മഹാപ്രളയത്തെ നേരിട്ടപ്പോഴും ദുരിതാശ്വാസ നിധിയിലേക്ക് ഒരു കോടി രൂപ സംഭാവന ചെയ്തിരുന്നു. സംഘത്തിലെ മുഴുവൻ ജീവനക്കാരുടെയും ഒരു മാസത്തെ ശമ്പളമായ 7,65,000 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്തു.

സംഘത്തിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചത്. ലോക്ക് ഡൗൺ കാലത്ത് സംഘത്തിന് കീഴിലുള്ള മാവേലി സ്റ്റോറുകളിലും, മെഡിക്കൽ സ്റ്റോറിലും ഉപഭോക്താക്കൾ തമ്മിൽ കൃത്യമായ സാമൂഹിക അകലം പാലിക്കുന്നതിന് നടപടി സ്വീകരിച്ചു. നേരിട്ടോ, ടെലിഫോൺ മുഖേനയോ വാട്ട്സ്ആപ്പ് വഴിയോ നൽകുന്ന ലിസ്റ്റ് പ്രകാരം സാധനങ്ങൾ ശേഖരിച്ച് ഉപഭോക്താവിനെ ഫോൺ മുഖേന അറിയിക്കുകയും ഉപഭോക്താവ് സ്റ്റോറിലെത്തി പണമടച്ച് സാധനങ്ങൾ കൊണ്ടുപോവുകയും ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഡോക്ടറുടെ കുറിപ്പടിയുടെ ചിത്രം സംഘത്തിന്റെ വാട്ട്സ്ആപ്പ് നമ്പരിലേക്ക് അയച്ചുനൽകിയാൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെയും നിയമസഭാ സെക്രട്ടേറിയറ്റിലെയും ജീവനക്കാർക്ക് അവരവരുടെ തൊഴിലിടങ്ങളിൽ ഔഷധങ്ങൾ നേരിട്ടെത്തിച്ചു കൊടുക്കുന്ന സംവിധാനവും ലോക്ക്ഡൗൺ കാലത്ത് സഹകരണ സംഘത്തിൽ ഏർപ്പെടുത്തി. സെക്രട്ടേറിയറ്റ് സഹകരണ സംഘത്തിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി അറിയിച്ചു.

'പൊതുസമൂഹം പ്രതിസന്ധി നേരിടുന്ന ഓരോ സാഹചര്യത്തിലും, അതത് കാലഘട്ടം ആവശ്യപ്പെടുന്ന പിന്തുണയും കരുതലും പ്രകടിപ്പിക്കുന്നതിൽ സെക്രട്ടേറിയറ്റ് സഹകരണ സംഘം മുൻനിരയിൽ നിലയുറപ്പിച്ചിരുന്നു. എംപ്ലോയീസ് സഹകരണ സംഘങ്ങളുടെ മേഖലയിൽ സൂപ്പർ ഗ്രേഡ് ക്ലാസ്സിഫിക്കേഷനുള്ള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് സഹകരണ സംഘത്തിന് ഏഴ് പതിറ്റാണ്ടിലേറെ പ്രവർത്തന പാരമ്പര്യമുണ്ട്. മനുഷ്യരാശിയുടെ കോവിഡിനെതിരെയുള്ള ഈ അതിജീവനസമരത്തിൽ സ്റ്റാഫ് സഹകരണ സംഘം, സമൂഹത്തിനൊപ്പമുണ്ട്.'



**ശ്രീകേഷ്. എസ്**
വൈസ് പ്രസിഡന്റ്,
ഗവ.സെക്രട്ടേറിയറ്റ് സ്റ്റാഫ് സഹകരണ സംഘം.

സഭാ പ്രസംഗങ്ങളിലൂടെ...

# സുപ്രീം കോടതി വിധിയും പാർലമെന്റിന്റെ പരമാധികാരവും

## ഇരുപത്തഞ്ചാം ഭരണഘടനാ ഭേദഗതി ബിൽ അംഗീകരിക്കുന്നതിന് അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയത്തെ പരാമർശിച്ച് 1971 ഓഗസ്റ്റ് 26 ന കെ.എം.മാണി നടത്തിയ പ്രസംഗം

സർ, ഗവൺമെന്റ്ഭാഗത്തുനിന്നും അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തെ ഞാൻ സംപൂർണ്ണമായി പിന്താങ്ങുകയാണ്. സർ, നമ്മുടെ മൗലികാവകാശങ്ങൾ പ്രതിപാദിക്കുന്ന വ്യവസ്ഥകളെ ചവിട്ടി മെതിക്കുന്നതിനും ഇല്ലായ്മ ചെയ്യാനും വേണ്ടിയല്ല ഈ പ്രമേയത്തെ ഞങ്ങൾ അനുകൂലിക്കുന്നത്. അതുപോലെതന്നെ ഇൻഡ്യൻ പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്ന 24-ാമത്തെ ഭേദഗതിബില്ലിൽ ഇതുവരെയില്ലാതിരുന്ന എന്തെങ്കിലും നൂതനമായ വിപ്ലവാശയം ഉൾക്കൊള്ളുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലല്ല ഈ പ്രമേയത്തെ പിന്താങ്ങുന്നത്. ഇൻഡ്യൻ ഭരണഘടന നിലവിൽ വന്ന കാലം മുതൽ ഇന്ത്യൻ പാർലമെന്റിൽ നിക്ഷിപ്തമായിരുന്നതും ഈ സന്ദർഭങ്ങളിൽ വിവിധ ഭരണഘടനാ ഭേദഗതികളിൽക്കൂടി ഈ അവകാശം, വിനിയോഗിച്ചുവന്ന ഒരു അവകാശം 1967 ഫെബ്രുവരി മാസം 27-ാം തീയതി സുപ്രീം കോടതി വിധിച്ച ഗോലക്നാഥ് കേസിൽ മിക്കവാറും നഷ്ടപ്പെട്ടതുകൊണ്ട് ഈ നഷ്ടപ്പെട്ട അവകാശങ്ങൾ വീണ്ടെടുക്കാൻ വേണ്ടിയുള്ള ഒരു നിയമനിർമ്മാണത്തിന് അധികാരം നൽകുക എന്ന ചരിത്രപരമായ കടമ നിർവ്വഹിക്കുവാൻ വേണ്ടിയാണ് ഞാനും എന്റെ പാർട്ടിയും ഇതിന് പരിപൂർണ്ണമായി പിന്തുണ നൽകുന്നത്.

*ഇവിടെ പല മെമ്പർമാരും പറഞ്ഞതുപോലെ ഭരണഘടന മാറ്റങ്ങൾക്ക് അതീതമായ ഒന്നല്ല; ഭരണഘടനയ്ക്ക് മാറ്റങ്ങൾ ആവശ്യമാണ്. നമ്മുടെ മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസരിച്ച് രാജ്യത്തെ ജനങ്ങളുടെ അഭിനിവേശങ്ങളും അഭിലാഷങ്ങളും ആവശ്യങ്ങളും അനുസരിച്ച് ഭരണഘടനയ്ക്ക് മാറ്റങ്ങൾ ഉണ്ടാകേണ്ടതാണ്. അങ്ങനെ മാറ്റങ്ങളുണ്ടാകുന്നതിനെ ആർക്കും എതിർക്കുവാൻ കഴിയുകയില്ല.* അതനുസരിച്ച്, ഇന്നത്തെ വ്യവസ്ഥിതിയിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച് അവകാശങ്ങളെ സംബന്ധിച്ച് എല്ലാം ആവശ്യമായ മാറ്റങ്ങൾ ആവശ്യമുള്ള സന്ദർഭങ്ങളിൽ വരുത്തണം. അതിന് ഇൻഡ്യൻ പാർലമെന്റിന് അവകാശം ഭരണഘടന 368-ാം വകുപ്പിൽ നിക്ഷിപ്തമായിട്ടുണ്ട്. അങ്ങനെയുള്ള ഒരവകാശം പാർലമെന്റിൽ നിക്ഷിപ്തമായിട്ടില്ലെന്നുള്ള ഗോലക്നാഥ് കേസിലെ ജഡ്ജ്മെന്റിന്റെ വ്യാഖ്യാനത്തോട് യോജിക്കുവാൻ നിർവ്വാഹമില്ല. അതംഗീകരിക്കുവാനും നിർവ്വാഹമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം സുപ്രീം കോടതിക്ക് ചില തെറ്റുകൾ പറ്റിയിട്ടുണ്ടെന്നു സൂക്ഷ്മമായി പരിശോധിക്കുമ്പോൾ കാണാവുന്നതാണ്. ആർട്ടിക്കിൾ 13 ൽ ഈ മൗലികാവകാശങ്ങൾക്ക് വിരുദ്ധമായി ഏത് നിയമങ്ങൾ പാർലമെന്റ് നിർമ്മിച്ചാലും അതു ഭരണഘടനാ വിരുദ്ധമാണെന്ന് പ്രസ്താവിച്ചിരിക്കുന്നതുകൊണ്ട് ഭരണഘടനയിലെ 368-ാം വകുപ്പനുസരിച്ചുള്ള ഒരു ഭരണഘടനാ ഭേദഗതി, നിയമമായിരുന്നാൽത്തന്നെയും അത് മൗലികാവകാശങ്ങളെ പരിമിതപ്പെടുത്തുന്നതുകൊണ്ട് ഭരണഘടനാ വിരുദ്ധമാണെന്നും നിലനിൽക്കുന്നതല്ലെന്നും അതുകൊണ്ട് പാർലമെന്റിന് അമെന്റിംഗ് അധികാരം ഇല്ലെന്നുമായിരുന്നു സുപ്രീംകോടതിയുടെ വിധി. ഈ വ്യാഖ്യാനത്തിലാണ് തെറ്റുവന്നത്. പാർലമെന്റിനെ സംബന്ധിച്ചിടത്തോളം രണ്ടുതരത്തിലുള്ള സ്വഭാവവും രണ്ടുതരത്തിലുള്ള അധികാരങ്ങളുമുണ്ട്. ഇൻഡ്യൻ പാർലമെന്റ് ഒരു സോവറിൻ അഥവാ പരമാധികാര സഭയാണ് അതേയവസരത്തിൽ തന്നെ ഒരു നോൺസോവറിൻ അഥവാ ഒരു സാധാരണ സഭയാണ്. ഒരു സോവറിൻ സഭയെന്ന നിലയിൽ ഇന്ത്യൻ പാർമെന്റിന് ഭരണഘടന നിർമ്മിക്കുവാനുള്ള അവകാശവും ഒരു നോൺസോവറിൻ സഭയെന്നുള്ള നിലയിൽ സാധാരണ നിയമങ്ങൾ നിർമ്മിക്കുവാനുള്ള അവകാശവും ഉണ്ട്. രണ്ടും രണ്ട് അവകാശങ്ങളും രണ്ട് സ്വഭാവങ്ങളുമാണ്. കോൺസ്റ്റിറ്റ്യുവന്റ് പവ്വേഴ്സ് ഉപയോഗിക്കുമ്പോൾ 368 -ാം വകുപ്പനുസരിച്ച് വിനിയോഗിക്കാം. സാധാരണ നിലയിലുള്ള നിയമനിർമ്മാണ സഭയെന്നുള്ള നിലയിൽ നിയമങ്ങൾ നിർമ്മിക്കുമ്പോൾ 13-ാം വകുപ്പനുസരിച്ച് നിർമ്മിക്കാം. 13-ാം വകുപ്പനുസരിച്ച് നിയമങ്ങൾ നിർമ്മിക്കുമ്പോൾ മത്രമേ, അതായത് സാധാരണ നിയമങ്ങൾ നിർമ്മിക്കുമ്പോൾ മാത്രമേ, അത് മൗലികാവകാശങ്ങൾക്ക് വിരുദ്ധമായിരുന്നാൽ, മൗലികാവകാശ വ്യവസ്ഥകളെ പരിമിതപ്പെടുത്തിയാൽ, ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിക്കുവാൻ കഴിയൂ. നേരെമറിച്ച് 368-ാം വകുപ്പിൽ പ്രതിപാദിക്കുന്ന ഭരണഘടനാഭേദഗതി നിയമങ്ങളെ സംബന്ധിച്ചിടത്തോളം ആർട്ടിക്കിൾ 13 പ്രസക്തമല്ല. 368 ാം വകുപ്പിലെ ഭരണഘടനയിലെ ആർട്ടിക്കിൾ 13 നിയന്ത്രിക്കുന്നതല്ല. യാതൊരു നിയന്ത്രണവുമില്ല. ഈ പൊസിഷൻ വ്യക്തമായി സുപ്രീംകോടതി കാണുകയുണ്ടായില്ലെന്നുള്ളതാണ് ഖേദകരമായ ഒരുകാര്യം. മാത്രവുമല്ല പാർലമെന്റിൽ ഈ അവകാശം നിക്ഷിപ്തമായിട്ടില്ലെന്നുള്ള സുപ്രീംകോടതിയുടെ വ്യാഖ്യാനവും ശരിയല്ല സർ. നമ്മുടെ പാർലമെന്റ് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ ഒരു പിൻതുടർച്ചാവകാശിയാണ്. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഭരണഘടനയ്ക്ക്



രൂപം നൽകിയശേഷം ഒരു പ്രൊവിഷണൽ പാർലമെന്റായി പ്രവർത്തിക്കുകയാണ്. ഒരു പ്രൊവിഷണൽ പാർലമെന്റ് എന്ന നിലയിൽ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ ഉണ്ടായിരുന്ന ഭരണഘടനാനിർമ്മാണ അവകാശം കുറച്ച് ഈ പാർലമെന്റിനുണ്ട്. ഒരു പ്രൊവിഷണൽ പാർലമെന്റായി പ്രവർത്തിക്കുന്ന കാലഘട്ടത്തിലാണ് ഭരണഘടനയുടെ ഒന്നാമത്തെ ഭേദഗതി നിയമം പാസ്സാക്കിയിട്ടുള്ളത്. പ്രൊവിഷണൽ പാർലമെന്റായി രൂപാന്തരപ്പെട്ടതിനുശേഷം ഒരു ഭരണഘടനാഭേദഗതിക്ക് രൂപം നൽകിയെങ്കിൽ പാർലമെന്റിന് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ എല്ലാ അധികാരങ്ങളും ഉണ്ടെന്ന് തെളിയുന്നു. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലെ ഭരണഘടനാ നിർമ്മാതാക്കളുടെ ഉദ്ദേശ്യം തന്നെ പാർലമെന്റിന് ഈ അധികാരം നൽകുക എന്നുള്ളതായിരുന്നുവെന്ന് വളരെ വ്യക്തമാണ്.

സർ, വേറൊരു പൊസിഷൻ ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. സുപ്രീം കോടതിയുടെ വിധി ശരിയാണെന്ന് വിചാരിക്കുക. സുപ്രീം കോടതിയുടെ വിധി ശരിയായിരുന്നാലും, സുബ്ബറാവുവിന്റെ വിധി ശരിയായിരുന്നാലും നമ്മുടെ ഭരണഘടനയനുസരിച്ച് പാർലമെന്റിന് അമന്റിംഗ് പവ്വേഴ്സ് നിലവിലിരിക്കുന്നതുകൊണ്ട്, പാർലമെന്റിൽ ഈ അധികാരം നിക്ഷിപ്തമായിരിക്കുന്നതുകൊണ്ട്, മാറിവരുന്ന പാർലമെന്റിന് ഇത്തരം നിയമ നിർമ്മാണം കൊണ്ടുവരുന്നതിന് യാതൊരു പ്രയാസവുമില്ല. സർ, പാർലമെന്റിന്റെ അധികാരത്തെ പരിമിതപ്പെടുത്താൻ ലോകത്തിലുള്ള ഒരു ശക്തിക്കും സാധ്യമല്ല. പാർലമെന്റിന് അതിനുമുമ്പുണ്ടായിരുന്ന നിയമത്തിനനുസരിച്ച് പാർലമെന്റിന്റെ അധികാരം പരിമിതപ്പെടുത്തുന്നുണ്ടെങ്കിൽത്തന്നെയും പിന്നീടു വരുന്ന പാർലമെന്റുകൾക്ക് അതിനെ റദ്ദുചെയ്തുകൊണ്ട് ഒരു പുതിയ നിലപാട് സ്വീകരിച്ചുകൊണ്ട് പുതിയ അവകാശം സ്ഥാപിക്കുന്നതിൽ യാതൊരു തെറ്റുമില്ലെന്ന് വളരെയധികം വിദഗ്ദ്ധൻമാർ പറഞ്ഞിട്ടുണ്ട്.

ഭരണഘടനാ വിദഗ്ദ്ധൻമാരായ ബ്ലാക്സ്റ്റോണും ഡയസിയും മുൻകാലനിയമങ്ങൾമൂലം എന്തെല്ലാം പരിമിതികൾ ഉണ്ടായിരുന്നാലും പിൽക്കാലത്തുവരുന്ന പാർലമെന്റിന് ആ പരിമിതികൾ തട്ടിനീക്കിക്കൊണ്ട് അവരുടെ അവകാശങ്ങൾ പുനസ്ഥാപിക്കുന്നതിൽ യാതൊരു തെറ്റുമില്ലെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ ഞാൻ പറയുന്നത്, സുപ്രീം കോടതിയുടെ വിധി ശരിയാണെങ്കിലും പാർലമെന്റിന് ഈ നിയമം കൊണ്ടുവരുന്നതിൽ യാതൊരുതെറ്റുമില്ലായെന്നാണ്. അതിനുവേണ്ടി ഒരു കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി വിളിച്ചുകൂട്ടേണ്ട ആവശ്യമില്ല. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി വിളിച്ചുകൂട്ടണമെന്ന് നമ്മുടെ ഭരണഘടയിൽ ഒരു സ്ഥലത്തും പറയുന്നുമില്ല. അതേ സമയം അമേരിക്കൻ ഭരണഘടനയുടെ 5-ാമത്തെ വകുപ്പിൽ ഇതു പറഞ്ഞിട്ടുണ്ട്. ഇതുപോലെയുള്ള സന്ദർഭങ്ങളിൽ National Constitution Convention വിളിച്ചുകൂട്ടി അവിടെവച്ചു ഭരണഘടനാഭേദഗതി ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. National Constitution Convention വിളിച്ചുകൂട്ടണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും 1787-ൽ ഫിലാഡൽഫിയായിൽ വിളിച്ചുകൂട്ടിയ കൺവെൻഷനുശേഷം നാളിതുവരെ അവിടെ കൺവെൻഷൻ വിളിച്ചുകൂട്ടിയിട്ടില്ല. ഇതുവരെ 24 ഭേദഗതികൾ പാസ്സാക്കിയിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായും ഇവിടെയും ഒരു കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി വിളിച്ചുകൂട്ടേണ്ട കാര്യമില്ല.

സർ, ഈ നിലപാടിലാണ് ഈ പ്രമേയത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നത്. പക്ഷേ ഇതോടൊപ്പം ഒരു കാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ അധികാരം ഇന്ത്യൻ പാർമെന്റിന് നൽകുന്നതുകൊണ്ട് ഈ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് പൗരസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം മുതലായ വ്യക്തിസ്വാതന്ത്ര്യങ്ങളെ ചവിട്ടിമെതിക്കുന്നതിന്, നിഹനിക്കുന്നതിന് ഉള്ള ഒരു പ്രവണത വളർന്നുവന്നാൽ അതിനെ തടയാൻ ഇന്ത്യൻ ജനത തീർച്ചയായും മുന്നോട്ടുവരുമെന്നും അതിനെ തടയുമെന്നും എനിക്ക് വിശ്വാസമുണ്ട്. സർ, 368-ാം വകുപ്പനുസരിച്ച് പാർലമെന്റിന് ഇപ്പോൾ കിട്ടിയിരിക്കുന്ന അധികാരം ദുർവിനിയോഗം ചെയ്തുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തെ ചവിട്ടിമെതിച്ചാൽ അമേരിക്കൻ ഭരണഘടനയ്ക്ക് രൂപം കൊടുത്ത ഏബ്രഹാംലിങ്കൺ സിവിൽവാറിന്റെ അവസരത്തിൽ മൗലികാവകാശം റദ്ദുചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു. 'There is a higher law than the Constitution' ഭരണഘടനയ്ക്ക് ഉപരിയായ ഒരു ശക്തിയുണ്ട്. ആ ശക്തി ഇങ്ങനെയുള്ള നീക്കങ്ങളെ ചെറുത്തു തോൽപ്പിക്കുമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഒരു വാചകം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം.

'I disagree with what you say, but I shall defend till death your right to say so' എന്ന ഫ്രഞ്ചു പഴമൊഴിപോലെ ഇത് ദുരുപയോഗം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകരുതെന്ന് പറഞ്ഞുകൊണ്ട് 368 -ാം വകുപ്പിൽ മൗലികാവകാശത്തെ സംബന്ധിച്ച റൂളിംഗിനെ സംബന്ധിച്ച ഭേദഗതിയായാലും അതിന് ഭൂരിപക്ഷം നിയമസഭകളുടെ റാറ്റിഫിക്കേഷൻ വേണമെന്ന് ഒരു ക്ലാസ്സുകൂടി 368-ാം വകുപ്പിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ടും അവസാനിപ്പിക്കുന്നു.

(1965 ൽ പാലാ നിയമസഭാ മണ്ഡലം രൂപീകരിച്ചതു മുതൽ പതിമൂന്ന് തെരഞ്ഞെടുപ്പുകളിലായി തുടർച്ചയായ അൻപത്തിരണ്ടു വർഷം ആ മണ്ഡലത്തെ പ്രതിനിധീകരിച്ചത് കെ.എം. മാണിയായിരുന്നു. ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിൽ ഒരപൂർവ്വ റെക്കോർഡാണിത്. ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ സംസ്ഥാനത്ത് ഏറ്റവും അധികം ബജറ്റ് അവതരിപ്പിച്ചിട്ടുള്ള ഖ്യാതിയും കെ.എം.മാണിക്കാണ്. മികച്ച സാമാജികനായിരുന്ന കെ.എം.മാണി വിവിധ വിഷയങ്ങളിൽ അഗാധ അറിവുള്ള നിയമജ്ഞനും ഭരണതന്ത്രജ്ഞനും ആയിരുന്നു. 2019 ഏപ്രിൽ 9 ന് അന്തരിച്ചു.)

# ഒരു സഭയിലെ അംഗത്തിനെതിരെ മറ്റൊരു സഭയിൽ ഉയർന്ന പ്രിവിലേജ് പ്രശ്നം

ഒരു പാർലമെന്റ് അംഗം ഒരു സംസ്ഥാന നിയമസഭാംഗത്തെയോ, ഒരു സംസ്ഥാന നിയമസഭാംഗം പാർലമെന്റ് അംഗത്തെയോ മറ്റൊരു നിയമസഭാംഗത്തെയോ ബാധിക്കുന്ന തരത്തിൽ പ്രിവിലേജ് പ്രശ്നം ഉന്നയിക്കുകയാണെങ്കിൽ അത് കൈകാര്യം ചെയ്യേണ്ടത് എപ്രകാരമാണ് എന്നത് വളരെ മുമ്പ് തന്നെ ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. 1955 നവംബർ 2 ന് ഷില്ലോംഗിൽ ചേർന്ന സഭാദ്ധ്യക്ഷന്മാരുടെ സമ്മേളനം ഈ വിഷയം പഠിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ബോംബെ നിയമസഭാ സ്പീക്കർ ഡി.കെ. കുൺഡേ തലവനായ കമ്മിറ്റിയിൽ പശ്ചിമബംഗാൾ സ്പീക്കർ എസ്.കെ. മുഖർജി, ഉത്തർപ്രദേശ് സ്പീക്കർ എ.ജി. ഖേർ, ഹൈദരാബാദ് സ്പീക്കർ കെ.എസ്. വൈദ്യ എന്നിവർ അംഗങ്ങളായിരുന്നു. കമ്മിറ്റിയെ സഹായിക്കുന്നതിന് നിയമസഭാ സെക്രട്ടറിമാരുടെ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. 1956 ജനുവരി 24 നും 25 നും സെക്രട്ടറിമാരുടെ കമ്മിറ്റി ന്യൂഡൽഹിയിൽ യോഗം ചേർന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് ഫെബ്രുവരി 3 ന് കുൺഡേ കമ്മിറ്റിക്ക് സമർപ്പിച്ചു. കുൺഡേ കമ്മിറ്റി ഫെബ്രുവരി 7 നും 8 നും ന്യൂഡൽഹിയിൽ യോഗം ചേർന്നു. എല്ലാ അംഗങ്ങളും യോഗത്തിൽ സംബന്ധിച്ചിരുന്നു.

ഭാരതത്തിന്റെ ഭരണഘടനയിൽ പാർലമെന്റിന്റെ സഭകളുടെയും സഭാംഗങ്ങളുടെയും സമിതികളുടെയും അധികാരങ്ങളും വിശേഷാവകാശങ്ങളും പ്രതിപാദിക്കുന്ന അനുച്ഛേദം 105, സംസ്ഥാന നിയമസഭകളുടെയും അവയിലെ അംഗങ്ങളുടെയും സമിതികളുടെയും അധികാരങ്ങളും വിശേഷാവകാശങ്ങളും പ്രതിപാദിക്കുന്ന അനുച്ഛേദം 194 എന്നിവയുടെ വെളിച്ചത്തിൽ ബ്രിട്ടീഷ് പാർലമെന്റിലെ പ്രിവിലേജ് നിയമങ്ങൾ ഇന്ത്യയ്ക്ക് എത്രത്തോളം പ്രായോഗികമാണ് എന്ന് കമ്മിറ്റി പരിശോധിച്ചു. ഒരു സഭയിലെ അംഗം മറ്റൊരു സഭയിലെ ഒരംഗത്തിനെതിരെ പ്രിവിലേജ് പ്രശ്നം ഉന്നയിച്ചാൽ ആരോപണം ഉന്നയിച്ച സഭയുടെ അദ്ധ്യക്ഷൻ, ആരോപണ വിധേയനായ അംഗം ഉൾപ്പെടുന്ന സഭയുടെ അദ്ധ്യക്ഷന് പ്രശ്ന നിവാരണത്തിനായി കൈമാറ്റം ചെയ്യണമെന്നും സഭാദ്ധ്യക്ഷൻ ആ സഭയിൽ നടന്ന ഒരു പ്രിവിലേജ് പ്രശ്നമായി കണക്കാക്കി അതിന്മേൽ തീരുമാനമെടുക്കുകയും ചെയ്യണമെന്നായിരുന്നു കമ്മിറ്റിയുടെ പ്രധാന ശിപാർശ. ഒരു പ്രിവിലേജ് പ്രശ്നം സംബന്ധിച്ച നടപടിക്രമങ്ങൾ നിശ്ചയിക്കുമ്പോൾ സഭയുടെ നടപടിയും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളെ ആശ്രയിക്കുന്നതിനു പകരം പ്രമേയങ്ങളിലൂടെ സഭ തീരുമാനമെടുക്കുന്നതായിരിക്കും ഉചിതമെന്നും കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. സഭയുടെ പ്രമേയങ്ങളെ സഭയുടെ നിർദ്ദേശങ്ങളായി കണക്കാക്കണമെന്നും ഇവ സഭാംഗങ്ങളെയും സഭാസമിതികളെയും കണ്ണി ചേർക്കുന്നവയും ആയിരിക്കണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു. ഇരുസഭകളുള്ള ഒരു സംസ്ഥാനത്തിനും ഈ നടപടിക്രമം ബാധകമായിരിക്കുമെന്നും ഇരുസഭകളിലും പ്രമേയം പാസാക്കണമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടിരുന്നു. ഒരു പ്രിവിലേജ് പ്രശ്നം ഉന്നയിക്കുമ്പോൾ കൃത്യവും പൂർണ്ണവുമായ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിന് ഉതകുന്ന രീതിയിൽ പാർലമെന്ററി പ്രിവിലേജുമായി ബന്ധപ്പെട്ട രേഖകളുടെയും ഗ്രന്ഥങ്ങളുടെയും സമഗ്രശേഖരം അതത് സംസ്ഥാന നിയമസഭാ സെക്രട്ടേറിയറ്റിൽ ഉണ്ടായിരിക്കണമെന്നും ഇത് സജ്ജീകരിക്കാൻ പാർലമെന്റ് സംസ്ഥാന നിയമസഭാ സെക്രട്ടേറിയറ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ കൈമാറി സഹായിക്കണമെന്നും കുൺഡേ കമ്മിറ്റിയുടെ നിർദ്ദേശങ്ങളിലുണ്ടായിരുന്നു. ഈ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ലോക്സഭ ഒരു പ്രമേയം പാസാക്കി. 1958 മാർച്ച് 29 ന് കേരള നിയമസഭയും ഇതു സംബന്ധിച്ച പ്രമേയം പാസാക്കി. മുഖ്യമന്ത്രി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടാണ് പ്രമേയം അവതരിപ്പിച്ചത്.

ലോക്സഭയിലെ ഒരു അംഗത്തെ സഭാ അവഹേളന - അവകാശലംഘന പ്രശ്നവുമായി ബന്ധപ്പെട്ട് ഒരു സംസ്ഥാന നിയമസഭ ഹാജരാകാൻ ആവശ്യപ്പെട്ടിരിക്കുന്നു എന്ന കാരണത്താൽ അവകാശലംഘനപ്രശ്നം ഉന്നയിക്കാൻ 1982 ഒക്ടോബർ 4 ന് ഒരു അംഗം സഭയുടെ അനുമതി തേടിയിരുന്നു. കേന്ദ്രമന്ത്രി കൂടിയായ അംഗത്തിനെതിരെ ഒരു സംസ്ഥാന നിയമസഭ സഭാ അവഹേളനപ്രശ്നം ഉന്നയിച്ചിട്ടുള്ളതിനെതിരേ ഒരു പ്രിവിലേജ് പ്രശ്നം ഉന്നയിക്കാൻ സഭയുടെ അനുമതി തേടിയിട്ടുള്ളതായി സ്പീക്കർ 1984 ആഗസ്റ്റ് 22 ന് സഭയെ അറിയിച്ചു. ബന്ധപ്പെട്ട അംഗത്തിൽ നിന്നോ നിയമസഭയിൽ നിന്നോ സ്പീക്കർക്ക് യാതൊരറിയിപ്പും ലഭിച്ചിരുന്നില്ല. മറ്റൊരു സഭയിലെ അംഗത്തിനെതിരെ ഉന്നയിക്കപ്പെടുന്ന പ്രിവിലേജ് പ്രശ്നത്തിൽ പ്രഥമദൃഷ്ട്യാ അന്വേഷണം നടത്തിയശേഷം ആവശ്യമുള്ളപക്ഷം ആരോപണ വിധേയനായ അംഗം ഉൾപ്പെടുന്ന സഭയിലെ അദ്ധ്യക്ഷന് പ്രശ്ന പരിഹാരത്തിനായി അയച്ചുകൊടുക്കുക എന്നത് അംഗീകരിക്കപ്പെട്ട കീഴ്‌വഴക്കമാണെന്ന് ലോക്സഭാ സ്പീക്കർ അന്ന് സഭയിൽ അഭിപ്രായപ്പെട്ടു. ഇത്രയേറെ സംവേദനക്ഷമതയുള്ളതും പ്രാധാന്യമുള്ളതുമായ വിഷയങ്ങളുടെ പ്രത്യേകത ബോധ്യപ്പെട്ട് ബന്ധപ്പെട്ടവർ അതീവ ശ്രദ്ധ പുലർത്തണമെന്നും സ്പീക്കർ അറിയിച്ചു.

സഭയുടേയും സഭാസമിതികളുടേയും സാമാജികരുടേയും വിശേഷാവകാശങ്ങളും അധികാരങ്ങളും ബാധ്യതയില്ലായ്മയുമാണ് പ്രിവിലേജ് എന്ന പദം അർത്ഥമാക്കുന്നത്. പ്രിവിലേജുകളെ ഭരണഘടനയിലും നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മറ്റു നിയമങ്ങളിലും നിർവ്വചിച്ചിട്ടുണ്ട്. ഇത്തരം അധികാരാവകാശങ്ങളെ ഏതെങ്കിലും വ്യക്തികളോ അധികാരികളോ സഭാംഗങ്ങൾ തന്നെയോ മാനിക്കാതെ വരുമ്പോൾ അവകാശലംഘനമായി കണക്കാക്കുവാനും അർഹമായ ശിക്ഷ നൽകുവാനും സഭയ്ക്ക് അധികാരമുണ്ട്

'മറ്റേതെങ്കിലും ഒരു സഭയിലെ ഒരു അംഗമോ ഒരു ഓഫീസറോ ഒരു ജീവനക്കാരനോ ഉൾപ്പെടുന്ന ഒരു സഭാ അവഹേളന / അവകാശലംഘന പ്രശ്നം ഈ സഭയിൽ ഉന്നയിക്കപ്പെട്ടാൽ പ്രശ്നം ഉന്നയിച്ച അംഗത്തിൽ നിന്ന് തെളിവുകൾ ശേഖരിച്ച് പ്രശ്നത്തിനാധാരമായ രേഖകൾ ഉണ്ടെങ്കിൽ അവയും പരിശോധിച്ച ശേഷം അവകാശലംഘനമോ സഭാ അവഹേളനമോ നടന്നിട്ടില്ലെന്നോ പ്രശ്നത്തിൽ കഴമ്പില്ലെന്നോ ബോധ്യപ്പെട്ടാൽ സഭാദ്ധ്യക്ഷന് അനുമതി നിഷേധിക്കാമെന്നും അല്ലാത്തപക്ഷം ആരോപണവിധേയനായ ആൾ ഉൾപ്പെടുന്ന സഭയുടെ അദ്ധ്യക്ഷന് പ്രശ്നം നിവാരണം ചെയ്യുന്നതിനായി അയച്ചുകൊടുക്കാമെന്നും ഈ സഭ തീരുമാനിക്കുന്നു.

മറ്റേതെങ്കിലും ഒരു സഭയിൽ ഉന്നയിക്കപ്പെട്ട സഭാ അവഹേളന പ്രശ്നത്തിൽ ഈ സഭയിലെ ഒരു അംഗമോ, ഓഫീസറോ, ജീവനക്കാരനോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രശ്ന നിവാരണത്തിനായി സഭാദ്ധ്യക്ഷൻ ഈ സഭയുടെ അദ്ധ്യക്ഷന് അയച്ചുതരുന്ന പക്ഷം അത് ഈ സഭയിൽ നടന്ന പ്രിവിലേജ് പ്രശ്നമായി കണക്കാക്കുന്നതാണെന്നും അന്വേഷണം നടത്തി ഉചിതമായ തീരുമാനം കൈക്കൊണ്ട് പ്രശ്നം ഉന്നയിക്കപ്പെട്ട സഭയുടെ അദ്ധ്യക്ഷനെ വിവരം അറിയിക്കുന്നതാണെന്നും ഈ സഭ തീരുമാനിക്കുന്നു.'

*---- 1958 മാർച്ച് 29 ന് കേരള നിയമസഭയിൽ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് അവതരിപ്പിച്ച പ്രമേയത്തിന്റെ പൂർണ്ണരൂപം ---*

**സഭാ സമിതി ശിപാർശകൾ**

# സമ്പദ്ഘടനയിൽ വൻമാറ്റത്തിന് തീരദേശ ഹൈവേ പദ്ധതി വഴിയൊരുക്കും - നിയമസഭാ സമിതി



തീരദേശ ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിക്കുമ്പോൾ പ്രദേശത്തെ റോഡ്ഗതാഗത സംവിധാനങ്ങൾ, അപകട സാധ്യതാ മേഖലകൾ, നിർദ്ദിഷ്ട ഹൈവേയിലേക്ക് വന്നു ചേരുന്ന ലിങ്ക് റോഡുകൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തണമെന്നും, ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് പരിശോധിക്കണമെന്നും നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശ.

സംസ്ഥാനത്തിന്റെ ഗതാഗതമേഖലയുടെ സമഗ്ര വികസനത്തിനും, തീരസമ്പദ്ഘടനയ്ക്കും ഏറെ ഗുണകരമായ മാറ്റം വിഭാവനം ചെയ്യുന്ന പദ്ധതിയായ തീരദേശ ഹൈവേ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള സുപ്രധാന ശിപാർശകളടങ്ങിയ റിപ്പോർട്ട് എസ്. ശർമ്മ അദ്ധ്യക്ഷനായ എസ്റ്റിമേറ്റ്സ് കമ്മിറ്റി സഭയിൽ സമർപ്പിച്ചു. ദേശീയ പാതകളിലുള്ള അനിയന്ത്രിതമായ തിരക്ക്, വാഹനപ്പെരുപ്പം, ശബ്ദമലിനീകരണം, വായുമലിനീകരണം തുടങ്ങിയവ വൻതോതിൽ കുറയ്ക്കുക, തുറമുഖങ്ങളെയും മത്സ്യബന്ധന മേഖലകളെയും തമ്മിൽ ബന്ധിപ്പിക്കുക, വിനോദസഞ്ചാര മേഖലയിലെ വികസനത്തിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങി നിരവധി പ്രയോജനങ്ങളാണ് പദ്ധതി പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നു.

തീരദേശറോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുക എന്നത് ഒരു പ്രധാന വെല്ലുവിളിയായതിനാൽ പൊതുവായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കാനുള്ള നിർദ്ദേശങ്ങൾ എല്ലാ കളക്ടർമാർക്കും നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. സ്ഥലം ഏറ്റെടുക്കുമ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും അവരുടെ വരുംതലമുറയുടെയും ജീവനോപാധിക്ക് മാറ്റം വരുന്ന സാഹചര്യം കൂടി കണക്കിലെടുത്ത് ഒറ്റത്തവണ തീർപ്പാക്കലിലൂടെ നഷ്ടപരിഹാരത്തുക നിശ്ചയിക്കുക, ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ആശങ്കകൾ അകറ്റാനായി അദാലത്തുകൾ സംഘടിപ്പിക്കുക, പുനരധിവാസം സംബന്ധിച്ചും സാമൂഹികാഘാതം സംബന്ധിച്ചും പഠനം നടത്തുക തുടങ്ങിയവയും സമിതിയുടെ ശിപാർശകളിൽപ്പെടുന്നു.

തീരപ്രദേശത്തുള്ള നിർമ്മാണപ്രവർത്തനം ആവാസ വ്യവസ്ഥയെ ബാധിക്കുമെന്നതിനാൽ ഇതു സംബന്ധിച്ച് പാരിസ്ഥിതികാഘാത പഠനം നടത്തണമെന്നും, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, മത്സ്യപ്രജനന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ഭാഗങ്ങളിൽ നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ തീരദേശ പരിപാലന മേഖല സംബന്ധിച്ച അനുമതിപത്രം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്തു. തീരദേശ ഹൈവേയുടെ ദീർഘകാല സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കടലാക്രമണം നേരിടുന്ന ഭാഗങ്ങളിൽ കടൽഭിത്തികൾ നിർമ്മിച്ച് റോഡിനെ സംരക്ഷിക്കുന്നതിനുള്ള പുലിമുട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ തന്നെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള റോഡ് ഫണ്ട് ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. തീരദേശ ഹൈവെയുടെ അലൈൻമെന്റ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കുമ്പോൾ ബന്ധപ്പെട്ട എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ അഭിപ്രായം കൂടി തേടണമെന്നും സമിതി അഭിപ്രായപ്പെട്ടു.

രാത്രികാലങ്ങളിലെവാഹനാപകടങ്ങൾതടയുന്നതിനായി വഴിവിളക്കുകൾ സ്ഥാപിക്കുക, റോഡിന്റെ ഇരുവശങ്ങളിലും സ്ഥലലഭ്യത അനുസരിച്ച് മരങ്ങൾ വച്ചുപിടിപ്പിക്കുക, ദീർഘദൂര യാത്രക്കാർക്കായി ടൂറിസം വകുപ്പിന്റെ 'വഴിയോരം' പദ്ധതിയുമായി ബന്ധപ്പെടുത്തി ശുചിമുറികൾ, വിശ്രമകേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയും റിപ്പോർട്ട് ശിപാർശ ചെയ്യുന്നു. തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പൊതുമരാമത്ത്, റവന്യൂ, തദ്ദേശസ്വയംഭരണം, തുറമുഖം തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ തെളിവെടുപ്പുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2019-21) യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് 2020 ഫെബ്രുവരി 11-നാണ് സഭയിൽ സമർപ്പിച്ചത്.

# ആദ്യ നിയമസഭാ ചോദ്യത്തിന് 100 വയസ്സ്

കേരള നിയമനിർമ്മാണ സഭയിൽ സാമാജികർക്ക് ചോദ്യം ചോദിക്കാൻ അവസരം ലഭിച്ചിട്ട് ഏപ്രിൽ 7 ന് നൂറ് വർഷം തികഞ്ഞു. 1920 ഏപ്രിൽ 7 ന് തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലായിരുന്നു ആദ്യ ചോദ്യം പിറന്നത്. നിയമസഭകളുടെ ചരിത്രത്തിൽ എന്നും മുൻപേ പറക്കുന്ന പക്ഷിയായിരുന്നു തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ. തിരുവിതാംകൂർ സർവ്വീസിൽ 50 രൂപയോ അതിൽ കൂടുതലോ വേതനം പറ്റുന്ന വിദേശികളെക്കുറിച്ച് എം. സുബ്രഹ്മണ്യ പിള്ളയുടേതായിരുന്നു ആദ്യ ചോദ്യം. ആകെ പതിനഞ്ച് ചോദ്യങ്ങൾക്കായിരുന്നു അവസരം ലഭിച്ചത്. ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിമാരും ചോദ്യങ്ങൾക്ക് മറുപടി നൽകി. തിരുവിതാംകൂറിൽ 1918 നും 1920 നുമിടയിൽ വസൂരി പിടിപെട്ട് മരിച്ചവരുടെ എണ്ണം സംബന്ധിച്ച് കയാലം പരമേശ്വരൻപിള്ളയുടെ ചോദ്യം ആദ്യ ചോദ്യങ്ങളിലൊന്നായിരുന്നു. നൂറ് വർഷങ്ങൾക്കിപ്പുറം കേരളവും ലോകവും മറ്റൊരു മഹാമാരിക്കെതിരെ പോരാടുമ്പോൾ കയാലം പരമേശ്വരൻപിള്ളയുടെ ചോദ്യം കൂടുതൽ പ്രസക്തമാകുന്നു.

### ആദ്യ നിയമസഭാ ചോദ്യം

1. 1. (i) Will the Government be pleased to place on the table a statement of foreigners i.e., persons other than born subjects of His Highness the Maha Raja who are at present in Travancore Government Service drawing a salary of Rs. (50) fifty or above, showing :-

(a) their names and qualifications;

(b) their nationality, whether Europeons, subjects of British India or of Native States;

(c) the dates of their entertaintment in the Travancore Public Service;

(d) their pay and designation at the time of such entertainment;

(e) their present official designation and pay including personal and other allowances; and

(f) the reasons, if any, for the preference shown than over the claims of His Highness born subjects?

Ans: Information has been called for and will be laid on the table when received.

(ii) Are there posts in Travancore Public Service that are reserved for foreigners only? If so, what are they?

Ans: There are no Civil appointments in the State Services specially reserved for foreigners, except those of Special Magistrates and the Special Appellate Judge to try and dispose of cases relating to offences committed by Europen British Subjects. These Special Magistrates and the Special Appellate Judge have to be under the existing law themselves European British Subjects.

(iii) Are the Government aware that there is a strong public opinion in the country against the entertaintment on a large scale of foreigners in the Public Service, on the ground of their having no vested interest in the State?

Ans: Government are aware that there is some public feeling and have taken note of it.

(iv) Will the Government be pleased to state now their policy in the matter of appointment in the Tranvancore Public Service of persons who are not born subjects of His Highness the Maha Raja?

Ans: The member is referred to Articles 40 and 40A of the Travancore Service Regulations, which regulate the policy of Government in this matter.

എക്സിക്യൂട്ടീവിന്റെ ഭരണപരമായ നടപടിയിന്മേലുള്ള നിയമസഭകളുടെ നിയന്ത്രണത്തിന്റെ ഉപാധി എന്ന നിലയിലും എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിന്റെ അവിഭാജ്യഘടകം എന്ന നിലയിലും നിയമസഭാ നടപടിക്രമങ്ങളിൽ ചോദ്യോത്തരവേളയ്ക്ക് ഒരു സുപ്രധാന പങ്കുണ്ട്. എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി തെറ്റുകളും ന്യൂനതകളും കണ്ടുപിടിക്കുക, ഒരു സാമാജികന്റെ കർത്തവ്യം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് അധികവിവരങ്ങൾ ശേഖരിച്ച് അത് പൊതുജനശ്രദ്ധയിൽ കൊണ്ടുവരിക, പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ ചോദ്യങ്ങളായി ഉന്നയിച്ച് ഗവൺമെന്റിന്റെ സത്വര നടപടി ആവശ്യപ്പെടുക, പ്രശ്നങ്ങൾ സംബന്ധിച്ച് വാഗ്ദാനങ്ങളും ഉറപ്പുകളും നേടുക എന്നിവക്കുള്ള അവസരമാണ് ചോദ്യോത്തരവേളയിലൂടെ അംഗങ്ങൾക്ക് കൈവരുന്നത്. എക്സിക്യൂട്ടീവിൽ മാത്രം ലഭ്യമായ വിവരങ്ങൾ ആരായുന്നതിനും അതിലൂടെ എക്സിക്യൂട്ടീവിന്റെ തെറ്റായ കാര്യങ്ങൾ ചൂണ്ടിക്കാട്ടി തിരുത്തുന്നതിനും ചോദ്യോത്തരവേളയുടെ പങ്ക് പ്രധാനമാണ്.



സുബ്രഹ്മണ്യ പിള്ള



പരമേശ്വരൻപിള്ള

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 26 മുതൽ 48 വരെയുള്ള ചട്ടങ്ങളിൽ ചോദ്യോത്തരങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. നടപടിച്ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഡയറക്ഷൻ പുറപ്പെടുവിക്കാൻ സ്പീക്കർക്ക് അവകാശമുണ്ട്. നടപടിച്ചട്ടങ്ങളിലെ വ്യവസ്ഥകൾ, ചോദ്യോത്തരം സംബന്ധിച്ച ഡയറക്ഷനുകൾ, സഭാതലത്തിൽ നൽകുന്ന റൂളിംഗുകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് ചോദ്യോത്തരവേളയുടെ നടപടിക്ര മങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

പാർലമെന്റുകളുടെ മാതാവ് എന്നറിയപ്പെടുന്ന ബ്രിട്ടീഷ് ഹൗസ് ഓഫ് കോമൺസിലാണ് ചോദ്യോത്തര നടപടികൾക്ക് തുടക്കം കുറിച്ചത്. ഇൻഡ്യൻ പാർലമെന്ററി ചരിത്രത്തിൽ 1892 ലെ ഇൻഡ്യൻ കൗൺസിൽസ് ആക്ട് അനുസരിച്ച് വൈസ്രോയിയുടെ കൗൺസിൽ അംഗങ്ങൾക്ക് ചോദ്യം ചോദിക്കുവാനുള്ള അവകാശം 1894 ൽ ലഭ്യമായി. 1909 ലെ കൗൺസിൽസ് ആക്ടിനുശേഷമാണ് ഉപചോദ്യം ചോദിക്കുവാനുള്ള അവകാശം കൗൺസിൽ അംഗങ്ങൾക്ക് ലഭിച്ചത്.

തിരുവിതാംകൂറിലെയുംകൊച്ചിയിലെയുംനിയമനിർമ്മാണ സഭകളുടെ ദീർഘവും അഭിമാനാർഹവുമായ ചരിത്ര ത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത് ചോദ്യോത്തരവേളയുടെ പരിണാമ വികാസത്തിന്റെ ചരിത്രം കൂടിയാണ്. 1888 ൽ സ്ഥാപിതമായ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾക്ക് നാമമാത്ര മായ നിയമനിർമ്മാണ ഉപദേശക അധികാരം മാത്രമേ ഉണ്ടായിരുന്നുള്ളു. കൊല്ലവർഷം 1095 ലെ 1-ാം നമ്പർ റെഗുലേഷൻ സെക്ഷൻ 6 പ്രകാരം പുറപ്പെടുവിച്ച തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ കാര്യനിർവ്വഹണം സംബന്ധിച്ച ചട്ടപ്രകാരം അംഗങ്ങൾക്ക് ചോദ്യം ചോദിക്കുവാനുള്ള അവകാശം ലഭിച്ചു.



**യഥാസമയം ചോദ്യങ്ങൾക്ക് പൂർണ്ണമായ ഉത്തരം നൽകണം. അവ്യക്തവും യുക്തിരഹിതവും ഒഴിഞ്ഞുമാറുന്ന വിധത്തിലുള്ളതുമായ ഉത്തരങ്ങൾ ഒഴിവാക്കണം. ചോദ്യോത്തരവേള ഒരിക്കലും സസ്പെൻഡ് ചെയ്യാൻ ഇടവരരുത്. ചോദ്യത്തിന്റെ ഉത്തരങ്ങൾ സാമാജികൻ കൃത്യമായി പരിശോധിക്കാൻ ശ്രമിക്കണം. എങ്കിൽ മാത്രമേ ചോദ്യത്തിന്റെ ഉദ്ദേശ്യം സഫലമായോ എന്നറിയാൻ കഴിയൂ.**

**പി.സി.ജോർജ്, എം.എൽ.എ**

ഇതുപ്രകാരം 1920 ഏപ്രിൽ 7-ാം തീയതി ബുധനാഴ്ച ചേർന്ന കൗൺസിൽ യോഗത്തിൽ സർവ്വശ്രീ എം.സുബ്രഹ്മണ്യപിള്ള, ജോൺ നിറ്റ്, എസ്.ആദം സേട്ട്, ജി.പരമേശ്വരൻ പിള്ള എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയ പതിനഞ്ച് ചോദ്യങ്ങൾക്ക് സഭാതലത്തിൽ മറുപടി നൽകപ്പെട്ടു. ആദ്യകാലങ്ങളിൽ വകുപ്പുതലവന്മാരാണ് ഗവൺമെന്റിനുവേണ്ടി മറുപടി പറഞ്ഞിരുന്നത്. തിരുവിതാംകൂർ സർവ്വീസിൽ 50 രൂപയും അതിൽ കൂടുതലും ശമ്പളം പറ്റുന്ന വിദേശികളെ സംബന്ധിച്ച എം.എസുബ്ര ഹ്മണ്യപിള്ളയുടെ ഒന്നാം നമ്പർ ചോദ്യത്തിന് ചീഫ് സെക്രട്ടറി രാജറാം റാവു ആണ് മറുപടി നൽകിയത്. ഉപചോദ്യം ചോദിക്കുന്നതിനുള്ള അവകാശം സ്റ്റാന്റിംങ് ഓർഡർ 12 പ്രകാരമാണ് വ്യവസ്ഥ ചെയ്യപ്പെട്ടത്. 1922 ജൂലായ് 25-ാം തീയതിയാണ് ആദ്യമായി ഉപചോദ്യങ്ങൾ അനുവദിച്ചത്.

കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിൽ ആദ്യം ചോദ്യം ഉന്നയിക്കപ്പെട്ടത് 1925 ജൂലൈ 27 ലാണ്. ആനപ്പാറയിലെ കുഷ്ഠരോഗാശുപത്രിയെക്കുറിച്ച് എ.ബി.സലാം ഉന്നയിച്ച ചോദ്യത്തിന് ചീഫ് മെഡിക്കൽ ഓഫീസർ ദിവാൻ ബഹദൂർ ഡോ.വി.വർഗ്ഗീസാണ് ഉത്തരം നൽകിയത്.

പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുത്ത ജനപ്രതിനിധിസഭയായ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ 1948 ജൂൺ 2 മുതലാണ് ആദ്യമായി മന്ത്രിമാർ നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു തുടങ്ങിയത്. 1957 ലെ ഒന്നാം കേരള നിയമസഭയിലെ ഒന്നാമത്തെ ചോദ്യം ഉന്നയിച്ചത് 1957 ഏപ്രിൽ 30 ന് വി.ശ്രീധരനാണ്. രണ്ടാം പഞ്ചവത്സര പദ്ധതിയിലെ സംസ്ഥാന വിഹിതത്തെ സംബന്ധിച്ചുള്ള ചോദ്യത്തിന് സഭാതലത്തിൽ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് മറുപടി നൽകി.

തിരുവിതാംകൂറിൽ ദ്വിമണ്ഡല സഭ 1933 ൽ നിലവിൽ വന്നു. ദിവാൻ പ്രസിഡന്റ് തോമസ് ആസ്റ്റിൻ ശ്രീചിത്ര സ്റ്റേറ്റ് കൗൺസിലിൽ 1933 ആഗസ്റ്റ് 18ന് നടത്തിയ പ്രസംഗത്തിൽ ചോദ്യോത്തരവേളയ്ക്ക് സമഗ്രമായ മാറ്റമാണ് പ്രഖ്യാപിച്ചത്. നക്ഷത്രചിഹ്നമിട്ടതും ഇടാത്തതുമായ ചോദ്യങ്ങൾ ഇതോടെ നിലവിൽ വന്നു. ഉപചോദ്യം ലഭിക്കുന്നതിനുമുള്ള അവകാശം, ചോദ്യത്തിന് നോട്ടീസ് നൽകിയ അംഗത്തിനു പുറമേ മറ്റ് അംഗങ്ങൾക്ക് കൂടി ലഭിച്ചു. അച്ചടിച്ച ചോദ്യത്തിന്റെ പകർപ്പ് അംഗങ്ങൾക്ക് തലേദിവസം ലഭ്യമാക്കിയും സഭയിൽ പറയുന്ന ഉത്തരങ്ങളുടെ പകർപ്പ് പ്രസ്സ് റൂമിൽ ലഭ്യമാക്കിയും അദ്ദേഹം ചോദ്യോത്തരവേള പരിഷ്കരിച്ചു.

ഒരു അംഗം നോട്ടീസ് നൽകിയ ചോദ്യം അദ്ദേഹം ചുമതലപ്പെടുത്തിയ പ്രകാരം മറ്റൊരു അംഗത്തിന് ചോദിക്കുവാനുള്ള അവസരം 1934 ആഗസ്റ്റ് 7 ന് ലഭിച്ചു. പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച ചോദ്യം ചോദ്യകർത്താവിന്റെ അഭാവത്തിൽ ഉന്നയിക്കുവാൻ എസ്.ജെ.നായർ എന്ന അംഗത്തിന് ദിവാൻ പ്രസിഡന്റ് അനുമതി നൽകി.

കേരള നിയമസഭയിൽ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ എണ്ണം 1976 ൽ പരമാവധി 30 ആയി നിജപ്പെടുത്തി. നാലാം കേരള നിയമസഭയിൽ 1972 ഫെബ്രുവരി 22 ന് പിണറായി വിജയൻ ഉൾപ്പെടെ 29 അംഗങ്ങൾ നോട്ടീസ് നൽകിയ തലശ്ശേരി സംഭവത്തെക്കുറിച്ചുള്ള ചോദ്യം (ചോദ്യം നം.38) ക്ലബ് ചെയ്ത് ഒറ്റ ചോദ്യമായി അനുവദിച്ചു. 39 സാമാജികർ 60 ഉപചോദ്യങ്ങൾ ആണ് പ്രസ്തുത ചോദ്യത്തെ അടിസ്ഥാനമാക്കി സഭയിൽ ഉന്നയിച്ചത് ആഭ്യന്തരമന്ത്രി കെ.കരുണാകരൻ മറുപടി പറഞ്ഞു.

ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള സാമാജികർ ചോദിക്കുന്ന സമാന സ്വഭാവമുള്ള ചോദ്യങ്ങൾ ക്ലബ് ചെയ്ത് ഒരു ചോദ്യമായിട്ടാണ് അനുവദിച്ചിരുന്നത്. ഭരണ പ്രതിപക്ഷ അംഗങ്ങൾ വ്യത്യസ്ത ലക്ഷ്യത്തോടെ നോട്ടീസ് നൽകുന്ന ചോദ്യങ്ങൾ ഇപ്രകാരം ക്ലബ് ചെയ്യുന്നത് സഭയിൽ തന്നെ ചോദ്യം ചെയ്യപ്പെട്ടു. 2000ൽ എം.വിജയകുമാർ സ്പീക്കർ ആയിരുന്ന കാലയളവിൽ ഈ നടപടി അവസാനിപ്പിച്ചു.

### ചോദ്യങ്ങൾ തീർന്നുപോയ ചോദ്യോത്തരവേള

സഭ സമ്മേളിക്കുമ്പോൾ ആദ്യ ഒരു മണിക്കൂറാണ് ചോദ്യോത്തരവേളയ്ക്കായി മാറ്റിവച്ചിട്ടുള്ളത്. ചോദ്യോത്തരവേളയിൽ പ്രതിപക്ഷം ചോദ്യം ഉന്നയിക്കാത്തതിനെത്തുടർന്ന് ഭരണപക്ഷാംഗങ്ങൾ മാത്രം ചോദ്യങ്ങൾ ചോദിക്കുകയും ചോദ്യോത്തരവേള 20 മിനിട്ടു കൊണ്ട് തീരുകയും ചെയ്ത അപൂർവ്വതയ്ക്കാണ് 1974 ഒക്ടോബർ 15 ന് കേരള നിയമസഭ സാക്ഷ്യം വഹിച്ചത്. പ്രതിപക്ഷാംഗങ്ങളും ഭരണപക്ഷാംഗങ്ങളും 16 വീതം ചോദ്യങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. പക്ഷേ പ്രതിപക്ഷം ചോദ്യങ്ങൾ ഉന്നയിച്ചില്ല.


### ഒരംഗത്തിന് ഒരു ദിവസം പരമാവധി മൂന്ന് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

പി.ഗോപാലൻ എന്ന അംഗത്തിന്റെ 13 ചോദ്യങ്ങൾ 1954 ജൂലൈ 21 ലെ ചോദ്യങ്ങളുടെ നക്ഷത്രചിഹ്നമിട്ട ചോദ്യപട്ടികയിൽ വന്നു. ഒരു അംഗത്തിന് പരമാവധി 3 ചോദ്യം മാത്രമേ അനുവദിക്കാവൂ എന്ന നിർദ്ദേശം പട്ടം താണുപിള്ള മുന്നോട്ടു വച്ചു. ഒരു അംഗത്തിന് ഒരു തവണ 3 ചോദ്യങ്ങൾ മാത്രമേ അനുവദിക്കൂ എന്നും ശേഷിക്കുന്നവ ഉപചോദ്യമായിരിക്കുമെന്നും സ്പീക്കർ സഭയെ അറിയിച്ചു.

1954 ആഗസ്റ്റ് 9 ന് സി.എ.മാത്യു എന്ന അംഗം നിയമസഭാ ചട്ടം 39 ന് ഭേദഗതി കൊണ്ടുവന്നു. (not more than 2 questions distinguished by astricks by the same member shall be placed in the list of questions for answering on any day) ഈ ഭേദഗതി സഭ അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഒരു അംഗത്തിന് പരമാവധി രണ്ട് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്ക് മാത്രം നോട്ടീസ് നൽകാവുന്ന സ്ഥിതി വന്നു. 2010 ൽ പരമാവധി ചോദ്യങ്ങളുടെ എണ്ണം 3 ആയി വർദ്ധിപ്പിച്ചു.

### ഒരു ദിവസം : ഒരു ചോദ്യം

ഒരു ദിവസം ഒരു ചോദ്യം മാത്രം ചോദിക്കാൻ അവസരം ലഭിച്ച അപൂർവ്വതയും കേരള നിയമസഭയ്ക്കുണ്ട്. 1986 ജൂൺ 24 ന് പ്രീഡിഗ്രി ബോർഡുമായി ബന്ധപ്പെട്ട് വി.ജെ.തങ്കപ്പൻ, പന്തളം സുധാകരൻ, കെ.പി.പ്രഭാകരൻ, വി.വി.ജോസഫ് എന്നിവർ ഉന്നയിച്ച ചോദ്യമായിരുന്നു അത്. വിദ്യാഭ്യാസ മന്ത്രി ടി.എം.ജേക്കബ് മറുപടി നൽകി. ഇതിന്റെ ഉപചോദ്യങ്ങൾക്കാണ് ചോദ്യോത്തരവേള പൂർണ്ണമായും ഉപയോഗിച്ചത്.



# നിയമസഭാ ചോദ്യങ്ങൾ കമ്പ്യൂട്ടർവത്കരണ പാതയിൽ

**അനിൽ.എസ്**
ജോയിന്റ് സെക്രട്ടറി, ചോദ്യ വിഭാഗം

കേരള നിയമനിർമ്മാണ സഭാ ചരിത്രത്തിൽ ചോദ്യത്തിന് നൂറ് വയസ്സ് തികയുമ്പോഴും അതിന്റെ പ്രാധാന്യം കൂടി വരുന്നുവെന്നത് വാസ്തവമാണ്. ഒരു മണിക്കൂറിനിടയിൽ ഏറ്റവുമധികം നിയമസഭാംഗങ്ങൾ പങ്കെടുക്കുന്ന ഒരു നടപടിക്രമമാണ് ചോദ്യോത്തരവേള. നിലവിലുള്ള സഭയുടെ കാലയളവിൽ ഓരോ ദിവസവും ചോദ്യങ്ങൾ ഉന്നയിച്ച അംഗങ്ങളുടെ എണ്ണം ശരാശരി ഇരുപതിനുമുകളിലാണ് എന്നത് ശ്രദ്ധേയമാണ്. വളരെ ശക്തമാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള വിവരാവകാശ നിയമപ്രകാരം നിലവിലുള്ള ഒരു വിവരത്തെക്കുറിച്ച് മാത്രമേ ചോദിക്കാൻ സാധിക്കൂ, എന്നാൽ ചോദ്യത്തിലൂടെ ഉന്നയിക്കപ്പെടുന്ന വിഷയങ്ങളിൽ സർക്കാർ ഭാവിയിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നിയമസഭാംഗങ്ങൾക്കും പൊതുജനങ്ങൾക്കും മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. അതോടൊപ്പം തന്നെ മന്ത്രിമാരിൽ നിന്നും ഉറപ്പുകൾ നേടിയെടുത്ത് നടപ്പിൽ വരുത്തുവാനും അംഗങ്ങൾക്ക് സാധിക്കുന്നു. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ സഭാനടപടിക്രമത്തിന്റെ ബാലപാഠങ്ങൾ അഭ്യസിക്കുന്നത് ചോദ്യോത്തര വേളയിലാണ്. എന്നാൽ അച്ചടിച്ച് ലഭ്യമാവുന്ന നിയമസഭാ ചോദ്യങ്ങളുടെ പിന്നിലുള്ള കഠിനമായ മനുഷ്യപ്രയത്നത്തെക്കുറിച്ച് ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ പോലും പൂർണ്ണമായും ബോധവാൻമാരാണോയെന്ന് സംശയമുണ്ട്.

എം.എൽ.എമാർ ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് നിയമസഭാ സെക്രട്ടറിക്ക് നൽകുന്നത്. ഇപ്രകാരം ലഭിക്കുന്ന നോട്ടീസുകൾ ചട്ടപ്രകാരം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി നക്ഷത്ര ചിഹ്നമിട്ടതോ ഇടാത്തതോ ആയ ചോദ്യമായി അനുവദിക്കുകയോ ഭാഗികമായോ പൂർണ്ണമായോ അനുമതി നിഷേധിക്കുകയോ ചെയ്യുന്ന ജോലി നിയമസഭാ സെക്രട്ടേറിയറ്റ് നിർവ്വഹിക്കുന്നു. അതോടൊപ്പം തന്നെ ഒരു ദിവസത്തേക്കുള്ള ചോദ്യനോട്ടീസുകൾ നൽകുന്ന എല്ലാ അംഗങ്ങളുടെയും പേര് ഉൾപ്പെടുത്തി ഒരു നറുക്കെടുപ്പ് നടത്തുന്നു. ഇതിൽ ഒന്നാമത്തെ നറുക്ക് വീഴുന്ന അംഗം സമർപ്പിച്ച നോട്ടീസുകളിൽ മേൽ സൂചിപ്പിച്ച പ്രകാരം അനുവദിച്ച ഒരു ചോദ്യമാണ് പ്രസ്തുത ദിവസത്തെ ആദ്യത്തെ നക്ഷത്ര ചിഹ്നമിട്ട ചോദ്യമായി നിശ്ചയിക്കുന്നത്. പിന്നീടുള്ള ചോദ്യങ്ങളുടെ ക്രമം നറുക്കെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്. ഇപ്രകാരമുള്ള നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾക്ക് (പരമാവധി 30) ശേഷമുള്ളവയെല്ലാം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളായി മാറുന്നു. ഇവ രണ്ട് പ്രത്യേക പുസ്തകങ്ങളായി അച്ചടിക്കുന്നു. ഈ പ്രക്രിയ ഒറ്റനോട്ടത്തിൽ ലഘുവായി തോന്നുമെങ്കിലും വളരെ സങ്കീർണ്ണമായ ഒരു നടപടിക്ര മം തന്നെയാണ് ഇതിന്റെ പിന്നിലുള്ളത്. ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും സ്പീക്കർമാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളും വ്യക്തമായി മനസ്സിലാക്കിയാൽ മാത്രമേ ഈ പ്രക്രിയയിൽ ഫലവത്തായ പങ്കാളിത്തം വഹിക്കുവാൻ സാധിക്കുകയുള്ളൂ.

2013 വരെ എം.എൽ.എ മാർ എഴുതി നൽകുന്ന നോട്ടീസുകളിൽത്തന്നെ തിരുത്തലുകളും മാറ്റങ്ങളും വരുത്തുകയാണ് ചെയ്തിരുന്നത്. പിന്നീട് അത് മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ടൈപ്പ് ചെയ്ത് പ്രസ്സിലേയ്ക്ക് അയച്ച് അച്ചടിച്ചിരുന്നു. എന്നാൽ 2013 ൽ ചോദ്യങ്ങൾ സംബന്ധിച്ച ജോലികൾക്കായി LAIS എന്ന സോഫ്റ്റ്‌വെയർ നിലവിൽ വന്നത് ശ്രദ്ധേയമായ ഒരു മാറ്റം ആയിരുന്നു. ഇതിൽ അംഗങ്ങൾക്ക് ചോദ്യനോട്ടീസുകൾ ഓൺലൈനായി സമർപ്പിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കുന്ന നോട്ടീസുകൾ ഓൺലൈനായിത്തന്നെ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി അനുവദിക്കാനോ അനുമതി നിഷേധിക്കുവാനോ സാധിക്കും. നോട്ടീസ് നൽകുന്ന അംഗങ്ങളുടെ പേര് ഉൾപ്പെടുത്തിയുള്ള നറുക്കെടുപ്പ് മുൻപ് വളരെയധികം സമയമെടുത്തും നാലിലേറെ ഉദ്യോഗസ്ഥർ ചേർന്നുമാണ് നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ അത് കമ്പ്യൂട്ടറിൽ ഒരു ബട്ടൺ അമർത്തി ചെയ്യാനാവുന്നു.

അഞ്ചിലേറെ ഉദ്യോഗസ്ഥർ ഒരുമിച്ചിരുന്ന് ചെയ്തിരുന്ന ഒരു ദിവസത്തെ നക്ഷത്രചിഹ്നമിട്ട 30 ചോദ്യങ്ങളുടെ ക്രമം നിശ്ചയിക്കുന്ന ജോലി LAIS ൽ രണ്ട് ഉദ്യോഗസ്ഥർ മാത്രമാണെങ്കിലും ചെയ്യാൻ സാധിക്കുന്നുണ്ട്. ഒരു ദിവസത്തെ നക്ഷത്രചിഹ്നമിടാത്ത ഏകദേശം മുന്നൂറിലധികം ചോദ്യങ്ങൾ മന്ത്രിതിരിച്ചും മന്ത്രി കൈകാര്യം ചെയ്യുന്ന വിഷയം തിരിച്ചും അടുക്കി അവയ്ക്ക് നമ്പർ നൽകി പ്രസ്സിലേയ്ക്ക് നൽകുന്ന ജോലി മുൻപ് വളരെ ശ്രമകരമായിരുന്നു. LAIS- ൽ ഇത് ഒരു സെക്കന്റ് കൊണ്ട് ചെയ്യാനാകും. ഇപ്രകാരം ചെയ്തു കഴിഞ്ഞാൽ പ്രിന്റിംഗ് പ്രസ്സിനും ഐ.റ്റി. വിഭാഗത്തിനും ചോദ്യങ്ങൾ ലഭ്യമാവുകയും ആയത് അച്ചടിക്കുവാനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാനും കഴിയുകയും ചെയ്യുന്നു. പഴയ രീതിയിൽ കടലാസിൽ എഴുതി നൽകുന്ന നോട്ടീസുകൾ LAIS സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത് ആയതിന്റെ ഉള്ളടക്കം ടൈപ്പ് ചെയ്ത് ബാക്കി നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെയാണ് പൂർത്തീകരിക്കുന്നത്. ഓരോ ദിവസവും ലഭിച്ച നോട്ടീസുകളുടെ എണ്ണം, ഓരോ അംഗവും സമർപ്പിച്ച നോട്ടീസുകളുടെ എണ്ണം, ഒരു ദിവസത്തെ ചോദ്യങ്ങൾ സംബന്ധിച്ച മുഴുവൻ കണക്കുകളും ഉൾപ്പെടുന്ന റിപ്പോർട്ട് എന്നിവ വളരെ എളുപ്പത്തിൽ ലഭ്യമാവുന്നു എന്നത് ഈ സോഫ്റ്റ്‌വെയറിന്റെ പ്രത്യേകതയാണ്. ഉത്തരങ്ങളുടെ പതിനഞ്ച് കോപ്പികൾ നിയമസഭയിൽ എത്തിക്കുന്നതിന് പകരം സർക്കാർ വകുപ്പുകൾക്ക് അവ ഓൺലൈനായി അയക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യ വിഭവശേഷിയും സമയവും പരമാവധി ലാഭിക്കുന്ന വിധത്തിലും കടലാസിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്ന തരത്തിലുമാണ് LAIS രൂപപ്പെടുത്തിയിരിക്കുന്നത് . സഭ സമ്മേളിക്കാത്ത അവസരത്തിലും അംഗങ്ങൾക്ക് ചോദ്യനോട്ടീസുകൾ തയ്യാറാക്കി സൂക്ഷിക്കുവാൻ LAIS-ൽ സൗകര്യം ഉണ്ട്. സമ്മേളനത്തിന്റെ കലണ്ടറും മന്ത്രിമാർ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനുള്ള തീയതി സംബന്ധിച്ച ബുള്ളറ്റിനും നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും LAIS മുഖേന തയ്യാറാക്കിക്കഴിഞ്ഞാൽ ഈ ചോദ്യനോട്ടീസുകൾ നിയമസഭാ സെക്രട്ടറിക്ക് സമർപ്പിക്കുവാൻ സാധിക്കും. ഒരിക്കൽ സമർപ്പിച്ച ചോദ്യനോട്ടീസ് പിൻവലിക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി സെക്രട്ടറിക്ക് സമർപ്പിക്കുവാനുള്ള സൗകര്യവുമുണ്ട്. അനുമതി നിഷേധിച്ച നോട്ടീസുകൾ സംബന്ധിച്ച വിവരങ്ങളും അംഗങ്ങൾക്ക് ലഭ്യമാവും. ഏതെങ്കിലും ചോദ്യനോട്ടീസിൻമേൽ നിയമസഭാ സെക്രട്ടേറിയറ്റിന് അംഗത്തോട് ഓൺലൈനായിത്തന്നെ വ്യക്തത ആവശ്യപ്പെടാനും സംവിധാനമുണ്ട്.

LAIS സോഫ്റ്റ്‌വെയർ രൂപപ്പെടുത്തുകയും ചോദ്യങ്ങളുമായി ബന്ധപ്പെട്ട ജോലികൾ വിജയകരമായി ചെയ്ത് പൂർത്തിയാക്കുകയും ചെയ്തതാണ് ഇ-നിയമസഭ എന്ന ആശയത്തിന്റെ തന്നെ അടിസ്ഥാനം. LAIS -ന്റെ പ്രവർത്തനം ആരംഭിച്ച വേളയിൽത്തന്നെ ഇക്കാര്യത്തിൽ ചില പ്രാഥമിക ചർച്ചകൾ നടന്നിരുന്നു. അത് പ്രായോഗിക തലത്തിലേക്ക് എത്തിയത് ബഹുമാനപ്പെട്ട സ്പീക്കർ പി.ശ്രീരാമകൃഷ്ണന്റെ പ്രത്യേക താൽപര്യപ്രകാരമാണ്. ഇ-നിയമസഭ പ്രോജക്റ്റ് പ്രാവർത്തികമാക്കാൻ ചുമതലപ്പെട്ട ടീമിന്റെ മുമ്പിൽ ഒരു പഠന വസ്തുവായി ഉണ്ടായിരുന്നതും ഈ സോഫ്റ്റ് വെയർ തന്നെയാണ്.

ഇപ്പോൾ നിയമസഭാ ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ ചോദ്യദിവസത്തിന് 10 പൂർണ്ണദിവസങ്ങൾക്ക് മുമ്പാണ് നൽകുന്നത്. അതിനുള്ള സമയ പരിധിയായി നിശ്ചയിച്ചിരിക്കുന്നത് അതത് ദിവസം ഉച്ചയ്ക്ക് 12.00 മണിയാണ്. ഇ-നിയമസഭാ സംവിധാനം നടപ്പിൽ വരുന്നതോടെ എല്ലാ അംഗങ്ങളും ഓൺലൈനായി ചോദ്യങ്ങൾ സമർപ്പിക്കാൻ തയ്യാറായാൽ ഈ സമയപരിധി അംഗങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ മാറ്റുവാൻ സാധിക്കും. നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തലേദിവസം 4.00 മണിക്ക് ലഭ്യമാക്കണമെന്ന വ്യവസ്ഥയിലും ഇളവുകൾ അനുവദിക്കുന്നത് മന്ത്രിമാർക്കും വകുപ്പുകൾക്കും വളരെയധികം പ്രയോജനപ്രദമായിരിക്കും. ഉത്തരങ്ങൾ അംഗങ്ങളുടെ മുൻപിലുള്ള സ്ക്രീനിൽ കാണിക്കുന്നതിനാൽ മന്ത്രിമാർക്ക് അവ പൂർണ്ണമായും വായിക്കേണ്ടി വരുന്നില്ല. ഇതു മൂലം സമയം ലാഭിക്കുവാനും കൂടുതൽ ചോദ്യങ്ങൾ പരിഗണനയ്ക്ക് എടുക്കുവാനും സാധിക്കും. സാങ്കേതിക വിദ്യയുടെ വികാസത്തിലൂടെ നിയമസഭാ നടപടികളിൽ ഗുണകരമായ മാറ്റങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. LAISൽ നിലവിലുള്ള എല്ലാ സൗകര്യങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ ഇത്തരത്തിലുള്ള അധിക സൗകര്യങ്ങൾ അംഗങ്ങൾക്കായി ഏർപ്പെടുത്തിക്കൊണ്ടുള്ള ഇ-നിയമസഭാ സംവിധാനം വരുന്നത് നൂറ് വയസ് തികഞ്ഞ നിയമസഭാ ചോദ്യങ്ങളുടെ ചരിത്രത്തിൽ ഒരു പുതിയ വഴിത്തിരിവാകും.

# ഭരണഘടനയിലെ പെൺകയ്യൊപ്പുകൾ

ലോകത്തിലെ ഏറ്റവും ബൃഹത്തായ ലിഖിത ഭരണഘടനയാണ് ഇന്ത്യയുടേത്. ഭരണഘടനാ നിർമ്മാണസഭയിൽ പതിനഞ്ച് വനിതകളുണ്ടായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ, വിവിധ സംസ്കാരങ്ങളിൽ നിന്നും വന്ന പതിനഞ്ചു സ്ത്രീകൾ പുരുഷൻമാർക്കൊപ്പം ചേർന്ന് ഒരു രാഷ്ട്രത്തിന്റെ ഭരണഘടന സംഭാവന ചെയ്തു. സ്ത്രീകൾക്ക് ഇന്ത്യാ രാജ്യം നൽകുന്ന പ്രാധാന്യത്തിന്റെ പാരമ്പര്യം കൂടി വിളംബരം ചെയ്യുന്നതാണ് ഭരണഘടനയിലെ പതിനഞ്ചു പെൺകയ്യൊപ്പുകൾ.

ഇന്ത്യൻ ഭരണഘനയുടെ കരട് തയ്യാറാക്കുന്നതിനായി നിയോഗിക്കപ്പെട്ട 389 അംഗങ്ങളിൽ പതിനഞ്ചു പേർ വനിതകളായിരുന്നു. സാമൂഹിക സാമ്പത്തിക കെട്ടുപാടുകൾക്കുള്ളിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ സ്ത്രീകൾക്ക് കടന്നുവരാനായത് അവരുടെ അറിവിനും കഴിവിനും ഉള്ള അംഗീകാരം കൂടിയായിരുന്നു. സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിലെ സാഹചര്യവുമായി താരതമ്യം ചെയ്യുമ്പോൾ പ്രത്യേകിച്ചും. മലയാളികൾക്ക് അഭിമാനമായി മൂന്നു മഹിളാരത്നങ്ങളാണ് ഭരണഘടനയിൽ കയ്യൊപ്പ് വച്ചത്. അമ്മു സ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ, ആനി മസ്ക്രീൻ എന്നിവരായിരുന്നു ഉയർന്ന ചിന്തയും സാമൂഹികാസമത്വങ്ങളോട് സന്ധി ചെയ്യാതെ പോരാടാനുള്ള ഊർജ്ജസ്വലതയും നിറഞ്ഞ ആ മൂന്നുപേർ. ഇവർക്കൊപ്പം ബീഗം ഐസാസ് റസൂൽ, ദുർഗാബായ് ദേശ്മുഖ്, ഹൻസ ജിവരാജ് മേത്ത, കമല ചൗധരി, ലീല റോയ്, മാലതി ചൗധരി, പൂർണിമ ബാനർജി, രാജകുമാരി അമൃത് കൗർ, രേണുക റേ, സരോജിനി നായിഡു, സുചേതാ കൃപ്ലാനി, വിജയലക്ഷ്മി പണ്ഡിറ്റ് എന്നിവർ ചേരുമ്പോൾ ഭരണഘടനയ്ക്ക് പിന്നിലെ വനിതാ പട്ടിക പൂർത്തിയാകും.

## 1. അമ്മു സ്വാമിനാഥൻ

പാലക്കാട്ടെ ഉന്നത ഹിന്ദു കുടുംബത്തിൽ ജനിച്ച അമ്മു സ്വാമിനാഥൻ ഭരണഘടനാ നിർമ്മാണ സഭയിലെ പ്രമുഖ അംഗമായിരുന്നു. ആനി ബസന്റിനൊപ്പം 1917 ൽ മദ്രാസ് ആസ്ഥാനമാക്കി 'വിമെൻസ് ഇന്ത്യാ അസോസിയേഷൻ' സ്ഥാപിച്ചുകൊണ്ടാണ് അമ്മു സ്വാമിനാഥൻ പൊതുരംഗത്ത് ശ്രദ്ധേയയാകുന്നത്. മാർഗരറ്റ് കസിൻസ്,



മാലതി പട്വർദ്ധൻ, ദാദാബായ്, അംബുജാമ്മാൾ എന്നിവരും ഈ സംഘടനയുടെ സഹസ്ഥാപകരായിരുന്നു. സ്ത്രീ തൊഴിലാളികളുടെ സാമൂഹിക - സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അമ്മു സ്വാമിനാഥൻ ശ്രമിച്ചു. അവർ സാമൂഹിക അനീതിയ്ക്കെതിരെ പടപൊരുതുകയും സാമൂഹ്യഘടനയിൽ മാറ്റം വരണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. പുരാതന നായർ തറവാടുകളിൽ നിലനിന്നിരുന്ന പല സമ്പ്രദായങ്ങളും ലംഘിക്കുകയും സ്വതന്ത്രവും ശക്തവുമായ നിലപാട് സ്വീകരിക്കുകയും ചെയ്ത ധീരവനിതയാണ് അമ്മു സ്വാമിനാഥൻ. 1934 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗമായ അവർ പ്രായപൂർത്തി വോട്ടവകാശം, സ്ത്രീകൾക്ക് ഭരണഘടനാപരമായ തുല്യത എന്നിവയ്ക്കായി ശബ്ദമുയർത്തി. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിന്റെയും ഭാഗമായിരുന്നു അമ്മു സ്വാമിനാഥൻ. 1946 ൽ മദ്രാസ് മണ്ഡലത്തിൽ നിന്നും ഭരണഘടനാ നിർമ്മാണ സഭയുടെ ഭാഗമായി. 1952 ൽ ലോക്സഭാംഗവും 1954 ൽ രാജ്യസഭാംഗവുമായിരുന്നു.

*'People outside have been saying that India did not give equal rights to her women. Now we can say that when the Indian people themselves framed their constitution they have given rights to women equal with every other citizen of the country'*

*Ammu Swaminathan*

## 2. ദാക്ഷായണി വേലായുധൻ


കേരള ചരിത്രത്തിലും ഇന്ത്യൻ ചരിത്രത്തിലും തിളങ്ങുന്ന വ്യക്തിത്വമാണ് ദാക്ഷായണി വേലായുധൻ. ജാതിവ്യവസ്ഥയുടെ ഉച്ചസ്ഥായിയിൽ ഏറ്റവും അധഃകൃതം എന്ന് കരുതപ്പെട്ടിരുന്ന ഒരു സമുദായത്തിൽ നിന്നും ചരിത്രത്തിലേക്ക് നടന്നു കയറിയ വനിത. ചരിത്രത്തിൽ ഒരുപാട് 'ആദ്യ' എന്ന സ്ഥാനത്തിനുടമ.



ഭാരതത്തിലെ ആദ്യ വനിതാ ദളിത് ബിരുദധാരി എന്ന സ്ഥാനം എത്തിപ്പിടിക്കുന്നതിനിടയിൽ നേരിട്ട ജാതീയമായ തിക്താനുഭവങ്ങൾ ദാക്ഷായണി വേലായുധന് കൂടുതൽ കരുത്തേകി. കിട്ടിയ വേദികളിലെല്ലാം അടിച്ചമർത്തപ്പെട്ടവർക്കായി ദാക്ഷായണി സംസാരിച്ചു. തന്റെ സമുദായത്തിലെ ആചാരത്തിനെതിരായി മേൽമുണ്ട് ധരിച്ചു. 1912 ൽ കൊച്ചിയിലെ ബോൾഗാട്ടിയിൽ ജനിച്ച ദാക്ഷായണിയിലെ അനീതിക്കെതിരെ പോരടിക്കാനുള്ള മനസ് ഗാന്ധിജിയുമായുള്ള സമ്പർക്കത്തിലൂടെ കൂടുതൽ കരുത്താർജ്ജിച്ചു. 1945 ൽ കൊച്ചി നിയമസഭാ കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു. 1946 ലാണ് ഭരണഘടനാ നിർമ്മാണ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ഭരണഘടനാ നിർമ്മാണ സഭയിൽ അംഗമായ ഏക ദളിത് വനിതയായ ദാക്ഷായണി വേലായുധൻ പട്ടികവിഭാഗവുമായി ബന്ധപ്പെട്ട നിരവധി ചർച്ചകളിൽ ഡോ. ബി.ആർ. അംബേദ്കർക്കൊപ്പം ഭാഗഭാക്കായിട്ടുണ്ട്.

## 3. ബീഗം ഐസസ് റസൂൽ

ഭരണഘടനാ നിർമ്മാണ സഭയിൽ അംഗമായ ഏക മുസ്ലിം വനിതയാണ് ബീഗം ഐസസ് റസൂൽ. മലർകോട്ട്ലയിലെ രാജകുടുംബത്തിലായിരുന്നു ജനനം.



1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ടിനെത്തുടർന്ന് ബീഗം ഐസസ് റസൂലും ഭർത്താവ് നവാബ് ഐസസ് റസൂലും മുസ്ലീം ലീഗിൽ ചേർന്നു. 1937 ലെ തെരഞ്ഞെടുപ്പിൽ വിജയിച്ച് ഉത്തർപ്രദേശ് നിയമസഭയിൽ അംഗമായി. 1950 ൽ കോൺഗ്രസിൽ ചേർന്ന ബീഗം ഐസസ് റസൂൽ 1952 ൽ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1969 മുതൽ 1990 വരെ ഉത്തർപ്രദേശ് രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന അവർ 1969 -1971 കാലഘട്ടത്തിൽ സംസ്ഥാന മന്ത്രിസഭാംഗമായിരുന്നു. 2000 ൽ പത്മഭൂഷൺ നൽകി രാജ്യം ആദരിച്ചു.

## 4. ദുർഗാബായ് ദേശ്മുഖ്

പന്ത്രണ്ടാം വയസിൽ ആന്ധ്രാകേസരി റ്റി. പ്രകാശത്തിനൊപ്പം നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുത്ത ധീര വനിത . 1909 ൽ രാജമുണ്ട്രിയിൽ ജനനം. 1930 ൽ മദ്രാസിൽ ഉപ്പു സത്യാഗ്രഹത്തിന്റെ ഭാഗമായി. പിൽക്കാലത്ത് മദ്രാസിൽ സാമൂഹ്യക്ഷേമ - വിദ്യാഭ്യാസ മേഖലകളിൽ മഹത്തായ സ്വാധീനം ചെലുത്തിയ ആന്ധ്രാ മഹിളാസഭ സ്ഥാപിച്ചു. കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡ്, നാഷണൽ കൗൺസിൽ ഫോർ വിമെൻസ് എഡ്യൂക്കേഷൻ കേന്ദ്രത്തിന്റെ സ്ത്രീകളുടെയും



പെൺകുട്ടികളുടെയും വിദ്യാഭ്യാസ കമ്മിറ്റി എന്നിവയുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ചിട്ടുണ്ട്, പാർലമെന്റംഗം, പ്ലാനിംഗ് കമ്മീഷൻ അംഗം തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിരുന്ന ദുർഗാഭായ് ദേശ്മുഖിന് 1975 ൽ രാഷ്ട്രം പത്മവിഭൂഷൺ നൽകി ആദരിച്ചു. സാക്ഷരതാ പ്രവർത്തനങ്ങളിലെ സേവനങ്ങൾക്ക് നെഹ്റു സാക്ഷരതാ അവാർഡ് ലഭിച്ചിട്ടുണ്ട്.

## 5. ഹൻസ ജിവ്രാജ് മേത്ത

1897 ൽ ബറോഡ ദിവാന്റെ മകളായി ജനിച്ച ഹൻസ മേത്ത വിദേശ വിദ്യാഭ്യാസം ലഭിച്ച വനിതയാണ് . ഗുജറാത്തിലെ കുട്ടികൾക്കുവേണ്ടി നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും നിരവധി ഇംഗ്ലീഷ് പുസ്തകങ്ങൾ വിവർത്തനം ചെയ്യുകയും



ചെയ്തു. ഹൻസ ജിവ്രാജ് മേത്ത 1945-46 കാലഘട്ടത്തിൽ ആൾ ഇന്ത്യ വിമെൻസ് കോൺഫറൻസ് പ്രസിഡന്റായിരുന്നു. 1945 മുതൽ 1960 വരെയുള്ള കാലഘട്ടത്തിൽ എസ്.എൻ.ഡി.റ്റി. വനിതാ സർവ്വകലാശാല വൈസ് ചാൻസലർ, ആൾ ഇന്ത്യാ സെക്കന്ററി ബോർഡ് ഓഫ് എഡ്യൂക്കേഷൻ അംഗം, ഇന്റർ യൂണിവേഴ്സിറ്റി ബോർഡ് ഓഫ് ഇന്ത്യ പ്രസിഡന്റ്, ബറോഡ മഹാരാജ സയാജിറാവു യൂണിവേഴ്സിറ്റി വൈസ് ചാൻസലർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

## 6. കമല ചൗധരി

ലഖ്നൗവിലെ അറിയപ്പെടുന്ന കുടുംബത്തിലെ അംഗമായിരുന്നിട്ടും തുടർ വിദ്യാഭ്യാസം ലഭിക്കുന്ന തിനായി പോരാടേണ്ടി വന്നു കമല ചൗധരിക്ക്. ദേശീയവാദികൾക്കൊപ്പം ചേർന്ന കമല ചൗധരി 1930 കളിൽ നിയമലംഘന പ്രസ്ഥാനത്തിന്റെ സജീവ അംഗമായിരുന്നു. ആൾ ഇന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ 54-ാം സമ്മേളനത്തിന്റെ വൈസ് പ്രസിഡന്റായിരുന്നു. 1970 കളുടെ അവസാനം ലോക്സഭാംഗമായി. നല്ലൊരു എഴുത്തുകാരി കൂടിയായിരുന്നു കമല ചൗധരി.

## 7. ലീല റോയ്

അസമിലെ ഗോൾപാറയിൽ 1900 ൽ ജനിച്ച ലീല റോയ് സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിയ വനിതയായിരുന്നു. 1923 ൽ സുഹൃത്തുക്കളുമായി ചേർന്ന്



രൂപീകരിച്ച ദിപാലി സംഘവും സ്കൂളുകളും രാഷ്ട്രീയ ചർച്ചകൾക്ക് വേദിയായിരുന്നു. ധാക്കാ മഹിളാ സത്യാഗ്രഹ സംഘത്തിന്റെ രൂപീകരണത്തിന് കാരണക്കാരിയായത് ലീല റോയ് ആയിരുന്നു. 1937 ൽ കോൺഗ്രസിൽ അംഗമായ ലീല റോയ് 1938 ൽ ബംഗാൾ പ്രൊവിൻഷ്യൽ കോൺഗ്രസ് വിമെൻസ് ഓർഗനൈസേഷൻ സ്ഥാപിച്ചു. സുഭാഷ് ചന്ദ്ര ബോസ് ജയിലിലായപ്പോൾ അവർ ഫോർവേഡ് ബ്ലോക്ക് വാരികയുടെ എഡിറ്ററായി പ്രവർത്തിച്ചു.

## 8. മാലതി ചൗധരി

1904 ൽ കിഴക്കൻ ബംഗാളിലെ (ഇന്നത്തെ ബംഗ്ലാദേശ്) പ്രശസ്തമായ കുടുംബത്തിൽ ജനനം.



1921 ൽ വിശ്വഭാരതിയിൽ ചേർന്നു. ഭർത്താവും പിന്നീട് ഓഡിഷ മുഖ്യമന്ത്രിയുമായിരുന്ന നബകൃഷ്ണ ചൗധരിയോടൊപ്പം ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുക്കുത്തു. 1934 ൽ ഗാന്ധിജിയോടൊപ്പം ഒറീസ്സയിലെ പദയാത്രയിൽ പങ്കെടുത്ത അവർ അവശ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു. അടിയന്തരാവസ്ഥയ്ക്കെതിരെ സംസാരിച്ചതിന് ജയിലിലായിട്ടുണ്ട്.

## 9. പൂർണിമ ബാനർജി

സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളിലെ വനിതാ മുന്നണി പോരാളികളിൽ ഒരാളായിരുന്നു പൂർണിമ ബാനർജി. അലഹബാദിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയായിരുന്നു അവർ. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിലെയും സത്യാഗ്രഹങ്ങളിലെയും പങ്കാളിത്തം അവരുടെ അറസ്റ്റിൽ കലാശിച്ചു. ഭരണഘടനാ നിർമ്മാണ സമിതിയിലെ അവരുടെ പ്രസംഗങ്ങളിൽ സോഷ്യലിസ്റ്റ് ചിന്തകൾ മുഴങ്ങിക്കേട്ടു. കർഷകയോഗങ്ങളിലും ട്രേഡ് യൂണിയനുകൾ രൂപീകരിക്കുന്നതിലും പൂർണിമ ബാനർജി മുന്നിൽത്തന്നെയുണ്ടായിരുന്നു.

## 10. രാജകുമാരി അമൃത്കൗർ

1889 ഫെബ്രുവരി 2 ന് ഉത്തർപ്രദേശിലെ ലഖ്നൗവിൽ ജനിച്ച രാജകുമാരി അമൃത്കൗർ ഇന്ത്യയുടെ ആദ്യ ആരോഗ്യമന്ത്രിയായിരുന്നു. നീണ്ട പത്തു വർഷങ്ങൾ അവർ ആ സ്ഥാനത്ത് പ്രവർത്തിച്ചു. രാജകുടുബാംഗം എന്ന നിലയിൽ മികച്ച വിദ്യാഭ്യാസം നേടാൻ ലഭിച്ച അവസരം പതിനാറാം വയസിൽ മഹാത്മാഗാന്ധിയുടെ സെക്രട്ടറി ആകുന്നതിനു വേണ്ടി ഉപേക്ഷിച്ചു. All India Institute of Medical Science



സ്ഥാപിച്ച രാജകുമാരി അമൃത്കൗർ അതിന്റെ സ്വയംഭരണത്തിനായി ശക്തമായി വാദിച്ചു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും അവർ പ്രാമുഖ്യം നൽകിയിരുന്നു. ട്യൂബർകുലോസിസ് അസോസിയേഷൻ ഓഫ് ഇന്ത്യ, ദേശീയ കുഷ്ഠരോഗ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ മഹത്തരമായ സ്ഥാപനങ്ങൾ രാജകുമാരി അമൃത്കൗറിന്റെ സംഭാവനകളാണ്. ആതുര സേവന രംഗത്തെ അവരുടെ സേവനം റെഡ് ക്രോസ് പ്രവർത്തനങ്ങളിലേക്കും സെന്റ് ജോൺസ് ആംബുലൻസ് സൊസൈറ്റിയിലേക്കും വ്യാപിച്ചിരുന്നു.

## 11. രേണുക റേ

ഐ.സി.എസ്. ഓഫീസർ സതീഷ് ചന്ദ്ര മുഖർജിയുടെയും ചാരുലത മുഖർജിയുടെയും മകളായി ജനിച്ച രേണുക റേ



ഇംഗ്ലണ്ടിൽ നിന്ന് ബി.എ. പഠനം പൂർത്തിയാക്കി. മാതാവിന്റെ പാത പിന്തുടർന്ന് ആൾ ഇന്ത്യാ വിമൻസ് കോൺഫറൻസ് അംഗമായ രേണുക റേ സ്ത്രീകൾക്ക് തുല്യാവകാശത്തിനായി ഏകീകൃത വ്യക്തി നിയമം വേണമെന്ന് വാദിച്ചു. 1943-46 കാലഘട്ടത്തിൽ കേന്ദ്ര നിയമനിർമ്മാണ സഭയിൽ അംഗമായിരുന്ന രേണുക റേ ഭരണഘടനാ നിർമ്മാണ സമിതിയിൽ അംഗമാകുകയായിരുന്നു. 1952-57 ൽ പശ്ചിമ ബംഗാൾ നിയമസഭയിലും 1957 ലും 1962 ലും ലോക്സഭാംഗവുമായിരുന്നു. പ്ലാനിംഗ് ബോർഡ് അംഗം, വിശ്വഭാരതി സർവ്വകലാശാല ഗവേണിംഗ് ബോഡി അംഗം എന്നീ നിലകളിലും പ്രവർത്തിച്ച രേണുകയാണ് ബംഗാൾ വിമെൻസ് യൂണിയൻ രൂപീകരിച്ചത്.

## 12. സരോജിനി നായിഡു

1879 ഫെബ്രുവരി 13 ന് ഹൈദരാബാദിൽ ജനിച്ച സരോജിനി നായിഡു ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായ ആദ്യ ഇന്ത്യൻ വനിതയും സംസ്ഥാന ഗവർണറുമായിരുന്നു.



'ഇന്ത്യയുടെ വാനമ്പാടി' എന്ന് വിശേഷിക്കപ്പെട്ട സരോജിനി നായിഡു ലണ്ടനിലെ പ്രശസ്ത സ്ഥാപനങ്ങളിൽ പഠനം തുടരുന്നതിനിടെയാണ് മഹാത്മാഗാന്ധിയുടെ നിസഹകരണ പ്രസ്ഥാനത്തിൽ ആകൃഷ്ടയാകുന്നത്. പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സജീവ പ്രവർത്തകയായി. ബ്രിട്ടീഷുകാർക്കെതിരായ പ്രവർത്തനങ്ങൾ സരോജിനി നായിഡുവിന് നിരവധി തവണ ജയിൽ വാസം അനുഷ്ഠിക്കേണ്ടി വന്നു. ഗാന്ധിജിയോടൊപ്പം 1931 ൽ രണ്ടാം വട്ടമേശ സമ്മേളനത്തിലും സരോജിനി നായിഡു പങ്കെടുത്തു. റോയൽ സൊസൈറ്റി ഓഫ് ലിറ്ററേച്ചറിൽ ഫെലോ ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

## 13. സുചേത കൃപ്ലാനി

1908 ൽ ഹരിയാനയിൽ ജനിച്ച സുചേതാ കൃപ്ലാനി ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിലെ നിസ്തുല പ്രവർത്തനങ്ങൾ കൊണ്ട് പ്രശസ്തയായിരുന്നു. 1940 ൽ കോൺഗ്രസിൽ



വനിതാ വിഭാഗം സ്ഥാപിച്ചത് സുചേത കൃപ്ലാനിയായിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ലോക്സഭാംഗമായും ഉത്തർപ്രദേശ് സംസ്ഥാന മന്ത്രിസഭാംഗമായും തിളങ്ങി. ഇന്ത്യയുടെ ആദ്യ വനിതാ മുഖ്യമന്ത്രി കൂടിയായിരുന്നു സുചേതാ കൃപ്ലാനി.

## 14. വിജയലക്ഷ്മി പണ്ഡിറ്റ്

ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ സഹോദരി എന്ന നിഴലിൽ നിൽക്കാതെ ഇന്ത്യാ ചരിത്രത്തിൽ തന്റേതായ ഒരിടം നേടിയെടുത്ത വ്യക്തിത്വമാണ് 1900 ൽ അലഹബാദിൽ ജനിച്ച വിജയലക്ഷ്മി പണ്ഡിറ്റിന്റേത്. മൂന്നു തവണ ബ്രിട്ടീഷുകാർ അവരെ ജയിലിലടച്ചു. അലഹബാദ്



മുനിസിപ്പൽ ബോർഡ് തെരഞ്ഞെടുപ്പിലൂടെ രാഷ്ട്രീയത്തിലെത്തിയ വിജയലക്ഷ്മി പണ്ഡിറ്റ്, 1936 ൽ ഐക്യ പ്രവിശ്യകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വിജയിക്കുകയും 1937 ൽ ചരിത്രത്തിലിടം നേടിക്കൊണ്ട് ആദ്യ ഇന്ത്യൻ വനിതാ കാബിനറ്റ് മന്ത്രിയാകുകയും ചെയ്തു. എന്നാൽ ഇന്ത്യക്കാരും രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുക്കണമെന്ന ബ്രിട്ടീഷുകാരുടെ നിർബന്ധത്തിൽ പ്രതിഷേധിച്ച് 1939 ൽ രാജി വച്ചു. 1953 ൽ യു.എൻ. ജനറൽ അസംബ്ലിയിലെ ആദ്യ വനിതാ പ്രസിഡന്റായി ചുമതലയേറ്റു.

## 15. ആനി മസ്ക്രീൻ

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൽ അംഗമായ ആദ്യ വനിതകളിലൊരാളും തിരുവിതാംകൂർ സ്റ്റേറ്റ്



കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയംഗമാകുന്ന ആദ്യത്തെ വനിതയുമായിരുന്നു ആനി മസ്ക്രീൻ. ലത്തീൻ കത്തോലിക്ക കുടുംബത്തിൽ ജനിച്ച ആനി മസ്ക്രീൻ സ്വാതന്ത്ര്യത്തിനും അഖണ്ഡഭാരതത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ മുൻനിര പോരാളിയായിരുന്നു. 1939-47 കാലഘട്ടത്തിൽ നിരവധി തവണ ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്. 1951 ൽ തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ നിന്നും ആദ്യ ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽ നിന്നുള്ള ആദ്യ വനിതാ ലോക്സഭാംഗവും ആദ്യ ലോക്സഭയിലെ പത്ത് വനിതകളിലൊരാളുമായിരുന്നു ആനി മസ്ക്രീൻ. ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പ് 1949-50 കാലഘട്ടത്തിൽ ആരോഗ്യ - വൈദ്യുത വകുപ്പുമന്ത്രിയായി അവർ ഹ്രസ്വകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പാർലമെന്ററി ജനാധിപത്യം സാർത്ഥകമാക്കപ്പെടുന്നത് സഭാ സമിതികളുടെ സർഗ്ഗാത്മക ഇടപെടലുകളിലൂടെയാണ്. സഭാ സമിതികളെക്കുറിച്ചുള്ള ഒരു പംക്തി ആരംഭിക്കുന്നു.

# ജനാധിപത്യത്തിന്റെ കാവലാളായി നിയമസഭാ സമിതികൾ



റ്റി.മനോഹരൻ നായർ,
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

ജനാധിപത്യത്തിൽ നിയമനിർമ്മാണസഭകളും എക്സിക്യൂട്ടീവും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം ഒരു അനിവാര്യതയാണ്. ജനപ്രതിനിധിസഭയോട് നേരിട്ട് ഉത്തരവാദിത്വവും വിധേയത്വവുമുള്ള ഒരു നേതൃത്വം എക്സിക്യൂട്ടീവിന് ഉണ്ടാകുന്നത് നമ്മുടെ ഭരണഘടന അനുസരിച്ച് ലെജിസ്ലേച്ചറിൽനിന്നു തന്നെയാണ്. ലെജിസ്ലേച്ചറിന്റെ വിശ്വാസം നിലനിർത്താൻ കഴിയുന്നെങ്കിൽ മാത്രമേ എക്സിക്യൂട്ടീവിന് നിലനില്പുള്ളൂ. എക്സിക്യൂട്ടീവിനുമേൽ ഫലപ്രദമായ നിയന്ത്രണം ചെലുത്താൻ ലെജിസ്ലേച്ചറിന് കഴിഞ്ഞാൽ മാത്രമേ ജനാധിപത്യം എന്ന ആശയം സമ്പൂർണ്ണമാവുകയുള്ളൂ. എന്നാൽ എക്സിക്യൂട്ടീവിന് വിധേയമായി പ്രവർത്തിക്കുവാൻ ലെജിസ്ലേച്ചറിനെ നിർബന്ധിക്കുന്നു അല്ലെങ്കിൽ പ്രേരിപ്പിക്കുന്നു എന്നും ലെജിസ്ലേച്ചറിനുമേൽ എക്സിക്യൂട്ടീവ് അധീശത്വം പാലിക്കുന്നു എന്നുമുള്ള ആരോപണം കഴിഞ്ഞ കാലങ്ങളിലൊക്കെ ഇന്ത്യൻ ജനാധിപത്യത്തിൽ ഉയർന്നുവന്നിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങൾക്കുള്ള അനുമതി ലഭിക്കുക എന്നതാണ് എക്സിക്യൂട്ടീവിനെ സംബന്ധിച്ചിടത്തോളം ലെജിസ്ലേച്ചറിൽ നിന്നും പ്രതീക്ഷിക്കുന്ന ഏറ്റവും സുപ്രധാനമായ സഹായം. നിയമനിർമ്മാണം, പ്രധാനപ്പെട്ട നയരൂപീകരണം എന്നീ കാര്യങ്ങളിലും ലെജിസ്ലേച്ചറിന്റെ സഹകരണം അനിവാര്യമാണ്. എന്നാൽ ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ടും അവ വീണ്ടും വീണ്ടും പുനരുജ്ജീവിപ്പിച്ചുകൊണ്ടും അതിനെ പിൻപറ്റി ആവശ്യമായ ചട്ടങ്ങൾ നിർമ്മിച്ചുകൊണ്ടും നിയമനിർമ്മാണ സഭകളെ നോക്കുകുത്തികളാക്കാൻ എക്സിക്യൂട്ടീവിന് കഴിയുന്നതാണ്. സർക്കാർ ആവിഷ്കരിക്കുന്ന പുതിയ നയങ്ങൾ സഭ സമ്മേളിക്കുന്ന വേളകളിൽപ്പോലും സഭയിൽ അവതരിപ്പിക്കാതെ നടപ്പാക്കുന്നതിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ മുൻകാലങ്ങളിൽ സഭാതലത്തിൽ ഉയർന്നുവന്നിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ സാമ്പത്തിക തലങ്ങളേയും നിയമനിർമ്മാണ പ്രൊപ്പോസലുകളെയും പൊതുവായ പ്രവർത്തനങ്ങളെയും വിശകലനം ചെയ്യാനും വിമർശിക്കാനുമുള്ള സഭയുടെ അവകാശം ഏറെ വിലപ്പെട്ടതാണ്. അതിനു കോട്ടം വരുത്തുന്ന തരത്തിലുള്ള ഏതൊരു നീക്കവും ജനാധിപത്യത്തെ ദുർബലപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല.

ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നീ മൂന്നു സുപ്രധാന ഘടകങ്ങളും അന്യോന്യം സഹകരിച്ചു പ്രവർത്തിച്ചാൽ മാത്രമേ ആരോഗ്യകരമായ ഒരു ജനാധിപത്യ ഭരണക്രമം നിലനിർത്താൻ കഴിയൂ. ഓരോ ഘടകവും തങ്ങളുടെ അധികാരത്തേയും പരിധിയേയും സംബന്ധിച്ച് സ്വയം മനസ്സിലാക്കുകയും മറ്റു ഘടകങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ചും ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഇടപെട്ടും തിരുത്തിയും മുന്നോട്ടുപോകുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. ഭരണഘടനാ ലക്ഷ്യങ്ങൾ നേടാനുള്ള കൂട്ടായ പരിശ്രമങ്ങൾക്ക് തുല്യ പങ്കാളികൾ ആകുക എന്നതായിരിക്കണം ഈ മൂന്നു ഘടകങ്ങളുടെയും കടമ. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 164 (2) ൽ സംസ്ഥാനത്തെ മന്ത്രിസഭ നിയമസഭയോട് കൂട്ടായി ഉത്തരവാദപ്പെട്ടിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭരണഘടനാദത്തമായ ഈ ഉത്തരവാദിത്തം നിയമസഭയ്ക്ക് സംസ്ഥാന ഭരണക്രമത്തിൽ സമുന്നതമായ ഒരു സ്ഥാനം നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഗവണ്മെന്റിന് അതിന്റെ നയത്തെയും നടപടികളെയും പ്രവർത്തനങ്ങളെയും പറ്റി നിയമസഭയെ ബോധ്യപ്പെടുത്താനുള്ള ബാധ്യതയുണ്ട്. അതുപോലെ ഗവണ്മെന്റിനുമേൽ സഭയുടെ മേൽനോട്ടവും നിയന്ത്രണവും ഫലപ്രദമായ രീതിയിൽ നിർവഹിക്കുവാനുള്ള ഉത്തരവാദിത്തം നിയമസഭയ്ക്കുമുണ്ട്.

എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാനും ഫലപ്രദമായി നിയന്ത്രിക്കാനും ലെജിസ്ലേച്ചറിനെ പ്രാപ്തമാക്കുന്ന ഫലപ്രദമായ സംവിധാനമാണ് സഭാസമിതികൾ. നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിനൊപ്പം തന്നെയുള്ള ചരിത്ര പശ്ചാത്തലമാണ് ഓരോ സഭയോടും അനുബന്ധമായി വിവിധ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനായി രൂപീകരിക്കപ്പെട്ട സഭാ സമിതികൾക്കും ഉള്ളത്. സർക്കാരിന് സഭയോടുള്ള ബാധ്യതയും സഭയ്ക്ക് സർക്കാരിനോടുള്ള ഉത്തരവാദിത്തവും ഉറപ്പിക്കുന്ന രീതിയിലാണ് നിയമസഭാ നടപടി ചട്ടങ്ങൾക്ക് രൂപം കൊടുത്തിരിക്കുന്നത്. സഭ മുമ്പാകെ വരുന്ന പ്രശ്നങ്ങളിൽ ഒട്ടുമിക്കവയും വളരെ വിശാലവും സാങ്കേതികവും അതിസങ്കീർണ്ണ സ്വഭാവത്തോടു കൂടിയതുമാണ്. അതുകൊണ്ടുതന്നെ സഭയിൽ നടക്കുന്ന നടപടിക്രമങ്ങളും സങ്കീർണ്ണതയാർന്നവയാണ്. ഈ സാഹചര്യത്തിൽ അംഗങ്ങൾക്ക് ജനങ്ങൾ തങ്ങളിൽ അർപ്പിച്ചിരിക്കുന്ന കർത്തവ്യങ്ങൾ നിർവഹിക്കുക പലപ്പോഴും ബുദ്ധിമുട്ടുള്ള ഒരു പ്രക്രിയയായി മാറുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിലാണ് സഭാസമിതികൾ രൂപംകൊണ്ടിട്ടുള്ളത്. അംഗബലത്തിന്റെ കാര്യത്തിൽ സഭയുമായി താരതമ്യം ചെയ്യുമ്പോൾ സമിതികൾ വലുപ്പം കുറഞ്ഞവയാണ്. അതുകൊണ്ട് ഏറെ കൃത്യതയോടെ കർത്തവ്യനിർവഹണം നടത്തുവാൻ സമിതികൾക്ക് കഴിയുന്നുണ്ട്. സമിതി അംഗങ്ങൾക്ക് കൈകാര്യം ചെയ്യുന്ന വിഷയത്തെപ്പറ്റി കൂടുതൽ ഗ്രാഹ്യം ലഭിക്കുമെന്നതിനാൽ അവരുടെ ചർച്ചയും വിമർശനവും അനുമാനവും നിഗമനവും പ്രായേണ കൂടുതൽ ഫലപ്രദവും പ്രയോജനപ്രദവുമായിത്തീരുന്നു.

## ഉത്തരവാദിത്തങ്ങൾ

സർക്കാരിന്റെ വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങൾ സസൂക്ഷ്മം വീക്ഷിക്കുകയും പഠിക്കുകയും ചെയ്തുകൊണ്ട് അതിലുള്ള പാളിച്ചകളും വീഴ്ചകളും ചൂണ്ടിക്കാണിക്കുകയും ഉത്തരവാദികളെ കണ്ടെത്തി അവരുടെമേൽ നടപടി എടുക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടത് സമിതികളുടെ പൊതുവായ കർത്തവ്യമാണ്. അതുപോലെ ഗവണ്മെന്റിനുമേലുള്ള സഭയുടെ മേൽനോട്ടവും നിയന്ത്രണവും ഉറപ്പാക്കുക, ഭരണകാര്യങ്ങളിൽ അംഗങ്ങൾക്ക് കൈകാര്യ കർതൃത്വം സമ്പാദിക്കുവാൻ അവസരമൊരുക്കുക, ജനഹിതം ഭരണകാര്യങ്ങളിൽ പ്രതിബിംബിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, ഗവണ്മെന്റ് പ്രവർത്തനങ്ങളിൽ ഒരു തടസ്സ - തുലനശക്തി (Check and Balance) ആയി വർത്തിക്കുക, ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളിന്മേൽ ശാശ്വതമായ ഒരു ജാഗരൂകത ഉറപ്പാക്കുക എന്നിവയും സമിതികളുടെ ഉത്തരവാദിത്തത്തിൽപ്പെട്ട കാര്യങ്ങളാണ്.

## സമിതികളുടെ തരംതിരിവ്

നിയമസഭാ സമിതികളുടെ സ്വഭാവമനുസരിച്ച് അവയെ സ്റ്റാന്റിംഗ് കമ്മിറ്റികളെന്നും അഡ്ഹോക് കമ്മിറ്റികളെന്നും പൊതുവെ രണ്ടായി തരംതിരിക്കാവുന്നതാണ്. സ്ഥിരമായി പ്രവർത്തിക്കുന്നവയാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ളതാണ് അഡ്ഹോക് കമ്മിറ്റികൾ. (ഉദാഹരണം അടുത്തകാലത്ത് രൂപീകരിച്ച സർഫാസി കമ്മിറ്റി).

കേരള നിയമസഭയിൽ ആകെ 37 സ്റ്റാൻഡിംഗ് കമ്മിറ്റികളാണ് പ്രവർത്തിച്ചുവരുന്നത്. ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർവഹിക്കുന്ന കർത്തവ്യങ്ങളുടെ അടിസ്ഥാനത്തിൽ അവയെ ചുവടെ പറയും പ്രകാരം തരംതിരിക്കാവുന്നതാണ്.

### 1. ധനകാര്യ സമിതികൾ - 4 എണ്ണം

ഗവണ്മെന്റിന്റെ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങളെ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്വീകരിച്ചിട്ടുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയാണ് ധനകാര്യ സമിതികൾ.

### 2. സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള സമിതികൾ - 4 എണ്ണം

ബന്ധപ്പെട്ട വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഗവണ്മെന്റിന്റെ വീഴ്ചകളും പാളിച്ചകളും കണ്ടെത്തി അവ പരിഹരിക്കുന്നതിനും അതുവഴി പൊതുതാൽപര്യം സംരക്ഷിക്കുന്നതിനും ഉത്തരവാദപ്പെട്ട സമിതികളെ ഈ വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നു. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി, ഉറപ്പുകൾ സംബന്ധിച്ച സമിതി, ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി എന്നിവ അതിൽപ്പെടുന്നു.

### 3. അന്വേഷണം നടത്തുന്നതിനുള്ള സമിതികൾ - 3 എണ്ണം

ഗവണ്മെന്റിന്റെയോ അനുബന്ധ സ്ഥാപനങ്ങളുടെയോ വ്യക്തികളുടെയോ പ്രവർത്തനഫലമായി സാമാന്യജനങ്ങൾക്കും പൗരന്മാർക്കുമുണ്ടാകുന്ന പ്രശ്നങ്ങളെയും അവശതകളെയുംപറ്റി അന്വേഷിച്ച് പരിഹാരം കണ്ടെത്തുന്ന കർത്തവ്യമാണ് ഈ സമിതികൾക്കുള്ളത്. ഹർജികൾ സംബന്ധിച്ച സമിതി, പരിസ്ഥിതി സംബന്ധിച്ച സമിതി, പിന്നാക്ക സമുദായം സംബന്ധിച്ച സമിതി എന്നിവ ഈ ഗണത്തിൽപ്പെടുന്നു.

### 4. ക്ഷേമസമിതികൾ - 6 എണ്ണം

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും അവർക്കെതിരെയുള്ള അക്രമം സംബന്ധിച്ച പരാതികൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ സമിതികൾ. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി, സ്ത്രീകളുടെയും ട്രാൻസ്ജന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി, യുവജന ക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി, മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി എന്നിവ അതിൽപ്പെടുന്നു.

### 5. സഭയുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട സമിതികൾ - 4 എണ്ണം

സഭയുടെ ദൈനംദിന കാര്യങ്ങളും മറ്റ് നടപടികളും ക്രമീകരിക്കുവാൻ സഹായകരമായി പ്രവർത്തിക്കുന്ന കാര്യോപദേശക സമിതി, ചട്ടങ്ങൾ സംബന്ധിച്ച സമിതി, പ്രിവിലേജസും എത്തിക്സും സംബന്ധിച്ച സമിതി, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി എന്നിവയാണ് അത്തരത്തിൽപ്പെട്ടത്.

### 6. ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം നേടുന്നതിനുള്ള സമിതികൾ - 14 എണ്ണം

സർക്കാരിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ പങ്കാളിത്തം നേടുന്നതിനുള്ള സമിതികളാണിവ. കരട് ചട്ടങ്ങളുടെ പരിശോധന, ബജറ്റിന്റെ സൂക്ഷ്മ പരിശോധന, ബില്ലുകളുടെ പരിശോധന, ഗവണ്മെന്റ് നയങ്ങളും പോളിസികളും ചർച്ചയ്ക്ക് വിധേയമാക്കുക എന്നിവ ഈ സമിതികളുടെ കർത്തവ്യത്തിൽപ്പെടുന്നു. ഇന്ത്യൻ പാർലമെന്ററി ചരിത്ര ത്തിൽ ഒട്ടേറെ പുതുമകൾ സംഭാവന ചെയ്തുകൊണ്ട് രൂപീകരിക്കപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ ഈ ഗണത്തിൽപ്പെടുന്നവയാണ്.

### 7. സഭാംഗങ്ങളുടെ സൗകര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന സമിതികൾ - 2 എണ്ണം

നിയമസഭാംഗങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അവർക്കാവശ്യമായ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട സമിതികളാണ് ഹൗസ് കമ്മിറ്റി, ലൈബ്രറി ഉപദേശക സമിതി എന്നിവ.

### 8. പ്രത്യേക കാര്യത്തിനുള്ള സമിതികൾ

സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളിലെ വ്യവസ്ഥകൾ പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി സഭ നിയോഗിക്കുന്ന കമ്മിറ്റികളാണ് പ്രധാനമായും ഈ ഗണത്തിൽപ്പെടുന്നത്. ഇവ സെലക്ട് കമ്മിറ്റികൾ എന്നപേരിലാണ് അറിയപ്പെടുന്നത്.



വീരേന്ദ്രകുമാർ അനുസ്മരണത്തിന്റെ ഭാഗമായി നിയമസഭാ ലൈബ്രറിയിൽ ഒരുക്കിയ അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ പ്രദർശനത്തിൽ നിന്ന്

# ഹൃദയങ്ങളിൽ കയ്യൊപ്പുചാർത്തിയ നിത്യസഞ്ചാരി

**കേരള രാഷ്ട്രീയത്തിലും സാഹിത്യ സാംസ്കാരിക സാമൂഹിക മണ്ഡലങ്ങളിലും നിറസാന്നിദ്ധ്യമായിരുന്ന എം.പി.വീരേന്ദ്രകുമാർ വിടവാങ്ങി.**

പ്രമുഖ സോഷ്യലിസ്റ്റ് പാർട്ടി നേതാവും മദിരാശി നിയമസഭാംഗവുമായിരുന്ന എം.കെ.പത്മപ്രഭാഗൗഡറുടെയും മരുദേവി അവ്വയുടെയും മകനായി 1936 ജൂലായ് 22 ന് വയനാട്ടിലെ കൽപ്പറ്റയിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. മദിരാശി വിവേകാനന്ദ കോളേജിൽ നിന്ന് ഫിലോസഫിയിൽ മാസ്റ്റർ ബിരുദവും അമേരിക്കയിലെ സിൻസിനാറ്റി സർവ്വകലാശാലയിൽ നിന്ന് എം.ബി.എ ബിരുദവും നേടിയ അദ്ദേഹം മാധ്യമ രംഗത്തെ കുലപതിയായിരുന്നു. സ്കൂൾ വിദ്യാർത്ഥി ആയിരുന്ന കാലത്ത് ജയപ്രകാശ് നാരായണനാണ് സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗത്വം നൽകിയത്. അടിയന്തരാവസ്ഥക്കാലത്ത് ജയിൽ വാസം അനുഭവിക്കുകയും അദ്ദേഹത്തിന്റെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്തു. 1987 ൽ കേരള നിയമസഭാംഗവും വനംവകുപ്പ് മന്ത്രിയുമായി. വനങ്ങളിലെ മരങ്ങൾ മുറിക്കരുതെന്നതായിരുന്നു ആദ്യ ഉത്തരവ്. 48 മണിക്കൂറിനുള്ളിൽ മന്ത്രിസ്ഥാനം രാജിവയ്ക്കുകയും ചെയ്തു. കേന്ദ്ര മന്ത്രിസഭയിൽ ധനകാര്യസഹമന്ത്രിയും പിന്നീട് തൊഴിൽ വകുപ്പിന്റെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയുമായിരുന്നു. മലയാളത്തിന്റെ ചിന്തകൻ കൂടിയായിരുന്നു വീരേന്ദ്രകുമാർ. ഹൈമവതഭൂവിൽ, സമന്വയത്തിന്റെ വസന്തം, ബുദ്ധന്റെ ചിരി, ഡാന്യൂബ് സാക്ഷി, ഇരുൾപരക്കുന്ന കാലം, അധിനിവേശത്തിന്റെ അടിയൊഴുക്കുകൾ, ഗാട്ടും കാണാച്ചരടുകളും, രാമന്റെ ദുഖം തുടങ്ങി നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. വിലപ്പെട്ട നിരവധി പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

`എന്റെ വ്യക്തിജീവിതത്തിൽ അക്ഷരാർത്ഥത്തിൽ ഗുരുതുല്യനായ വ്യക്തിയായിരുന്നു അദ്ദേഹം. എത്രയോ വർഷങ്ങളായി ഞങ്ങൾ തമ്മിലുണ്ടായിരുന്ന ആത്മബന്ധം അദ്ദേഹം ഇരുപക്ഷത്തുള്ള സമയത്തും അതുപോലെ തുടരുകയുണ്ടായി. യഥാർത്ഥത്തിൽ എം.പി. വീരേന്ദ്രകുമാർ എന്ന രാഷ്ട്രീയ വ്യക്തിത്വം ആരായിരുന്നു? ഞാൻ കരുതുന്നത് ഭാരതീയ ദർശനങ്ങളെക്കുറിച്ചും ഭാരതത്തിന്റെ ഇതിഹാസങ്ങളെക്കുറിച്ചും നമ്മുടെ സഹജമായ സംസ്കാരത്തെയും അതിന്റെ ഭാഗമായ മിത്തുകളെക്കുറിച്ചും നമ്മുടെ ഭൂമിശാസ്ത്രത്തെ സംബന്ധിച്ചും ഹിമാലയസാനുക്കളുടെ ചരിത്രത്തെക്കുറിച്ചും നമ്മുടെ നദികളെക്കുറിച്ചും നദീതടങ്ങളിൽ രൂപംകൊണ്ടിരുന്ന സംസ്കാരത്തെക്കുറിച്ചുമെല്ലാം അന്വേഷണം നടത്തി ആ അന്വേഷണം പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഉപയുക്തമാകുംവിധം വ്യാഖ്യാനിച്ച ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹം എന്നാണ്. ഭാരതത്തിന്റെ ആത്മീയ ശക്തിയെ വിപ്ലവകരമായ സോഷ്യലിസ്റ്റ് ചിന്തകളിലേക്ക് സന്നിവേശിപ്പിച്ചുകൊണ്ട് വീരേന്ദ്രകുമാർ നൽകിയ രാഷ്ട്രീയ സംഭാവന; അതൊരു ചെറിയകാര്യമല്ല. രാമന്റെ ദുഖം എഴുതാൻ കഴിഞ്ഞത് അദ്ദേഹത്തിന് രാമായണം അറിയാമായിരുന്നതുകൊണ്ടാണ്. രാമായണത്തിന്റെ ദർശനത്തെക്കുറിച്ച് അദ്ദേഹത്തിന് ധാരണകളുണ്ടായിരുന്നു. 'ഹൈമവതഭൂവിൽ' എന്ന പുസ്തകത്തിൽ ഹിമാലയ സാനുക്കളെക്കുറിച്ചും മഞ്ഞണിഞ്ഞ ഹിമാലയ പർവ്വതങ്ങളെക്കുറിച്ചും അദ്ദേഹം പറയുമ്പോൾ അതിലേക്ക് ആമഗ്നനായി കമിഴ്ന്നുവീഴുകയല്ല മറിച്ച് അതിലൂടെ നൽകേണ്ട ഭാരതീയ മാനവികദർശനങ്ങൾ ഉയർത്തിക്കാട്ടുകയാണ് ചെയ്തത്. അതൊരു ചെറിയ സംഭാവനയല്ല. പലപ്പോഴും ആത്മീയതയുടെയും സോഷ്യലിസ്റ്റ് വിപ്ലവചിന്തയുടെയും ഇടയിൽ നിൽക്കാൻ പലർക്കും അറിയാതെപോയി. നെഗറ്റീവായിട്ടുമാത്രം ഭാരത ദർശനങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് മതപരമായ ചേരിതിരിവിനു ശ്രമിക്കുന്നവർ നാട്ടിലുണ്ട്. സ്വാമി വിവേകാനന്ദൻ പറയുകയുണ്ടായി. 'എന്റെ നാട് ഇനി അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും വലിയ പ്രശ്നം ദൈവത്തെ മറക്കുകയും മതത്തെ പുൽകുകയും ചെയ്യുന്ന ഒരു സമൂഹം ഉണ്ടാകും എന്നതാണ്.' അത്തരമൊരവസ്ഥ ഇല്ലാതിരിക്കാനുള്ള മുൻകരുതലായിരുന്നു വീരേന്ദ്രകുമാറിന്റേത്. അദ്ദേഹത്തിന്റെ എല്ലാ രചനകളും അതിനുള്ളതായിരുന്നു. ആ രചനകൾ നൽകിയ കരുത്ത് ഭാരതത്തിനും ഭാരതീയ സമൂഹത്തിനും സർഗ്ഗാത്മക രാഷ്ട്രീയ പ്രവർത്തനങ്ങൾക്കും വഴികാട്ടിയായിരുന്നു. അതോടൊപ്പം അഗോള കരാറുകളെക്കുറിച്ചും ജലദൗർലഭ്യമുണ്ടാക്കാൻ പോകുന്ന ആഗോള ജലയുദ്ധത്തെക്കുറിച്ചും കാർഷിക കരാറുകളുടെ കാണാച്ചരടുകൾ ഒരു നാടിനെ കെട്ടിവരിയുന്നതിനെക്കുറിച്ചുമുള്ള ഓർമ്മകൾ ഞങ്ങളുടെ തലമുറയ്ക്ക് നൽകിയത് അദ്ദേഹം തന്നെയായിരുന്നു. അദ്ദേഹമെടുത്ത രാഷ്ട്രീയ നിലപാടുകൾ ഇടക്കാലത്ത് വ്യത്യസ്തമായിരുന്നുവെങ്കിലും തന്റെ ദർശനങ്ങളും ഗ്രന്ഥങ്ങളും അദ്ദേഹത്തെ വേട്ടയാടുമെന്ന് ഞാനദ്ദേഹത്തോട് വ്യക്തിപരമായും പരസ്യമായും പറഞ്ഞിട്ടുണ്ട്. അദ്ദേഹം ക്ഷുഭിതനാകുകയല്ല മറിച്ച് അത് സ്വീകരിക്കുകയാണ് ചെയ്തത്. അദ്ദേഹം ആഗ്രഹിച്ചതുപോലെ തന്റെ ദർശനങ്ങൾ എവിടെയാണോ നിൽക്കുന്നത് ആ ദർശനങ്ങളോടൊപ്പം നിന്നുകൊണ്ട് അദ്ദേഹത്തിന് മരണത്തെപുൽകാൻ സാധിച്ചു എന്നത് നല്ലൊരു കാര്യമാണ്. അദ്ദേഹത്തിന്റെ സ്മരണകൾക്കും സംഭാവനകൾക്കും രാഷ്ട്രീയത്തിനും ദർശനങ്ങൾക്കും എഴുത്തിനും 'മാതൃഭൂമി' പുനസംഘടിപ്പിച്ചതിനുമെല്ലാം നമിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കുടുംബാംഗങ്ങളുടെയും അദ്ദേഹത്തിന്റെ അനുയായികളുടെയും സുഹൃത്തുക്കളുടെയും ദുഖത്തിൽ ഞാനും പങ്കുചേരുന്നു.

**പി. ശ്രീരാമകൃഷ്ണൻ,**
സ്പീക്കർ

ജനാധിപത്യ മതേതര പ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണ് എം.പി. വീരേന്ദ്രകുമാറിന്റെ വേർപാട്. സാമൂഹിക സാംസ്കാരിക മേഖലകളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ വ്യക്തിയാണ് വീരേന്ദ്രകുമാർ. അദ്ദേഹവുമായി പതിറ്റാണ്ടുകളുടെ വ്യക്തിബന്ധമുണ്ട്. അടിയന്തരാവസ്ഥയ്ക്കെതിരായ പോരാട്ടത്തിൽ ഒന്നിച്ചായിരുന്നു. ഒരുഘട്ടത്തിൽ രാഷ്ട്രീയമായി ഭിന്നചേരിയിൽ ആയിരുന്നപ്പോഴും വ്യക്തിബന്ധം കാത്തുസൂക്ഷിച്ചു. മാധ്യമരംഗത്തും അദ്ദേഹം വിലപ്പെട്ട സംഭാവനകൾ നൽകി. മാധ്യമ സ്വാതന്ത്ര്യത്തിനായി വിട്ടുവീഴ്ചയില്ലാത്ത നിലപാട് മുറുകെ പിടിച്ചു. പ്രതിഭാശാലിയായ എഴുത്തുകാരനും മികച്ച പ്രഭാഷകനുമായിരുന്നു. ഏതു പ്രശ്നവും ആഴത്തിൽ പഠിച്ച് അവതരിപ്പിക്കുന്ന നേതാവായിരുന്നു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ ദിവസം നടന്ന എം.എൽ.എ. മാരുടെയും എം.പി. മാരുടെയും സംയുക്തയോഗത്തിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. ജനങ്ങളെ ഭിന്നിപ്പിക്കുകയും രാജ്യത്തിന്റെ ഐക്യം തകർക്കുകയും ചെയ്യുന്ന വർഗ്ഗീയതയ്ക്കെതിരെ അവസാന നിമിഷം വരെ അചഞ്ചലമായി പോരാടിയ നേതാവായിരുന്നു. വികസനത്തിനായി നിലകൊണ്ടപ്പോഴും പ്രകൃതിയെ സംരക്ഷിക്കാനുള്ള പോരാട്ടത്തിന്റെ മുൻ നിരയിൽ അദ്ദേഹമുണ്ടായിരുന്നു.

ആ വേർപാടിൽ അദ്ദേഹത്തിന്റെ ബന്ധുക്കൾക്കും സഹപ്രവർത്തകർക്കും ഉള്ള തീവ്രമായ ദുഖത്തിൽ പങ്കുചേരുന്നു.

**പിണറായി വിജയൻ**
മുഖ്യമന്ത്രി

**'പുറത്തുള്ള നിയന്ത്രണങ്ങൾ അകത്തേക്കുള്ള തുറക്കലുകളാകേണ്ട നാളുകളാണിത്. ജീവിതത്തിന്റെ അഗാധമായ അർത്ഥത്തെക്കുറിച്ച് ചിന്തിക്കാനുള്ള ചെറിയ ഇടവേള. ഇത് മനുഷ്യനെ തന്റെ അത്യന്തമായ ദുർബലതകളെക്കുറിച്ചും ബോധവാനാക്കുന്നു; മനുഷ്യന് മരണമുണ്ടെന്ന ബോധ്യം. എന്നാൽ അതു മാത്രമല്ല. മരണം അപ്രതീക്ഷിതമായേക്കാമെന്ന വസ്തുതയും ഓർമ്മപ്പെടുത്തുന്നു. .....'**

**എം.പി. വീരേന്ദ്രകുമാർ**



രാഷ്ട്രീയ നേതാവ്, എഴുത്തുകാരൻ, മാധ്യമ പ്രവർത്തകൻ, പരിസ്ഥിതി പ്രവർത്തകൻ എന്നു തുടങ്ങി ഇടപെട്ട എല്ലാ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനാണ് വിടവാങ്ങിയത്. മാതൃഭൂമി എം.ഡി. എം.പി. വീരേന്ദ്ര കുമാർ എം.പി.യുടെ ഓർമ്മയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ...

വ്യക്തിപരമായി ഏറെ അടുപ്പം പുലർത്തിയ സുഹൃത്തിനെയാണ് നഷ്ടമായത്. അവസാന നിമിഷം വരെ കർമ്മനിരതനായ വീരേന്ദ്രകുമാറിന്റെ സ്മരണയ്ക്ക് മുന്നിൽ കൂപ്പുകൈ.

**രമേശ് ചെന്നിത്തല**
പ്രതിപക്ഷ നേതാവ്



# പ്രതിസന്ധികളിൽ പതറാതെ മുന്നോട്ടുപോകാം

പിണറായി വിജയൻ മുഖ്യമന്ത്രി

നമ്മുടെ രാജ്യവും ലോകവും അതീവ ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴാണ് 'അറിവോര'ത്തിന്റെ പുതിയ ലക്കം പുറത്തുവരുന്നത്. കോവിഡ് 19 എന്ന മഹാമാരിക്കെതിരായ യുദ്ധത്തിലാണ് ലോകം മുഴുവൻ. ലോകാരോഗ്യ സംഘടനയും ആരോഗ്യരംഗത്തെ വിദഗ്ധരും നൽകുന്ന മുന്നറിയിപ്പ് അനുസരിച്ച് നാം കുറച്ചുകാലം ഈ വൈറസിനൊപ്പം ജീവിക്കേണ്ടി വരും. കാരണം, കോവിഡ് 19 ന് ഇതുവരെ മരുന്നോ വാക്സിനോ കണ്ടെത്തിയിട്ടില്ല. വാക്സിൻ കണ്ടെത്തുന്നതിനുള്ള പരീക്ഷണങ്ങൾ ഇന്ത്യയിലടക്കം എൺപതിലേറെ ഗവേഷണ സ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. വിവിധ പരീക്ഷണഘട്ടങ്ങൾ കഴിഞ്ഞ് ഈ വാക്സിൻ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സമയമെടുക്കുമെന്നാണ് ഗവേഷകർ നൽകുന്ന സൂചന. അതുകൊണ്ടാണ് കരുതലോടെ, ജാഗ്രതയോടെ കൊറോണയോടൊപ്പം ജീവിക്കുക എന്ന സമീപനത്തിലേക്ക് ഇന്ത്യയും മറ്റു ലോകരാഷ്ട്രങ്ങളും എത്തിയത്. കേരളത്തിലും അതിനുള്ള തയ്യാറെടുപ്പാണ് നാം നടത്തുന്നത്.

കോവിഡ് 19 മഹാമാരിക്കെതിരെ കേരളത്തിന്റെ പോരാട്ടം ലോകരാഷ്ട്രങ്ങളുടെ സവിശേഷശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. രോഗവ്യാപനം വലിയൊരളവിൽ പിടിച്ചുനിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സമ്പർക്കം മൂലം രോഗം പടരുന്നതും കോവിഡ്ബാധ മൂലമുള്ള മരണനിരക്കും ഏറ്റവും കുറവാണ് നമ്മുടെ സംസ്ഥാനത്ത്. രോഗമുക്തി നേടുന്നവരുടെ ശതമാനം ഏറ്റവും ഉയർന്നുനിൽക്കുന്നത് കേരളത്തിലാണ്. ഇതുവരെയുള്ള കണക്കനുസരിച്ച് നമ്മുടെ മരണനിരക്ക് 0.5 ശതമാനമാണ്. എന്നാൽ ദേശീയ നിരക്ക് 2.89 ശതമാനം. ഈ പ്രത്യേകതകളാണ് കേരളത്തിന് അന്താരാഷ്ട്രതലത്തിൽ പ്രശംസ നേടിത്തന്നത്. കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ശക്തിയും വിപുലമായ ശൃംഖലയുമാണ് ഈ പോരാട്ടത്തിൽ നാം നേടിയ വിജയത്തിന്റെ അടിസ്ഥാനം.

ഇപ്പോഴത്തെ സർക്കാർ വന്നശേഷം നടപ്പാക്കിയ നാലു മിഷനുകളിൽ ഒന്നാണ് ആർദ്രം മിഷൻ. ഈ മിഷനിലൂടെ പ്രാഥമികാരോഗ്യമേഖല നാം കൂടുതൽ ശക്തിപ്പെടുത്തി. പല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. ഒ.പി. സമയം ദീർഘിപ്പിച്ചു. ഉച്ചയ്ക്കുശേഷവും ജനങ്ങൾക്ക് ഒ.പി.യിൽ പോകാൻ കഴിഞ്ഞു. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയതോടൊപ്പം, താലൂക്ക്, ജില്ലാ ആശുപത്രികളും വികസിപ്പിച്ചു. ഈ രണ്ടു തട്ടുകളിലും ആധുനിക ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കി. മെഡിക്കൽ കോളേജ് ആശുപത്രികൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി.

സംസ്ഥാനത്തെ ജനങ്ങൾ ഒത്തൊരുമിച്ചാണ് ഈ മഹാമാരിയെ നേരിടുന്നത്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ ഈ പോരാട്ടത്തിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. വാർഡുതല സമിതികൾ വഴിയാണ് കേരളം ക്വാറന്റീൻ ഫലപ്രദമാക്കുന്നത്. പോലീസും ഫയർ ഫോഴ്സും മറ്റു സർക്കാർ സംവിധാനങ്ങളും ആരോഗ്യവകുപ്പുമായി കൈകോർത്ത് പ്രവർത്തിക്കുന്നു.

സംസ്ഥാനത്തിനു പുറത്തും രാജ്യത്തിനു പുറത്തും തൊഴിൽ തേടിപ്പോയ നമ്മുടെ സഹോദരങ്ങൾ ഈ പ്രതിസന്ധിഘട്ടത്തിൽ കേരളത്തിലേക്ക് തിരിച്ചുവരികയാണ്. രോഗവ്യാപനം തീവ്രമായുള്ള നാടുകളിൽ നിന്നാണ് പലരും വരുന്നത്. ഈ സാഹചര്യത്തിൽ ഇവിടെ രോഗികളുടെ എണ്ണത്തിൽ കാര്യമായ വർധന വരുന്നുണ്ട്. ഇതു നാം പ്രതീക്ഷിച്ചതു തന്നെയാണ്. തിരിച്ചുവരാൻ ആഗ്രഹിക്കുന്ന മുഴുവൻ പ്രവാസികളെയും നാം സ്വാഗതം ചെയ്യുകയാണ്. കാരണം അവർക്കു കൂടി അവകാശപ്പെട്ടതാണ് ഈ മണ്ണ്. വരുന്നവരുടെയും ഇവിടെയുള്ളവരുടെയും ആരോഗ്യസുരക്ഷ ഉറപ്പാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ചില നിയന്ത്രണങ്ങൾ ഇക്കാര്യത്തിൽ വേണ്ടിവന്നത്.

സമ്പർക്കത്തിലൂടെ രോഗം പടരുന്നത് നല്ല രീതിയിൽ നിയന്ത്രിക്കാൻ നമുക്ക് കഴിയുന്നുണ്ട്. അതുകൊണ്ട് ഇപ്പോൾ രോഗികളുടെ എണ്ണം കൂടുന്നതിൽ നാം പരിഭ്രാന്തരാകേണ്ട കാര്യമില്ല. എന്നാൽ കൂടുതൽ പേർ വിദേശത്തുനിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്നുകൊണ്ടിരിക്കുകയും ലോക്ഡൗണിൽ കാര്യമായ ഇളവ് വരികയും ചെയ്ത സാഹചര്യത്തിൽ നാം നല്ല ജാഗ്രത തുടരേണ്ടതുണ്ട്. പുതിയ ശീലങ്ങൾ നാം സ്വീകരിച്ചേ പറ്റൂ. പുറത്തുപോകുമ്പോൾ മാസ്ക് ധരിച്ചിരിക്കണം. സോപ്പ് ഉപയോഗിച്ച് കൈകൾ ഇടയ്ക്കിടെ കഴുകണം. പുറത്തിറങ്ങുമ്പോൾ സാനിറ്റൈസർ കരുതണം. ആൾക്കൂട്ടം ഒഴിവാക്കണം. ആൾക്കൂട്ട സാധ്യതയുള്ളിടത്ത് പോകരുത്. വ്യക്തിശുചിത്വം പോലെ പ്രധാനമാണ് പരിസരശുചിത്വവും. നമ്മുടെ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനുള്ള ശീലങ്ങളും നാം അനുവർത്തിക്കണം. സമീകൃതാഹാരവും കൃത്യമായ വ്യായാമവും ഇതിൽപ്പെടുന്നു.

ക്വാറന്റീൻ പോലെ റിവേഴ്സ് ക്വാറന്റീനും പ്രധാനമാണ്. രോഗമുള്ളവരിൽനിന്ന് പ്രായമായവരെയും കുട്ടികളെയും മറ്റു രോഗങ്ങൾ ഉള്ളവരെയും സംരക്ഷിക്കണം. സർക്കാർ നിർദേശങ്ങൾക്കുപരി ഓരോ വ്യക്തിയും പുലർത്തുന്ന ജാഗ്രതയാണ് ഇതിൽ പ്രധാനം.

കോവിഡ് മഹാമാരി സാമ്പത്തിക രംഗത്ത് മാരക ഫലങ്ങളാണുണ്ടാക്കിയത്. വ്യവസായ-വാണിജ്യ-ടൂറിസം മേഖലകൾ നിശ്ചലമായപ്പോൾ ജനങ്ങളുടെ വരുമാനം ഇല്ലാതായി. സംസ്ഥാനങ്ങളുടെ വരുമാനം നാമമാത്ര മായി. ഈ പ്രതിസന്ധിയിൽ നിന്ന് പുറത്തുകടക്കാനുള്ള വഴികളാണ് നാം ആരായുന്നത്. ജനങ്ങളുടെ പിന്തുണയും ഒത്തൊരുമയുമാണ് ഇവിടെയും നമുക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്നത്.

കോവിഡ് 19 സൃഷ്ടിച്ച പ്രതിസന്ധി ഒഴിയുമ്പോൾ പുതിയ അവസരങ്ങൾ നമുക്ക് തുറന്നുകിട്ടുമെന്നാണ് കരുതുന്നത്. സാമ്പത്തിക വിദഗ്ധരും ഇതു ചൂണ്ടിക്കാണിക്കുന്നു. ലോകത്തിലെ ഏറ്റവും സുരക്ഷിതമായ സംസ്ഥാനമെന്ന ഖ്യാതി ഇപ്പോൾ കേരളത്തിനുണ്ട്. മുന്നോട്ടുള്ള യാത്ര യിൽ ഈ സൽപ്പേര് നമുക്ക് വലിയ തുണയാകും. ലോകത്ത് ഇന്ന് വ്യവസായങ്ങൾ, പ്രത്യേകിച്ച് മാനുഫാക്ച്ചറിങ്, ചില രാജ്യങ്ങളിൽ കേന്ദ്രീകരിച്ചിരിക്കയാണ്. ഈ കേന്ദ്രീകരണം ഇല്ലാതാകുമെന്നും മറ്റു ഭാഗങ്ങളിലേക്ക് വ്യവസായങ്ങൾ മാറിപ്പോകുമെന്നും ഈ രംഗത്തെ വിദഗ്ധർ കരുതുന്നു. ഈ രീതിയിൽ മാറ്റം വരുമ്പോൾ കേരളത്തിലേക്കും വ്യവസായങ്ങൾ കൊണ്ടുവരണം. ആരോഗ്യ പരിപാലനം, മെഡിക്കൽ ഉപകരണങ്ങളുടെ നിർമാണം, ഐ.ടി, വിദ്യാഭ്യാസം, ടൂറിസം മുതലായ രംഗങ്ങളിൽ കേരളത്തിന് വലിയ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ഒരവസരവും നഷ്ടപ്പെടുത്താൻ കേരളം തയ്യാറല്ല. അതുകൊണ്ട് വ്യവസായങ്ങൾ ആകർഷിക്കാനുള്ള ശ്രമങ്ങൾ നാം ഇപ്പോൾ തന്നെ ആരംഭിച്ചിരിക്കുകയാണ്. വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുമായി നാം ബന്ധപ്പെടുന്നുണ്ട്. അതോടൊപ്പം കൊറിയ, തായ്‌വാൻ, സിംഗപ്പൂർ, ജപ്പാൻ, ഫ്രാൻസ്, യു.എസ്.എ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലെ വ്യവസായികളെയും വ്യവസായ സംഘടനാപ്രതിനിധികളെയും ഉൾപ്പെടുത്തി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്. കോവിഡാനന്തര കേരളത്തിന്റെ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം നാം തുടങ്ങിക്കഴിഞ്ഞു എന്ന് സൂചിപ്പിക്കാനാണ് ഇക്കാര്യം പറഞ്ഞത്.

വിദ്യാഭ്യാസ രംഗത്തും നമുക്ക് വലിയ സാധ്യതകളുണ്ട്. കേരളത്തിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഇപ്പോൾ നിലവാരമുള്ളതും ജോലി സാധ്യത കൂടുതലുള്ളതുമായ കോഴ്സുകൾ പഠിക്കാൻ വിദേശരാജ്യങ്ങളിലേക്കും ഇന്ത്യയിലെ ചില നഗരങ്ങളിലേക്കും പോകുന്നുണ്ട്. നമ്മുടെ വിദ്യാർത്ഥികൾക്ക് കേരളത്തിൽ തന്നെ പഠിക്കാൻ സൗകര്യമൊരുക്കണം. അതോടൊപ്പം വിദേശ വിദ്യാർത്ഥികളെയും കേരളത്തിലേക്ക് ആകർഷിക്കാനാവണം. എന്നാൽ ഇതിനൊരു മുൻ ഉപാധിയുണ്ട്. നമ്മുടെ സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ ഘടനയിൽ സമൂലമാറ്റം വേണം. സർവകലാശാലയുടെ ഉന്നതസമിതികൾ ഇപ്പോൾ കാര്യമായി ചർച്ച ചെയ്യുന്നത് അധ്യാപകരുടെയും ജീവനക്കാരുടെയും സർവീസ് കാര്യങ്ങളാണ്. എന്നാൽ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും മുഖ്യധർമം അക്കാദമിക് കാര്യങ്ങൾ നന്നായി നിർവഹിക്കുക എന്നതാണ്. സർവീസ് കാര്യങ്ങൾ അതുകഴിഞ്ഞേ വരേണ്ടതുള്ളൂ. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഈ രീതിയിലുള്ള മാറ്റം വരണം. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി അധ്യാപകരും മാറ്റത്തിന് തയ്യാറാവേണ്ടതുണ്ട്.

കേരളത്തിന്റെ ഭക്ഷ്യോല്പാദനം ഗണ്യമായി വർധിപ്പിച്ച് ഈ രംഗത്ത് സ്വയംപര്യാപ്തത നേടാനുള്ള പദ്ധതിയും നാം ആവിഷ്കരിച്ചു കഴിഞ്ഞു. അതോടൊപ്പം മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകളും അഭിവൃദ്ധിപ്പെടുത്തണം. ഈ ലക്ഷ്യത്തോടെയാണ് സുഭിക്ഷകേരളം പദ്ധതി ആവിഷ്കരിച്ചത്. തരിശുനിലങ്ങളിൽ പൂർണമായി കൃഷിയിറക്കാനുള്ള പരിപാടിയും സുഭിക്ഷകേരളത്തിന്റെ ഭാഗമാണ്. ജനങ്ങൾ ഒന്നിച്ചുനിന്നാൽ ഈ പ്രതിസന്ധിയും നമുക്ക് അതിജീവിക്കാൻ കഴിയും. പുതിയൊരു കേരളം സൃഷ്ടിക്കാൻ കഴിയും. ജനങ്ങൾ കൂടെയുള്ളതുകൊണ്ട് സർക്കാരിന് ആത്മവിശ്വാസമുണ്ട്.



കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512493, 2512667, 2512353; ഇ-മെയിൽ : kladrd@gmail.com വെബ്സൈറ്റ് : www.niyamasabha.org